# ഗുരുനാഥൻ.

പുസ്തകം 9 { 1105 മേടം } ലക്കം 9


## നവലോകം.


(ആർ. ഈശ്വരപിള്ള ബി. എ.)


"ജീർണ്ണവസ്ത്രങ്ങളുപേക്ഷിച്ചുദേഹികൾ
പൂർണ്ണമോദം നവവസ്ത്രങ്ങൾകൊള്ളുന്നു."

ഇതുപോലെയാണ് ഇന്നത്തെ ലോകസ്ഥിതി. പുരാതനങ്ങളും ജരാജീർണ്ണങ്ങളുമായ ആചാരങ്ങളും മാമൂലുകളും, നിശ്ചലമായ യാഥാസ്ഥിതികത്വവും, അപരിഷ്കൃതലോകത്തിനു സഹജങ്ങളായ അഭിപ്രായങ്ങളും ആദർശങ്ങളും, അടിസ്ഥാനരഹിതങ്ങളായ വിശ്വാസങ്ങളും, അജ്ഞാനജന്യങ്ങളായ തെററിദ്ധാരണകളും, ശാസ്ത്രവിരുദ്ധങ്ങളായ അബദ്ധബോധങ്ങളും, സ്വാത്മത്തെ അടിസ്ഥാനമാക്കി സൃഷ്ടിച്ചിട്ടുള്ള നിയമങ്ങളും, കൃത്രിമങ്ങളായ സമുദായസീമകളും, അസമത്വങ്ങളും, ഇവയും ഇവയെപ്പോലെ മററു പലതും ലോകത്തിൽ ഇന്നു പ്രസരിക്കുന്ന സർവ്വതോമുഖമായ നവത്വത്തിൻെറ തീക്ഷ്ണശക്തിയാൽ ഓരോന്നായി ധ്വംസിക്കപ്പെട്ടു വരികയാണ്. വല്ല കോണംകോണമൂലയിലൊ മററൊ അതുകളുടെ വല്ല അവശിഷ്ടങ്ങളും കിടപ്പുണ്ടെങ്കിൽ അവയ്ക്കും നവത്വത്തിൻെറ സമ്മാർജ്ജനിയിൽ നിന്ന് ഇനി രക്ഷയുണ്ടെന്നു വിചാരിക്കുവാൻ തരമില്ല. എന്നാൽ "യാഥാസ്ഥിതികത്വം" അത്ര എളുപ്പത്തിൽ ജീവനെ പരിത്യജിക്കുന്ന ഒരു സത്വമല്ല. അത് വല്ല സ്മൃതിയുടേയൊ വേദവാക്യത്തിൻെറയൊ ദുർവ്യാഖ്യാനത്തിൻെറയൊ പിറകിൽ മറഞ്ഞുനിന്നുംകൊണ്ടു യുദ്ധം ചെയ്യുന്നില്ലെന്നും ഇല്ല. എന്നാൽ ഈ നില ഇനി ദീർഘകാലം നില്ക്കുമെന്ന് തോന്നുന്നില്ല.

ശാസ്ത്രീയവും രാഷ്ട്രീയവും, ഗാർഹികവും, സാമുദായികവും, വ്യാവസായികവും കാർഷികവും, വിദ്യാഭ്യാസപരവുമായ വിഷയങ്ങളിലും മററും ലോകം പഴയ ക്ലുണ്ഡകളെ നിശ്ശേഷം പരിത്യജിച്ചു പല നവീനപ്രസ്ഥാന

ങ്ങൾ ആരാധിച്ചും അവലംബിച്ചും പ്രവർത്തിച്ചു പോരികയാണ്. ആത്മീയവും ലൌകികവുമായ വിഷയത്തിലും ആദർശങ്ങൾ ഏറെക്കുറെ മാറിയും ഏറിയും വരുന്നുണ്ട്. എവിടെ നോക്കിയാലും മനുഷ്യർക്ക് ഇന്നു നവത്വത്തിൽ നീതീകരിക്കത്തക്കതൊ, അല്ലാത്തതൊ ആയ ഒരു ഭ്രമം വന്നുകൂടിയിട്ടുണ്ടെന്നു കാണാവുന്നതാണ്.

രാജ്യങ്ങളെല്ലാമിന്ന് പാരമ്പര്യരീത്യായുള്ള രാജകീയഭരണത്തെ ഉപേക്ഷിച്ചു നവീനമായ ജനാധിപത്യത്തിലേക്ക പ്രവണങ്ങളായിരിക്കയാണ്. രാജാക്കന്മാരുള്ള രാജ്യങ്ങളുണ്ടെങ്കിൽ അവയിൽ ജനാധിപത്യത്തിനായി സദാ ആഭ്യന്തരകലഹങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പരാധീനതയിൽ വർത്തിക്കുന്ന രാജ്യങ്ങൾ ഒക്കെയും സ്വാതന്ത്ര്യോന്മുഖങ്ങളായി പ്രവർത്തിച്ചുവരികയാണ്. ഭാരതം തന്നെ നോക്കുക. ഇവിടെ സ്വരാജ്യത്തിനു വേണ്ടി നിരായുധസമരം തുടങ്ങിക്കൊണ്ടിരിക്കയാണല്ലൊ. ഇതാ ഒരു ശുഭദർക്കമായ ഭാവി ആസന്നമായിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ചിലതിൽ ഇതിനായി സായുധസമരം തന്നെയാണു നടക്കുന്നതു, പ്രജകൾക്ക് രാജഭക്തിയുള്ള ദിക്കിൽ ഭരണനിർവ്വഹണസഭകൾ വേണമെന്ന് ആവശ്യപ്പെടുന്നു. പ്രാതിനിധ്യസഭകൾ വർദ്ധിപ്പിക്കുന്നതിനു ശ്രമം ചെയ്തുവരുന്നു. ഉദ്യോഗങ്ങളും പ്രതിനിധിസഭകളിലെ അംഗിത്വവും വർഗ്ഗത്തെയൊ സമുദായത്തേയൊ അടിസ്ഥാനമാക്കി വേണ്ടതാണെന്നു ശഠിക്കുന്നു. ഒരു രാജ്യത്തിനു മറെറാരു രാജ്യത്തെ അടിമപ്പെടുത്തുന്നതിന് അധികാരമില്ലെന്നുള്ള വിശാലതത്വം പ്രബലപ്പെട്ടുവരുന്നു. പണ്ടെയ്ക്കു പണ്ടെയുള്ള സ്വേച്ഛാപ്രഭുത്വത്തിന് ഇനി ഒരിടത്തും നിലയില്ല. ജനഹിതമാണ് ഭരണകർത്താക്കന്മാർ അനുവർത്തിക്കേണ്ട പ്രഥമവും പ്രധാനവുമായ നയം എന്നുള്ള തത്വം ഇന്നു എല്ലാ ദിക്കിലും സുസ്ഥാപിതമായിത്തീർന്നിട്ടുണ്ട്. നമ്മുടെ ചെറിയ രാജ്യമായ തിരുവിതാംകൂറിലും ഭരണനിർവ്വഹണസഭ വേണമെന്നുള്ള അഭിപ്രായം ബലമായി പുറപ്പെട്ടുവിച്ചു കാണുന്നുണ്ട്. കൊച്ചിയിലും ഇങ്ങിനെ ഇല്ലെന്നില്ല. ജനങ്ങൾക്ക പൂർവ്വാധികം പൌരകൃത്യബോധവും ഉണ്ടായി വരുന്നുണ്ട്. ഏതായാലും രാഷ്ട്രീയവിഷയത്തിൽ പലപല നവത്വങ്ങളും ഇപ്പോൾ ഉത്ഭവിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാഷ്ട്രീയാദർശം ആപാദചൂഡം മാറിയിരിക്കുന്നു. ലോകത്തിലിനി യുദ്ധം കൂടാതെ കഴിക്കുന്നതിനും വേണ്ട മാർഗ്ഗങ്ങൾ ആലോചനാവിഷയമായി ഭവിച്ചിരിക്കുന്നു.

ശാസ്ത്രീയവിഷയത്തിലാണെങ്കിൽ നമുക്ക് അജ്ഞാതപൂർവ്വങ്ങളും അനനുഭവസിദ്ധങ്ങളുമായ പല ശക്തികളേയും പദാർത്ഥങ്ങളേയും ഇന്നു ശാസ്ത്രവിദഗ്ദ്ധന്മാർ കണ്ടുപിടിച്ചു സ്വാധീനപ്പെടുത്തിവരുന്നുണ്ട്. വ്യോമയാനം, നിരുപാധികവൈദ്യുതസന്ദേശം ഇവ നവസൃഷ്ടികളല്ലയൊ.? പ്ര

കൃതിയിൽ നിക്ഷിപ്തങ്ങളായിരിക്കുന്ന അനേകരഹസ്യങ്ങളെ വെളിപ്പെടുത്തുകയും അവയെ കാൎയ്യസിദ്ധിക്കായി ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു. ആകാശത്തിന്റെ നോക്കെത്താത്തതും അഖണ്ഡവുമായ അഗാധഭാഗങ്ങളിൽ മറഞ്ഞുനില്ക്കുന്ന സംഖ്യാതീതങ്ങളായ താരാഗണങ്ങളെ ചാക്ഷുഷയന്ത്രദ്വാരാ ഓരോന്നായി കണ്ടുപിടിച്ചു വരികയും സർവഗോളങ്ങളുടേയും സ്ഥിതിഗതികളെ രേഖപ്പെടുത്തുകയും ചെയ്തുവരുന്നുണ്ടു്. ജ്യോതിശ്ശാസ്ത്രത്തിന്റെ ജന്മഭൂമിയായ ഭാരതം ഈ വിഷയത്തിൽ ഇന്നു് പരിശ്രമിക്കാതിരിക്കുന്നതു് ഏററവും ശോചനീയമാണല്ലൊ. ഭൂഗൎഭത്തിൽ നിർല്ലീനങ്ങളായ പല വസ്തുക്കളേയും കണ്ടുപിടിച്ചു മനുഷ്യോപയുക്തങ്ങളാക്കിവരുന്നു. റേഡിയം, ഹീലിയം എന്നുതുടങ്ങിയ അനതിശനീയശക്തിയോടുകൂടിയ രണ്ടു പദാൎത്ഥങ്ങൾ നമുക്കു പാശ്ചാത്യശാസ്ത്രജ്ഞന്മാർ അനുഗ്രഹരൂപേണ നൽകിയിരിക്കുന്നു. ഇവ പല രോഗങ്ങൾക്കും ഉപശാന്തികാരണമായി ഭവിച്ചിട്ടുണ്ടു്. ഭാരതത്തിലും ഇപ്രകാരം ഒരാളെങ്കിലും ഉണ്ടെന്നു നമുക്കു് സമാധാനപ്പെടാം. "ജഗദീശചന്ദ്രഭാസൻ" ചെടികൾക്കും മററു ജഡങ്ങളായ വസ്തുക്കൾക്കും ജീവചൈതന്യം ഉണ്ടെന്നുള്ളതു് പരീക്ഷണംകൊണ്ടു സ്ഥാപിച്ചിട്ടുണ്ടു്. എന്നാൽ പാശ്ചാത്യശാസ്ത്രജ്ഞന്മാരെപ്പോലെ ഈ വിഷയത്തിൽ നിരന്തരപരിശ്രമം ചെയ്തുവരുന്നവർ നമുടെ ഇടയിൽ ആരാണുള്ളതു്? ഭൂമിയുടെ അന്തൎഭാഗത്തിലുള്ള പാറയടുക്കുകളെ പരിശോധിച്ചു് അവയിൽനിന്നും ഭൂമിയുടെ വയസ്സു നിൎണ്ണയിക്കുകയും പാറകളുടെ ഉള്ളിൽ കാണുന്ന ജന്തുക്കളുടെ അവശിഷ്ടങ്ങളിൽ നിന്നും ഓരോ യുഗത്തിലും ഭൂമിയിലുണ്ടായിട്ടുള്ള ജീവകോടിയെ നിൎണ്ണയിക്കുകയും ചെയ്തുവരുന്നു. മനുഷ്യന്നു് ഇന്നോളം ദുഷ്പ്രാപ്യമായിരുന്ന ഉത്തരധ്രുവപ്രദേശങ്ങളെ – പല ദുർഘടഘട്ടങ്ങളെ തരണംചെയ്തും, ധനനഷ്ടവും ജീവനഷ്ടവും സഹിച്ചും – ഏറെക്കുറെ കണ്ടുപിടിച്ചുകഴിഞ്ഞിരിക്കുന്നു. വൈദ്യശാസ്ത്രത്തിൽ പാശ്ചാത്യവൈദ്യന്മാർ ചെയ്തുവരുന്ന പരിശ്രമങ്ങളുടെ ഫലം അത്ഭുതകരമാണു്. ഇതിലേക്കു് ഒരു ദൃഷ്ടാന്തമായി "എക്സ്റെ" തന്നെ നോക്കുക. ശരീരത്തിന്റെ ഉള്ളിലുള്ള സകല ഭാഗങ്ങളേയും "എക്സ്റെ" പ്രയോഗം കൊണ്ടു് പ്രത്യക്ഷമായി കണ്ടു ചികിത്സിക്കപ്പെട്ടുവരുന്നു. നൂതനങ്ങളായ പല ശസ്ത്രപ്രതിക്രിയാമാൎഗ്ഗങ്ങളും ഔഷധങ്ങളും കണ്ടുപിടിച്ചു് മനുഷ്യവർഗ്ഗത്തിന്റെ എത്രയോ അസുഖങ്ങൾക്കു് ശമനം നൽകിവരുന്നു. പണ്ടാരൊ ശ്രമവും സമയവും ബുദ്ധിശക്തിയും വ്യയംചെയ്തു നിൎമ്മിച്ച നിലയിൽ തന്നെ കിടന്നിരുന്ന ആയുർവേദമെന്ന വിശിഷ്ടഭാരതീയചികിത്സാശാസ്ത്രവും ഇപ്പോൾ അല്പമായിട്ടെങ്കിലും പലരും സശ്രദ്ധം പഠിക്കയും കാലോചിതമായി പരിഷ്കരിക്കയും ഫലവത്തായി പ്രയോഗിക്കയും ചെയ്തുവരുന്നുണ്ടു്. വ്യവസായങ്ങളും പ്രതിദിനം നവംനവങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കയാണു്. ദൈ.പ

സൃഷ്ടിയെല്ലാം മനുഷ്യസൃഷ്ടിയാക്കി മാററുന്നു. പ്രകൃതിയിലുള്ള അസംസ്കൃതപദാൎത്ഥങ്ങളും ജന്തുക്കളുടെ ചൎമ്മരോമാസ്ഥികളും ഒന്നൊഴിയാതെ രൂപാന്തരപ്പെടുത്തി മനുഷ്യനു ഭോജ്യമൊ, പേയമൊ, വസ്ത്രമൊ, ഭൂഷണമൊ, ഔഷധമൊ, ആയുധമൊ, ഒരുവിധമല്ലെങ്കിൽ മറെറാരുവിധം ഉപയോഗയോഗ്യങ്ങളാക്കി ചെയ്തുവരുന്നു. ഈ വഴിക്ക് രാജ്യങ്ങൾക്കും സമുദായങ്ങൾക്കും ധനപുഷ്ടിയും കൂടി വരുന്നുണ്ട്. ഇതേവരെ കീഴ്നടപ്പിനേയും മാമൂലിനേയും മാത്രം അടിസ്ഥാനപ്പെടുത്തി നടത്തിവന്ന കൃഷി ഇന്നു ശാസ്ത്രനിൎദ്ദിഷ്ടമാൎഗ്ഗത്തിൽ കൂടി നടത്തിവരുന്നു. സമുദായങ്ങളുടെ സ്വാഭാവികമായ വളൎച്ചയ്ക്കു പ്രതിബന്ധങ്ങളായിരുന്ന അനേകം അനാചാരങ്ങളേയും അസമത്വങ്ങളേയും കൃത്രിമസീമകളേയും അസ്വാതന്ത്ര്യത്തേയും ഓരോന്നായി ധ്വംസിച്ചുതുടങ്ങിയിരിക്കുന്നു. ഇന്നു ജനങ്ങളെ വ്യത്യാസപ്പെടുത്തുന്ന ശക്തി വല്ലതുമുണ്ടെങ്കിൽ അതു വിദ്യാഭ്യാസത്തിൻെറ ഏററക്കുറച്ചിൽ തന്നെയാണ്. സമനിലയാണ് ഇന്നു എല്ലാ സമുദായങ്ങളുടേയും ആദൎശം. സാമുദായികദോഷങ്ങളെ പരിഹരിക്കുന്നതിനു ജനങ്ങൾ വൈമനസ്യം പ്രദൎശിപ്പിക്കുന്ന അവസരത്തിൽ ഗവൎമ്മെൻറും പതുക്കെ പ്രവേശിക്കുന്നുണ്ട്. ജനനനിയന്ത്രണനിയമവും ശൈശവവിവാഹനിരോധന നിയമവും ഇതിനു ദൃഷ്ടാന്തങ്ങളാണ്. ഗൃഹജീവിതത്തെ സംബന്ധിച്ചുള്ള ആദൎശങ്ങളും മാറീട്ടുണ്ട്. ഒരിക്കൽ നിൎബ്ബന്ധിതമായിരുന്ന വിവാഹബന്ധം, ഇന്ന് മിക്കവാറും ഐച്ഛികമായിട്ടാണിരിക്കുന്നതു്. വിവാഹമോചനവിഷയത്തിലും ധാരാളം സ്വാതന്ത്ര്യം ഉണ്ട്. ആരോഗ്യം ശുചിത്വം മുതലായവയെപ്പററിയും ഗൃഹങ്ങളിൽ പൂൎവ്വാധികം നിഷ്കൎഷയുണ്ട്. വിദ്യാഭ്യാസത്തിൽ പ്രതിദിനമെന്നപോലെ നവത്വം സംഭവിച്ചുകൊണ്ടിരിക്കുന്നു. സാഹിത്യമാണെങ്കിൽ പൂൎവ്വസൂരികൾ സഞ്ചരിക്കാത്ത പന്ഥാക്കളിൽ കൂടിയും അവർ നിൎദ്ദേശിക്കാത്ത രൂപങ്ങൾ അവലംബിച്ചും നൂതനധാരങ്ങൾ തുറന്നും ശാഖോപശാഖയായി പ്രസരിച്ചുവരുന്നു. ഇങ്ങിനെ ഇന്നത്തെ നവലോകത്തെപ്പററി പറയുകയാണെങ്കിൽ ഒട്ടധികം ഉണ്ടാകും. വിസ്തരഭയം കൊണ്ട് അതിനിപ്പോൾ തുനിയുന്നില്ല. ചുരുക്കിപ്പറയുകയാണെങ്കിൽ ഇന്നു ലോകത്തിൽ അസ്തംബബ്രഹ്മപൎയ്യന്തം എല്ലാം പുതുമ തന്നെയാണ്. ഇനി നമ്മുടെ കേരളത്തെ നോക്കാം. ഇവിടെയും ഒരു നവകേരളം പ്രത്യക്ഷമായി കാണാം. ഭാരതത്തെ അപേക്ഷിച്ചു കേരളം എല്ലാംകൊണ്ടും നവം തന്നെയാണ്. ആ നവത്വത്തോടുകൂടി ഇന്നത്തെ ലോകസാധാരണമായ നവത്വം കൂടിച്ചേൎന്നപ്പോൾ കേരളം സവിശേഷം നവമായിത്തീൎന്നിട്ടുണ്ട്. നായന്മാർ, നമ്പൂതിരിമാർ, ക്രൈസ്തവർ, മഹമ്മദീയർ, ഈഴവർ മുതലായ സമുദായങ്ങൾ ഓരോ കാലത്ത് അവരവരുടെ വിശേഷമായ സമുദായാചാരങ്ങളോടുകൂടി വന്ന് കേരളത്തിൻെറ ആദ്യ

ത്തെ നവത്വത്തെ അവിച്ഛിന്നമായി സംരക്ഷിച്ചുവന്നു. പുതിയ പരിഷ്കാരം വന്നപ്പോൾ അതിനേയും കേരളം വിവൃതഹസ്തത്തോടുകൂടി ആശ്ലേഷിച്ച് സൽക്കരിച്ചു. ഇന്നത്തെ സ്ഥിതിയെന്താണ്? സമുദായങ്ങളെല്ലാം ഉണർന്നു പ്രവർത്തിച്ചുതുടങ്ങി. കേരളത്തിലേപ്പോലെ ഇത്രയും വിവിധവർഗ്ഗക്കാർ മറെറങ്ങും ഉണ്ടെന്നു തോന്നുന്നില്ല. നമ്പൂരിമാരുടെ യോഗക്ഷേമസഭ, നായർ സമാജം, ഈഴവരുടെ എസ്സ് എൻ. ഡി. പി. യോഗം, ക്രൈസ്തവരുടെ വിവിധവിഭാഗസംഘങ്ങൾ, ഇസ്ലാംസംഘങ്ങൾ, വെള്ളാളസമാജം, വിശ്വകർമ്മസമാജം, വെളക്കത്തലനായർസമാജം, വെളുത്തേടത്തുനായർസമാജം, വിശ്വബ്രഹ്മസമാജം, ഗണികസമാജം, വാലസമാജം, അരയസമാജം, പട്ടാര്യസമാജം, കുറവസമാജം, പുലയസമാജം, മുതലായവയും പരദേശബ്രാഹ്മണർ, കൊങ്ങിണികൾ, ചെട്ടികൾ ഇങ്ങനെ മററനേകസമുദായങ്ങളും ഇന്നു കേരളത്തിന്റെ നവീകരണവിഷയത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തേപ്പോലെ ഇത്ര വിസ്താരംകുറഞ്ഞ ഒരു ദേശത്തു് ഇത്ര വളരെ സമുദായങ്ങൾ ഇതേവരെ അന്യോന്യം ഹിംസിക്കാതെ വർത്തിച്ചതു് ഒരു അത്ഭുതംതന്നെയാണ്. പരിഷ്കാരത്തിന്റെ അഭാവമാണ് ഇതിനുള്ള പ്രധാനകാരണം. ഇന്നത്തെ സ്ഥിതി വളരെ വ്യത്യാസപ്പെട്ടിട്ടുണ്ടെന്നുവേണം പറവാൻ. ഓരോ സമുദായങ്ങളും അവരവരുടെ അഭ്യുന്നതിക്കായി തീവ്രയത്നം തുടങ്ങീട്ടുണ്ട്. ചില സമുദായങ്ങൾ പ്രത്യേകസാമുദായികനിയമങ്ങൾ സമ്പാദിച്ചുകഴിഞ്ഞു. ചിലവ അതിന്നായി ഉത്സാഹിച്ചും വരുന്നു. എല്ലാ സമുദായങ്ങളും സ്വയമേവ പല അനാചാരങ്ങളെ ധ്വംസിക്കയും അററുള്ള അവശതകളെ പരിഹരിക്കാൻ പരികരംബന്ധിച്ചു പുറപ്പെടുകയും ചെയ്തിരിക്കുന്നു. ഉദ്യോഗമാണ് ഇന്നു് സമുദായങ്ങൾ തമ്മിൽ പ്രധാനമായ കലഹബീജമായിത്തീർന്നിരിക്കുന്നതു്. ഇതുകൂടാതെ മററു പല നൂതനപ്രസ്ഥാനങ്ങളും കേരളത്തിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. സാഹിത്യപരിഷത്തു്, കലാമണ്ഡലങ്ങൾ, മഹിളാമന്ദിരം, യുവജനപ്രസ്ഥാനം, വനിതാസംഘങ്ങൾ, നാട്ടുരാജ്യപ്രജാസമിതി, പൌരസമത്വവാദസംഘം, സമുദായം തിരിച്ചും ഒന്നിച്ചുമുള്ള ധനവ്യാപാരശാലകൾ, നായർസേവാസമിതി, നിയമസഭ, പ്രജാസഭ ഇവയൊക്കെയും നവകേരളത്തിന്റെ വിശേഷചിഹ്നങ്ങളാണ്. ഇതുകൂടാതെ പാശ്ചാത്യരീതിയിലുള്ള വസ്ത്രധാരണം, പരദേശരീതിയിലുള്ള വസ്ത്രധാരണം, എങ്ങുമില്ലാത്ത വസ്ത്രധാരണരീതി, പരിഷ്കൃതരീതിയിലും ദ്രവ്യവ്യയഭൂയിഷ്ഠവുമായ ജീവിതരീതി, ചുരുട്ടുവലി, ചായകുടി മുതലായി ആശാസ്യവുമനാശാസ്യവുമായ പല നവത്വങ്ങളും കേരളത്തിൽ സ്ഥാനംപിടിച്ചിട്ടുണ്ട്. ഭാരതത്തിൽവച്ച് ഇന്നു പാശ്ചാത്യപരിഷ്കാരഭ്രമവും അനുകരണവും വർദ്ധിച്ചിരിക്കുന്നതു് കേരളത്തിലാണെന്നാണ് തോന്നുന്നതു്. പാശ്ചാത്യർ ആദ്യമാ

യി ഇവിടെയാണെല്ലൊ വന്നിറങ്ങിയതു്. എല്ലാംകൊണ്ടും നമുക്കിന്നൊരു നവകേരളം സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ നവങ്ങളായവ എല്ലാം നന്മകളായി എന്നു വരികയില്ല. ഒരു വിവേചനശക്തി ഈ വിഷയത്തിൽ ആവശ്യമാണ്. പത്രങ്ങൾ ധാരാളമുണ്ടു്. എന്നാൽ അവ മിയ്ക്കവയും വർഗ്ഗീയപക്ഷത്തെമാത്രം പ്രതിബിംബിക്കുന്നതുകൊണ്ടു് പൊതുക്കാര്യം ഒരുവിധം അശ്രദ്ധിതമായിട്ടാണിരിക്കുന്നതു്. ഒരു വിശാലമായ ലോകാവലോകനദൃഷ്ടി അത്യാവശ്യമാണ്. ലോകത്തിന്റെ പുരോഗതിക്കും സമുദായങ്ങളുടെ ക്ഷേമത്തിനും സന്മാർഗ്ഗരക്ഷക്കും അനുകൂലമല്ലാത്ത ഏതു നവത്വവും സ്പൃഹണീയമായിരിക്കയില്ല. ബാഹ്യങ്ങളായ നവത്വമല്ല നമുക്കിന്നു പ്രധാനമായി ആവശ്യമുള്ളതു്. അതു് എളുപ്പം സാധിക്കുന്നതാണ്. ആഭ്യന്തരനവത്വമാണ് അത്യാവശ്യം. ചിന്താനവത്വം, ആദർശനവത്വം, അഭിപ്രായനവത്വം, വിജ്ഞാനനവത്വം, ഉദ്ദേശ്യനവത്വം, ആശയനവത്വം, കൃത്യബോധനവത്വം, അഭിരുചിനവത്വം, സംസ്കാരനവത്വം മുതലായവ സമ്പാദിച്ചാൽ അവയ്ക്കനുസരണമായ ബാഹ്യനവത്വവും സ്വയമേവ വന്നുചേരുന്നതാണ്. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസം ഇതിനു പര്യാപ്തമാകുന്നില്ല. നമ്മുടെ സമുദായമത്സരം ഇതിനു അവസരം നൽകുന്നില്ല. നമ്മുടെ അനുകരണബുദ്ധി ഇതിനു പ്രതിബന്ധമായിട്ടാണിരിക്കുന്നതു്. നമ്മുടെ പരിതസ്ഥിതികൾ ഇതിനൊട്ടും അനുകൂലങ്ങളല്ല. നമ്മുടെ ഔദാസീന്യം ഇതിനുതടസ്ഥമാകുന്നു. നമ്മുടെ സ്വാർത്ഥത ഇതിനു ബാധകമായി ഭവിച്ചിരിക്കുന്നു. ഈ ന്യൂനതകളെ എല്ലാം പരിഹരിക്കുന്നതിനും യഥാർത്ഥ നവത്വത്തെ ചൂണ്ടിക്കാണിക്കുന്നതിനും നാമമാത്രനവത്വത്തെ ദൂരീകരിക്കുന്നതിനും സമുദായങ്ങൾ തമ്മിൽ മൈത്രീഭാവം വർദ്ധിപ്പിക്കുന്നതിനും മത്സരം കുറയ്ക്കുന്നതിനും അഭ്യുന്നതിക്കുതകുന്ന പ്രവൃത്തിമാർഗ്ഗം നിർദ്ദേശിക്കുന്നതിനും ഐക്യം വർദ്ധിപ്പിക്കുന്നതിനും കേരളത്തിനു ആകെ നവത്വം വരുത്തുന്നതിനും നമ്മുടെ ചിന്തകന്മാരും, പത്രങ്ങളും, നേതാക്കന്മാരും ഉത്സാഹിക്കയും ശ്രമിക്കയും ഒടുവിൽ ജയിക്കയും ചെയ്യുമെന്നു് വിശ്വസിക്കുന്നു.

## സംസ്കാരം.

(തുടർച്ച)

(വിദ്വാൻ സി. എസ്സ്. നായർ)

സംസ്കാരത്തിന്റെ മുഖ്യമായ മറെറാരടിസ്ഥാനമാണ് കർമ്മം. ഹിന്ദുമതപ്രകാരം, പൂർവകർമ്മമെന്നും, വർത്തമാനകർമ്മമെന്നും കർമ്മം രണ്ടു

വിധത്തിലുണ്ട്. പൂർവ്വജന്മത്തിൽ ചെയ്ത കർമ്മത്തിന്റെയും, ഏതജ്ജന്മത്തിൽ ചെയ്യുന്ന കർമ്മത്തിന്റേയും ഫലങ്ങൾ പരോക്ഷമായും പ്രത്യക്ഷമായും നമ്മളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നാണ് പുനർജ്ജന്മവാദിയായ ഹിന്ദുമതം പറയുന്നത്. ഓരോരോ മനുഷ്യരിൽ ജന്മനാതന്നെ ഓരോരൊ വിശേഷധർമ്മങ്ങളും, പ്രത്യേകസ്ഥിതികളും ഉണ്ടായിക്കാണുന്നതുകൊണ്ട്, അവയുടെ ആഗമം എങ്ങിനെ എന്ന് അന്വേഷിച്ചറിയുവാൻ നമ്മൾ ശ്രമംചെയ്യുന്നു. പാരമ്പര്യാദികളായ കാരണങ്ങൾ ഇല്ലാതെയുള്ള ലക്ഷ്യങ്ങളിൽ, അങ്ങിനെയുള്ള പ്രത്യേകധർമ്മങ്ങൾക്കു കാരണാന്തരം തേടുമ്പോഴാണ് നാം പൂർവ്വജന്മകർമ്മത്തിന്റെ അടുത്തുചെന്നു മുട്ടുന്നത്. മുൻജന്മത്തിൽ ചെയ്ത കർമ്മങ്ങളുടെ സമവായത്തിൽ നിന്നു അവയുടെ ഫലരൂപത്തിലുള്ള ചില പ്രത്യേകഭാവങ്ങൾ ഇജ്ജന്മത്തിൽ സഹജങ്ങളായുണ്ടാകുന്നുണ്ടെന്ന് നമുക്കപ്പോൾ കണ്ടെത്തുവാൻ കഴിയുന്നതാണ്. കഴിഞ്ഞ ജന്മത്തിൽ ചെയ്ത കർമ്മങ്ങളുടെ പരിണാമഫലമായി ഈ ജന്മത്തിൽ ഉണ്ടാകുന്ന ഗുണത്തെ പൂർവകർമ്മവാസന എന്നു പറയുന്നു. ഈ പൂർവകർമ്മവാസന പാരമ്പര്യവാസനയേക്കാൾ അധികം ശക്തിയോടുകൂടി വ്യാപരിക്കുന്നുണ്ട്.

ഇജ്ജന്മത്തിൽ ചെയ്യുന്ന കർമ്മങ്ങളുടേയും സൂക്ഷ്മരൂപമായ ഒരു സാരാംശം നമ്മുടെ ആത്മാവിൽ ചെന്നുചേരുന്നുണ്ട്. പഠിക്കുക എന്ന കർമ്മത്തിന്റെ സൂക്ഷ്മരൂപമായ സാരാംശമാണ് ഫലരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന അറിവ്. അങ്ങിനെയുള്ള ആ അറിവ് ആത്മാവിൽ ചെന്നുചേരുമ്പോൾ അതിനുണ്ടാകുന്ന അവസ്ഥാവിശേഷം അല്ലെങ്കിൽ ഗുണവിശേഷം ആണ് ജ്ഞാനം എന്നു പറയപ്പെടുന്നത്. അറിവും ജ്ഞാനവും സാധാരണ നാം ഒരേ അർത്ഥത്തിൽത്തന്നെ ഉപയോഗിക്കാറുണ്ടെങ്കിലും, വീക്ഷിച്ചു നോക്കിയാൽ അറിവും ജ്ഞാനവും ഒന്നല്ലെന്നും അവ രണ്ടും രണ്ടാണെന്നും നമുക്കു കാണ്മാൻ കഴിയുന്നതാണ്. അറിവു ജ്ഞാനത്തിന്റെ അസംസ്കൃതമായ പൂർവ്വരൂപമാണ്; അല്ലെങ്കിൽ ജ്ഞാനം അറിവിന്റെ സംസ്കൃതമായ രൂപാന്തരമാണ്. മണ്ണു മങ്കുടമായി പരിണമിക്കും പോലെ അറിവു ജ്ഞാനമായി പരിണമിക്കുന്നു. ഗ്രന്ഥങ്ങളിൽനിന്നു ഗ്രഹിക്കുന്ന ആശയങ്ങളുടെ സമൂഹമാണ് അറിവ്; പഠനംകൊണ്ടു കൈവശപ്പെടുന്ന ആശയസമൂഹത്തെ മഥനംചെയ്തു ഗ്രഹിക്കുന്ന അവയുടെ സൂക്ഷ്മമായ സാരാശമാണ് ജ്ഞാനം. ഇപ്പറഞ്ഞ ജ്ഞാനമാണ് സംസ്കാരത്തിനു ജീവിതം നല്കുന്നത്; അറിവല്ല. അറിവിനു സംസ്കാരത്തോട് പരമ്പരാസംബന്ധമല്ലാതെ സാക്ഷാൽ സംബന്ധം ഇല്ലതന്നെ. അറിവിനെ ജ്ഞാനമായി രൂപാന്തരപ്പെടുത്തുവാൻ ശക്തിയില്ലാത്തവൎക്ക് ഒരിക്കലും സംസ്കാരം ഉണ്ടാകുന്നതല്ല. പഠിച്ചവൎക്കെല്ലാം അറിവുണ്ടാകാമെങ്കിലും അ

റിവുള്ളവക്കെല്ലാം ജ്ഞാനവും സംസ്കാരവും ഉണ്ടായിക്കൊള്ളണമെന്നില്ല.

ഇത്രയും ഉള്ള പ്രസ്താവത്തിൽനിന്ന്, സംസ്കാരം പാരമ്പയ്യഗുണത്തേയും, സ്വകമ്മസാരാംശത്തേയും അവലംബിച്ചു നിൽക്കുന്നുഎന്ന് വ്യക്തമായ്കഴിഞ്ഞുവല്ലൊ. പാരമ്പയ്യഗുണത്തെ ആശ്രയിച്ചു നില്ക്കുന്ന സംസ്കാരത്തെ പാരമ്പയ്യസംസ്കാരം (Traditional Culture or Hereditary Culture) എന്നും കമ്മഫലത്തെ ആശ്രയിച്ചു നില്ക്കുന്ന സംസ്കാരത്തെ കമ്മസംസ്കാരമെന്നും പറയാമെന്നു മുമ്പേ പറഞ്ഞിട്ടുള്ളതു് ഇവിടെ അനുസന്ധേയമാകുന്നു.

പാരമ്പയ്യത്തേയും പൂവ്ജന്മകമ്മത്തേയും പററിപ്പറയുമ്പോൾ അവയെ നിഷേധിക്കുന്ന വിഷമമായ ഒരു തത്വശാസ്ത്രവാദം നമ്മുടെ ചിന്താസരണിയിൽ വന്നു നില്ക്കുന്നുണ്ട്. ജനിക്കുമ്പോൾ മനുഷ്യൻെറ മനസ്സിൽ അല്ലെങ്കിൽ അന്തഃക്കരണത്തിൽ യാതൊരു ആശയ (പൂവ്ജ്ഞാനം അല്ലെങ്കിൽ A-priori) വും ഇല്ലെന്നും, ജനനത്തിനുശേഷം മനുഷ്യനുണ്ടാകുന്ന (നേരിട്ടുള്ള) അനുഭവത്തിൽനിന്നാണ് എല്ലാ ആശയ (അറിവു) ങ്ങളും ഉണ്ടാകുന്നതെന്നും ജനനത്തിൽ മനുഷ്യൻെറ മനസ്സ് ഒന്നും എഴുതാത്ത ഒഴിഞ്ഞ കടലാസുപോലെ ശൂന്യമായിട്ടുള്ളതാണെന്നും കടലാസിൽ അക്ഷരങ്ങൾ എഴുതിയുണ്ടാക്കുന്നതുപോലെ ശൂന്യമായ മനസ്സിൽ അനുഭവം ആശയങ്ങളെ പുറമെനിന്നുകൊണ്ടുവന്നു പ്രതിഷ്ഠിക്കുകയാണെന്നും ജോൺ ലോക്ക് മുതലായ പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. ഇവർ പറയുംപോലെ ജനിക്കുമ്പോൾ നമ്മുടെ അന്തഃകരണത്തിൽ പൂർവ്വജ്ഞാനം (A priori) എന്നൊ വാസന എന്നൊ പറയുന്ന ഒരു ഭാവം ഇല്ലെന്നുണ്ടെങ്കിൽ പാരമ്പയ്യവാസന എന്നും പൂർവ്വകമ്മവാസന എന്നും പറയപ്പെടുന്ന ഭാവങ്ങൾ ഗഗനപുഷ്പകല്പങ്ങളാവുകയില്ലയൊ എന്ന ചോദ്യം പുറപ്പെടുന്നുണ്ട്. എന്നാൽ, എല്ലാ ആശയ (ജ്ഞാന) ങ്ങളും അനുഭവമാത്രജന്യങ്ങളാണെന്നും, പൂർവ്വജ്ഞാനം അല്ലെങ്കിൽ സഹജജ്ഞാനം എന്നൊന്നില്ലെന്നും ഉള്ള ലോക്ക് മുതൽപേരുടെ വാദത്തെ ഖണ്ഡിച്ചു കാലദേശങ്ങൾ കാൎയ്യകാരണഭാവാദി സംബന്ധങ്ങൾ എന്നിവയെപ്പററി അന്തഃകരണത്തിന് പൂർവ്വജ്ഞാനം ഉണ്ടെന്നു കാൻറു മുതലായ തത്വശാസ്ത്രവിദ്വാന്മാർ സ്ഥാപിച്ചിട്ടുണ്ടെന്നറിയേണ്ടതാണ്. ജീവികളുടെ പരിണാമത്തിനു പരിസരം എന്ന ബാഹ്യോപാധി മാത്രമല്ല കാരണമായിരിക്കുന്നുള്ളു എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ആ സ്ഥിതിക്കു പൂർവ്വജ്ഞാനം, പൂർവ്വവാസന എന്നിവയെ യുക്തികാണിച്ചു ഖണ്ഡിക്കുന്നതു് എങ്ങിനെ സാധ്യമാകും.? അതിനാൽ പാരമ്പയ്യവാസനയും പൂർവ്വകമ്മവാസനയും അനപലപനീയങ്ങളാണെന്നും സംസ്കാരത്തെ സ്വരൂപപ്പെടുത്തുന്നതിൽ അവ

രണ്ടും പ്രാധാന്യത്തോടുകൂടി പങ്കെടുക്കുന്നുണ്ടെന്നും തീർത്തുപറയാം.

സംസ്കാരം വ്യക്തികൾക്കു മാത്രമെ ഉള്ളു എന്നു പറഞ്ഞുകൂടാ; വ്യക്തികൾക്കെന്നപോലെ വ്യക്തിസമൂഹമായ സമുദായത്തിനും, രാഷ്ട്രത്തിനും പ്രത്യേകം സംസ്കാരമുണ്ട്. ഒരു വ്യക്തിയിൽ ആ വ്യക്തിയുടെ പ്രത്യേകധർമ്മത്തിനൊത്ത ഒരു പ്രത്യേകസംസ്കാരവും, അതിനുപുറമെ, ആ വ്യക്തി ഏതൊരു സമുദായ(വർഗ്ഗ)ത്തിലും, രാജ്യ(രാഷ്ട്ര)ത്തിലും ഉൾപ്പെട്ടിരിക്കുന്നുവോ ആ സമുദായത്തിന്റേയും രാജ്യത്തിന്റേയും പ്രത്യേകധർമ്മങ്ങൾക്ക് അനുരൂപമായുള്ള വർഗ്ഗീയസംസ്കാരം, രാഷ്ട്രീയസംസ്കാരം എന്നിവയും കൂടി പ്രകാശിച്ചു കാണുന്നതാണ്. ഒരു ഹിന്തുവിൽ ഹിന്തുസമുദായത്തിന്റെ വർഗ്ഗീയസംസ്കാരവും അവരുടെ വ്യക്തിസംസ്കാരം പോലെ തന്നെ തെളിഞ്ഞുനില്ക്കുന്നുണ്ട്. ഒരു ഭാരതീയനിൽ ഭാരതീയസംസ്കാരവും, ഒരു ഇംഗ്ലീഷുകാരനിൽ ഇംഗ്ലീഷുസംസ്കാരവും, ഒരു കേരളീയനിൽ കേരളീയസംസ്കാരവും രാഷ്ട്രമുദ്രയായി കാണാതെയിരിക്കുന്നതല്ല.

മതവും ആചാരനടപടികളുമാണ് വർഗ്ഗീയസംസ്കാരത്തിലെ മൂലങ്ങൾ. ഒരേ മതം വിശ്വസിക്കയും ഒരേ തരത്തിലുള്ള ആചാരനടപടികളെ അനുസരിക്കയും ചെയ്യുന്ന ജനങ്ങളിൽ സാമാന്യമായി, ഒരേതരത്തിലുള്ള ഒരു വർഗ്ഗീയപ്രകൃതിയും വർഗ്ഗീയസംസ്കാരവും ഉണ്ടായിത്തീരുന്നതാണ്. അതുപോലെതന്നെ ഒരേ ഭരണാധികാരത്തിന്റെ കീഴിൽ വർത്തിക്കുകയും, ഒരേ ഭാഷ സംസാരിക്കുകയും, ഒരേ പരിസരസ്ഥിതികൾക്കിടയിൽ ജീവിക്കുകയും ചെയ്യുന്ന ജനങ്ങൾക്ക് പൊതുവെ, ഒരേവിധത്തിലുള്ള ഒരു രാഷ്ട്രീയസ്വഭാവവും രാഷ്ട്രീയസംസ്കാരവും സംജാതമാകുന്നുണ്ട്. ഭരണസമ്പ്രദായം, ഭാഷ, പരിസരസ്ഥിതി എന്നിവയാണ് രാഷ്ട്രീയസംസ്കാരത്തിന്റെ മൂലോപാധികൾ.

കേരളീയരായ നാം നമ്മുടെ രാഷ്ട്രീയ(ദേശീയ)സംസ്കാരത്തെ സംവർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതു് അത്യാവശ്യമാണ്. ഓരോ വ്യക്തിയും എന്നപോലെ, ഓരോ സമുദായ(വർഗ്ഗ)ക്കാരും, ഓരോ രാജ്യക്കാരും അവരവരുടെ സംസ്കാരത്തേ സമൃദ്ധിപ്പെടുത്തുന്നതു് പൊതുവേ പരിഷ്കാരത്തിന്റെ അഭിവൃദ്ധിക്കുപയോഗപ്പെടുന്നതാണ്. കേരളത്തിലുള്ള നാനാജാതിമതസ്ഥരായ ജനങ്ങളെ ഏകോദ്ദേശ്യത്തോടുകൂടി വർത്തിക്കുന്ന ഒരു ഏകരാഷ്ട്രീയസമുദായ(Nation)മെന്ന നിലയിൽ പരസ്പരം സംബന്ധിപ്പിപ്പിക്കുന്ന കാര്യത്തിൽ പ്രയോഗക്ഷമമായിത്തീരുന്നതും, ജാതിമതാദിഭേദം കൂടാതെ സർവരേയും സാമാന്യേന സംബന്ധിക്കുന്നതുമായ എന്തെങ്കിലും ഒരു ഉപാധിയുണ്ടെങ്കിൽ അതു് സംസ്കാരംമാത്രമാകുന്നു. കേരളദേശം ഭിന്നങ്ങളായ മൂന്നു ഭരണാധികാരികളുടെ കീഴിൽപ്പെട്ടു് ഭരണകാര്യത്തിൽ ഭിന്നിച്ചുപോയിരിക്കുന്നതിനാൽ, കേരളീയരു രാജ്യതന്ത്രവിഷയകമായ ഒ

രു ഐക്യബന്ധം ഉണ്ടാക്കിത്തീർക്കുവാൻ ഒരിക്കലും സാധിക്കുന്നതല്ല. ജാതിമതങ്ങളുടെ വൈവിധ്യം നിമിത്തം, ആചാരവിശ്വാസങ്ങളുടെ ഐകരൂപ്യത്താലുണ്ടാകുന്ന ആശയൈക്യത്തെ അവലംബിച്ചു നില്ക്കുന്ന വർഗ്ഗീയമായ ഐക്യബന്ധവും അവർക്കുണ്ടാകുവാൻ നിവൃത്തിയില്ല. ഒരേതരത്തിലുള്ള ഭൂപ്രകൃതിയുടെ പരിസരത്തിൽ ജീവിക്കുന്നവരെന്നും, ഒരേ ഭാഷ സംസാരിക്കുന്നവരെന്നും, ഒരേ കലാവിദ്യകളോടു കൂടിയവരെന്നും ഉള്ള നിലയിൽ അവർക്കു സ്വദേശാഭിമാനം കൊണ്ടും സംസ്കാരംകൊണ്ടും മാത്രമെ പിന്നെ ഒരു ഐക്യബന്ധം ഉണ്ടാക്കിത്തീർക്കുവാൻ സാധിക്കുകയുള്ളൂ. കേരളദേശത്തിന്റെ അസാധാരണമായ ഭൂസന്നിവേശഭംഗി, പ്രകൃതിസൌന്ദര്യവിലാസം, പ്രകൃതിവിഭവസമൃദ്ധി മുതലായ ധർമ്മങ്ങളെപ്പററി സകല കേരളീയർക്കും സവിശേഷമായ ഒരു അഭിമാനവും ആസ്വാദനബുദ്ധിയും ഉണ്ടാക്കിത്തീർക്കുന്നതു സ്വരാജ്യസ്നേഹം ജ്വലിച്ചുയരുന്നതിനും സംസ്കാരം അഭിവൃദ്ധിപ്പെടുന്നതിനും അത്യന്താപേക്ഷിതമായിട്ടുള്ളതാണ്, സ്വദേശാഭിമാനംപോലെ സ്വഭാഷാഭിമാനവും ജനങ്ങളുടെ ഐക്യബന്ധത്തെ ദൃഢീകരിക്കുവാനും, സംസ്കാരത്തെ പരിപോഷിപ്പിക്കുവാനും ഉപയോഗപ്പെടുന്നുണ്ട്. സ്വഭാഷാഭിമാനം വർദ്ധിച്ചുവരുന്തോറും ആശയപ്രകാശനത്തിനു നിവൃത്തിയുള്ളേടത്തോളം അന്യഭാഷകളെ വിട്ടു സ്വഭാഷയെത്തന്നെ ജനങ്ങൾ ഉപയോഗിക്കുന്നതും, ഗ്രന്ഥനിർമ്മാണം, പദസംഖ്യാവർദ്ധനവു് മുതലായ മാർഗ്ഗങ്ങളാൽ സ്വഭാഷയെ പോഷിപ്പിക്കുവാൻ ശ്രമിക്കുന്നതുമാകുന്നു. ഭാഷയുടെ പുഷ്ടിയും, സാഹിത്യത്തിനു വൃദ്ധിയും വരുന്നിടത്തോളം സംസ്കാരത്തിനും അഭിവൃദ്ധി ഉണ്ടാകുന്നതാണ്. സംസ്കാരത്തിന്റെ അഭിവൃദ്ധിക്കു സാഹിത്യത്തിന്റെ അഭിവൃദ്ധി എന്നപോലെ സംഗീതാദികളായ മററു കലാവിദ്യകളുടെ അഭിവൃദ്ധിയും അത്യാവശ്യമായിട്ടുള്ളതാണ്. സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, ശില്പവിദ്യ, വ്യവസായവിദ്യ തുടങ്ങിയ കലാവിദ്യകളിൽ ജനങ്ങൾക്കു പൊതുവെ അഭിരുചിയും പ്രവൃത്തിയും ഉണ്ടായിത്തീരുമ്പോഴാണ് അവരുടെ സംസ്കാരത്തിനു വളർച്ചയും ഉയർച്ചയും ഉണ്ടാകുന്നതു്. ഒരു രാജ്യത്തിന്റെ ദേശീയസംസ്കാരം ആ രാജ്യത്തെ ഭാഷയെയും കലാവിദ്യകളെയും ആശ്രയിച്ചാണിരിക്കുന്നതെങ്കിൽ, ഭാഷാഭിവൃദ്ധിയും കലാഭിവൃദ്ധിയും സംസ്കാരാഭിവൃദ്ധിക്കു് എത്രത്തോളം അത്യാവശ്യങ്ങളാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല.

ഭാഷാഭിവൃദ്ധി, കലാഭിവൃദ്ധി, സംസ്കാരാഭിവൃദ്ധി എന്നിവയെപ്പററി വിചിന്തനം ചെയ്യുമ്പോൾ വിദ്യാഭ്യാസത്തിന്റെ കാര്യമാണ് എല്ലാററിലും മുമ്പെ വന്നുനില്ക്കുന്നതു്. വിദ്യാഭ്യാസപദ്ധതിയുടെ സ്വഭാവംപോലെയാണ് ഭാഷയുടേയും കലകളുടേയും സംസ്കാരത്തിന്റേയും വളർച്ചയുടെ സ്വഭാവമിരിക്കുന്നതു്. ശരിയായ ദേശാഭിമാനവും ഭാഷാഭിമാനവും ജനി

ഷ്ടിക്കുന്ന ഒരു ദേശീയവിദ്യാഭ്യാസപദ്ധതിയിൽക്കൂടെയാണ് നാം ഭാഷാപോഷണത്തിനും കലാപോഷണത്തിനും സംസ്കാരപോഷണത്തിനും ഒക്കെ ശ്രമംചെയ്യേണ്ടതു്. വിദ്യാൎത്ഥികൾക്കു സ്വദേശത്തിന്റേയും സ്വഭാഷയുടേയും പേരിൽ സ്നേഹാഭിമാനങ്ങൾ ഉണ്ടാക്കിത്തീൎക്കുന്നതും, സ്വഭാഷവഴിയായി വിഷയപ്രബോധനം ചെയ്യുന്നതും, സ്വദേശീയകലകളിൽ പരിശീലനം നല്കുന്നതും, നവീനാശയങ്ങളെ പ്രദാനംചെയ്യുന്നതുമായ ഒരു ദേശീയവിദ്യാഭ്യാസപദ്ധതി ഏൎപ്പെടുത്തുകയാണ് എല്ലാററിലും മുമ്പെ വേണ്ടതു്. ഒരു കേരളസൎവ്വകലാശാല ഉണ്ടെങ്കിൽ മാത്രമെ ഇങ്ങിനെയുള്ള ഒരു വിദ്യാഭ്യാസപദ്ധതി വെട്ടിത്തുറക്കുവാൻ സാധിക്കുകയുള്ളു. ഭരണാധികാരഭിന്നത എന്ന പ്രതിബന്ധം എത്രതന്നെ പ്രബലമായ ഒന്നായിരുന്നാലും അതിനെ ഗണ്യമാക്കാതെ, മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു ദേശങ്ങൾക്കും കൂടി പൊതുവെ ഒരു കേരളസൎവ്വകലാശാല സ്ഥാപിക്കുവാനാണ് നമ്മുടെ സൎവ്വശക്തികളും ഉപയോഗിച്ചു നാം തീവ്രയത്നം ചെയ്യേണ്ടിയിരിക്കുന്നതു്. കേരളസൎവ്വകലാശാല മാൎഗ്ഗമായി, കേരളത്തിനു യോജിച്ച ഒരു ദേശീയവിദ്യാഭ്യാസരീതി നടപ്പാക്കുന്നതായാൽ കേരളഭാഷയുടെയും കേരളകലകളുടേയും കേരളസംസ്കാരത്തിന്റേയും പോഷണം ക്ഷിപ്രസാദ്ധ്യമായിത്തീരുന്നതാണ്. ചുരുക്കത്തിൽ കേരളത്തിന്റെ സകലവിധത്തിലുള്ള അഭിവൃദ്ധികൾക്കും മുഖ്യമാൎഗ്ഗമായിട്ടുള്ളതു് ഒരു കേരളസൎവ്വകലാശാലയാണെന്നു പറയാം. ഭരണാധികാരികളും പൌരപ്രമാണികളും കൂടി സഹകരിച്ചു പ്രവൎത്തിച്ചാൽ സകല സാമഗ്രികളും തികഞ്ഞ ഒരു സൎവ്വകലാശാല കേരളത്തിലുണ്ടായിത്തീരുവാൻ വലിയ പ്രയാസമൊന്നുമുണ്ടെന്നു തോന്നുന്നില്ല. ഒരു കേരളസൎവ്വകലാശാല സ്ഥാപിച്ചും തദ്വാരാ കേരളീയൎക്കു സംസ്കാരത്തിന്റെ വിഷയത്തിൽ ഐക്യവും അഭിവൃദ്ധിയും ഉണ്ടാക്കിത്തീൎക്കുവാൻ കേരളത്തിലുള്ള പ്രമാണികൾ ഒത്തുചേൎന്നു ശ്രമിക്കേണ്ട കാലം അത്യാസന്നമായിരിക്കുന്നു.

## ചാരുദത്തൻ.

(തുടൎച്ച)

[കെ. ശങ്കരപ്പിള്ള ബി. എ]

### കാലപരിമിതി:—.

ആഭ്യന്തരലക്ഷണങ്ങളെക്കൊണ്ടു നോക്കുകയാണെങ്കിൽ ഈ നാടകത്തിനു വിഷയമായ സംഭവങ്ങൾ ആകെ കൂടി ഇരുപതു ദിവസത്തി

ന്നുള്ളിൻ നടന്നുകൂട്ടുന്നവയാണെന്നു തെളിയുന്നു. വസന്തസേന ചാരുദത്തനെ അഭിസരിക്കുന്ന രാത്രി ഉണ്ടായ മഴ, തീരെ അകാലികമെന്നു പറഞ്ഞിരിക്കുന്നതിനാൽ, മഴ പതിവില്ലാത്ത മകരം കുംഭം എന്നീ വേനൽ ഘട്ടത്തിലാണു കഥാകാലമെന്നൂഹിക്കണം. പൂരംസംബന്ധിച്ചുള്ള ഉത്സവം ഒരു വെളുത്തവാവുന്നാൾ രാത്രിയിലായിരിപ്പാനെ തരമുള്ളു. ഇതുകഴിഞ്ഞു്, കുറെനാൾ ചെന്നതിൽ പിന്നെയാണ്, സംസ്ഥാനകൻ വസന്തസേനയെ തെരുവീഥിയിൽ വെച്ചോടിക്കുന്നതും വസന്തസേന ചാരുദത്തഗൃഹത്തിൽ അഭയംപ്രാപിക്കുന്നതും. ഒന്നാമങ്കത്തിന്റെ അവസാനത്തിൽ ചാരുദത്തൻ, വസന്തസേനയെ അവളുടെ വീട്ടിൽ കൊണ്ടുചെന്നാക്കാൻ തെരുവീഥിയിൽ ഇറങ്ങാറായപ്പോൾ "ലോകത്തിനു പൊതുദീപമായ ചന്ദ്രന്റെ ഉദയമായി" എന്നു പ്രസ്താവിക്കുന്നുണ്ട്. അതിനാൽ ഒരു പത്തുനാഴികയിരുട്ടുമ്പോൾ ചന്ദ്രൻ ഉദിക്കത്തക്കവണ്ണമുള്ള 'പഞ്ചമി'നാൾ തന്നെയായിരിക്കണം, ഒന്നാമങ്കത്തിലെ സംഭവം. രണ്ടാമങ്കത്തിൽ സംവാഹകൻ വസന്തസേനയുടെ അടുത്തു് ഓടിച്ചെല്ലുന്നതു് ഒരു പ്രഭാതത്തിലാണ്. അപ്പോൾ തന്നെ കർണ്ണപൂരകനു ചാരുദത്തനിൽനിന്നും സമ്മാനമായ് കിട്ടുന്ന വസ്ത്രം വസന്തസേന വാങ്ങി നോക്കുകയും, അതിലെ പിച്ചിപ്പൂവാസന പോയിട്ടില്ലെന്നറിയുകയും ചെയ്യുന്നു. ഈ വസ്ത്രം ഒന്നാമങ്കത്തിൽ ചാരുദത്തനു ചൂർണ്ണവൃദ്ധബ്രഹ്മണങ്കൽനിന്നും സമ്മാനമായ് കിട്ടിയിട്ടുള്ളതുതന്നെ. അതിലെ വാസന, ഇപ്പോഴും പോകാതിരിക്കണമെങ്കിൽ ഒന്നോരണ്ടോ ദിവസത്തിൽ കൂടുതൽ അന്തരം വരാൻ ഒന്നുകൊണ്ടും തരമില്ല. അതിനാൽ ഒന്നാമങ്കത്തിനോട് അധികം അകലെയല്ലാത്ത അടുത്ത നാളുകളിലെ ഒരു പ്രഭാതത്തിൽ രണ്ടാമങ്കം നടക്കുന്നതായി വിചാരിക്കണം. മൂന്നാമങ്കത്തിൽ രേഭിലന്റെ പാട്ടുകച്ചേരി കഴിഞ്ഞു് ചാരുദത്തൻ വീട്ടിലേക്കു മടങ്ങുമ്പോൾ നേരം അർദ്ധരാത്രിയായെന്നും, അപ്പോൾ ചന്ദ്രൻ അസ്തമിച്ചുതുടങ്ങിയെന്നും ആരംഭത്തിൽ പറയുന്നുണ്ട്. അതിനാൽ ഒന്നാമങ്കത്തിലെ സംഭവം നടന്ന പഞ്ചമിയെ തുടന്നുള്ള കൃഷ്ണപക്ഷത്തിലെ ബാക്കിയും കഴിഞ്ഞു ശുക്ലപക്ഷത്തിലെ എട്ടാംദിവസം വന്നുചേർന്നെങ്കിലെ, അന്നത്തെ അർദ്ധരാത്രിക്ക് ഇപ്രകാരം ചന്ദ്രോദയം ഉണ്ടാവാൻ കണക്കുള്ളു. ഇതിനുംപുറമെ, രദനിക അന്ന് ആഭരണം സൂക്ഷിക്കാൻ വിദൂഷകനെ ഏല്പിക്കുന്നതും അനദ്ധ്യായദിവസമായ അഷ്ടമിയാകയാലാണെന്നു പ്രസ്ഥാവിച്ചും കാണുന്നു. ഈ കാരണങ്ങളാൽ രണ്ടും മൂന്നും അങ്കങ്ങൾതമ്മിൽ പതിനാലുദിവസത്തെ ഇടയുണ്ടെന്നു ഗണിക്കാം. നാലാമങ്കത്തിൽ ശാർവിലകൻ ആഭരണവുംകൊണ്ടു മദനികാസന്നിധിയിലെത്തുംപോഴത്തെ "നിരാകുലം നിദ്രവെടിഞ്ഞുരാത്രിയിൽ" എന്നു തുടങ്ങുന്ന പദ്യംകൊണ്ട്, മോഷണംനടത്തിയ രാത്രികഴിഞ്ഞുള്ള പ്രഭാതത്തിലാണ് ഈ അങ്കത്തിലെ സംഭവങ്ങളെന്നൂഹിക്കാതെ തര

മില്ല. അതുകൊണ്ടു് മൂന്നും നാലും അങ്കങ്ങൾതമ്മിലുള്ള അന്തരം വെളുപ്പാൻരാവിലെയുള്ള ഒരു യാമം മാത്രമെന്നു നിർണ്ണയിക്കാം. നാലാമങ്കം നടന്നുകൂടുന്ന അന്നത്തെ രാത്രിയിൽതന്നെയാണു് വസന്തസേന ചാരുദത്തഗൃഹത്തിലേക്കു അഭിസരിക്കുന്നതായുറഞ്ഞുകാണുന്നതു്. അന്നുരാത്രിയിലെ മഴ അവിചാരിതമെന്നു പ്രസ്താവിക്കുന്നതു് വേനൽക്കാലത്തിനു യോജ്യവുമാണല്ലൊ. തന്നിമിത്തം നാലാമങ്കം നടക്കുന്നതീയതിയിലെ രാത്രിയിൽ അഞ്ചാമങ്കത്തിലെ അഭിസരണം നടക്കുന്നുവെന്നു കാണാം. ആറാമങ്കത്തിലെ വണ്ടിമാററം അടുത്ത പ്രഭാതത്തിൽ തന്നെ ഉണ്ടാകുന്നു. വസന്തസേന ചാരുദത്തഗൃഹത്തിൽ നിന്നും സ്വഗൃഹത്തിലേക്കു മടങ്ങുന്നതു ഈ പ്രഭാതത്തിൽ ആണല്ലൊ. ൬-ാമങ്കത്തിൽ വസന്തസേനയെ കാത്തുനില്ക്കുന്ന ചാരുദത്തൻെറ സന്നിധിയിലാണു് പെട്ടെന്നു ആൎയ്യകൻ, വൎദ്ധമാനകൻെറ വണ്ടിയിൽ എത്തിച്ചേരുന്നതു്. ഇതിനു അരമണിക്കൂറിട മതിയാകും. ൭-ാമങ്കത്തിൻെറ പ്രാരംഭത്തിൽ കാണുന്ന ഭിക്ഷുവിനെ ശകുനം കണ്ടിട്ടാണു് മുന്നങ്കത്തിൻെറ ഒടുവിൽ ചാരുദത്തൻ നിഷ്ക്രമിച്ചിരിക്കുന്നതെന്നു പ്രസ്താവിച്ചിട്ടുള്ളതിനാൽ, സംസ്ഥാനകൻ വിടനോടുകൂടി സ്ഥാവരകനെ കാത്തുനില്ക്കുന്നതു്, ഇതേ പ്രഭാതത്തിലെ അടുത്ത മുഹൂൎത്തത്തിലാണെന്നൂഹിക്കണം. നേരം അസാരം പുലൎന്നതായി മാത്രമെ ഈ അങ്കത്തിലെ സൂൎയ്യപ്രതാപവൎണ്ണനകൊണ്ടു അനുമാനിക്കേണ്ടു. വേനൽക്കാലത്തു നേരം കുറെ പുലൎന്നുകഴിയുമ്പോഴേയ്ക്കും വെയിൽ മൂത്തെന്നു തോന്നുന്നതു സംഭവ്യമാണു്. ഏതായാലും പത്തുമണിയ്ക്കും പതിനൊന്നുമണിക്കും ഇടയ്ക്കുള്ള പ്രഭാതത്തിലെ പ്രധാനഭക്ഷണസമയത്തിനു മുമ്പായിരുന്നു സംസ്ഥാനകൻ ഉദ്യാനത്തിൽ സ്ഥാവരകനെ കാത്തിരുന്നതെന്നു ഇവിടത്തെ സംഭാഷണംകൊണ്ടു സ്പഷ്ടം. അതിനാൽ ഏഴും എട്ടും അങ്കങ്ങൾ തമ്മിലുള്ള അന്തരം മൂന്നു മണിക്കൂറിൽ കൂടുതൽ വേണ്ടിവരുന്നതല്ല. ഒമ്പതാമങ്കത്തിലെ കേസ്സ് വിചാരണക്കിടയ്ക്കു കയറിവന്നു്, ചന്ദനകൻെറ പേരിൽ പരാതി ബോധിപ്പിക്കുന്ന വീരകൻെറ പറച്ചിൽകൊണ്ടു, കലഹസംഭവം കഴിഞ്ഞധികം മണിക്കൂറുകൾ ആയിട്ടില്ലെന്നു കാണുന്നു. അതിനാൽ അന്നു ൩ മണിയോടുകൂടിയാണു് കോടതി കൂടിയതെന്നു വിചാരിക്കണം. പോരെങ്കിൽ ഊണുകഴിഞ്ഞ ഉടൻതന്നെ സംസ്ഥാനകൻ അന്യായം ബോധിപ്പിച്ചതായും പറഞ്ഞിട്ടുണ്ടല്ലൊ. അതിനാൽ ൭-ാം, ൮-ാം അങ്കങ്ങൾ തമ്മിൽ വളരെക്കുറച്ചുമാത്രമെ കാലതാമസമുണ്ടാകുന്നുള്ളൂ എന്നു സമൎത്ഥിക്കാം.

൧൦-ാമങ്കത്തിലെ കൊലയ്ക്കുകൊണ്ടുപോകലും, വസന്തസേനയുടെ പ്രത്യക്ഷീകരണവും, മററും, ൯-ാമങ്കത്തിലെ സംഭവങ്ങൾക്കു് അടുത്തുള്ള തുടൎച്ചകൾ തന്നെയാകയാൽ ഉച്ചതിരിഞ്ഞു കേസ്സുവിസ്താരത്തിനു വേ

ണ്ടിവന്ന രണ്ടുമണിക്കൂർ കഴിഞ്ഞിട്ട്, ൧൦-ാമങ്കത്തിലെ സംഭവം നടന്നതായിക്കരുതാം. കൂടാതെയും, വീരകൻെറ മൊഴികഴിഞ്ഞ് ന്യായാധിപതി, ചാരുദത്തനോടു ചോദിക്കുന്ന ചോദ്യത്തിൽ 'ഇന്നു രാവിലെ നിങ്ങളുടെ വണ്ടിയിൽ' എന്നു കാണുന്ന സ്ഥിതിക്കു ആറാമങ്കത്തിലെ വണ്ടിമാററം മുതൽ നാടകാവസാനംവരെയുള്ള സംഭവങ്ങൾ എല്ലാം ഒരു പകൽകൊണ്ടു അവസാനിച്ചതായി തീച്ചപ്പെടുത്തേണ്ടിയുമിരിക്കുന്നു. അതിനാൽ ആറുമുതൽ പത്താമങ്കം വരെയുള്ള ഭാഗങ്ങൾ, ഒരു ദിവസംകൊണ്ടു നടന്ന സംഭവങ്ങളെ അരങ്ങത്തു പ്രദശിപ്പിക്കുന്നുണ്ടെന്നു ധരിക്കണം. ഇങ്ങിനെ കണക്കാക്കി നോക്കുമ്പോൾ പ്രസ്തുത നാടകത്തിനു വിഷയമായ സംഭവങ്ങൾ ആകെ ഇരുപതു ദിവസത്തിനുള്ളിൽ യഥാത്ഥമായി കഴിഞ്ഞുകൂടത്തക്കവയെന്നു കാണുന്നു.

## സ്വഭാവനിരൂപണം

ചാരുദത്തൻ. തൻെറ അസാമാന്യമായ ഉദാരശീലത്തെ വ്യഞ്ജിപ്പിക്കത്തക്കതാണ് നാമധേയംതന്നെയും. (ചാരു, ദത്തം ധനംയസ്യ, സഃചാരുദത്തഃ) യാവനൊരുത്തൻെറ ധനമാകട്ടെ, സൽപാത്രത്തിൽ ദാനം ചെയ്യപ്പെട്ടുപോയതു, അപ്രകാരമുള്ളവൻ, എന്നാണല്ലൊ ചാരുദത്തപദത്തിൻെറ വിഗ്രഹാർത്ഥം. ചാരുദത്തൻെറ ഇപ്പോഴത്തെ ദാരിദ്ര്യത്തിനുള്ള കാരണം വിടൻ പറയുന്നതിപ്രകാരമാണ്.

> അവനു വിഭവകാൎയ്യം ഹന്ത! സൌജന്യവായ്പാൽ
> അവനൊടുതവിപററാതേവനിപ്പാരിലുള്ളു?

തൻെറ ഈ ഗുണം ജഗൽപ്രസിദ്ധവുമാണ്. തന്നിമിത്തം ജനങ്ങളുടെ ഇടയിൽ അദ്ദേഹത്തിനു വലിയ മതിപ്പും ഖ്യാതിയും സിദ്ധിച്ചിരുന്നു. ന്യായാധിപതി പോലും,

> "രത്നം കവന്നു കൃപണക്കനിശം കൊടുത്തു
> രത്നാകരത്വമുദധിക്കു നിരത്ഥമാക്കാൻ
> യത്നിച്ച ധന്യ"

നായ ചാരുദത്തനെ കോടതി മുമ്പാകെ വിചാരണയ്ക്കുവരുത്തുവാൻ വളരെ വൈമനസ്യമുണ്ടെന്നു സഭാസമക്ഷം പ്രസ്താവിക്കുന്നു. ഈ ദരിദ്രാവസ്ഥയിലും താൻ ഉദാരശീലനായി പ്രത്യക്ഷപ്പെടുന്നുണ്ട്. വൃദ്ധചൂൎണ്ണകൻനിന്നു ദാനം കിട്ടിയ അങ്കവസ്ത്രം അദ്ദേഹം കണ്ണപൂരനു സമ്മാനിക്കുന്നു. ദാരിദ്ര്യം നിമിത്തം താൻ ദുഃഖിക്കുന്നതു തന്നെയും,

> "മേലാലെനിക്കു സുജനോപകൃതിയ്ക്കുമാൎഗ്ഗ-
> മില്ലാതെവന്നു പിടിപെട്ടതിലാണു താപം"

എന്ന വിധത്തിലാണ്.

ആദ്യന്തം ചാരുദത്തൻെറ പ്രകൃതി, പ്രേമപ്രകർഷത്തോടു കൂടിയതാകുന്നു. വിദൂഷകപ്രഭൃതികൾ തൻെറ വിസ്താരസമയത്തു എതിർവാദം ചെയ്തു സത്യം സ്ഥാപിക്കാൻ ചാരുദത്തനെ പ്രേരിപ്പിക്കുന്നുണ്ടെങ്കിലും, വസന്തസേന മരിച്ചു കഴിഞ്ഞിരിക്കുന്ന നിലയ്ക്ക്, തനിക്കു ഇനി ജീവിച്ചേ കഴിയു എന്നില്ലെന്നുള്ള മനസ്ഥിതിയാലാണ് ഇവരുടെ ഉപദേശം കേട്ട് സത്യം വെളിപ്പെടുത്താനുദ്യമിക്കാത്തത്.

പലേതരം ഗുണസമൃദ്ധികൊണ്ട് ചാരുദത്തൻെറ സ്വഭാവം എത്രയും പ്രശാന്തമായിരുന്നു. ദാരിദ്ര്യാനുഭവത്തിലും, അദ്ദേഹം കൃത്യാനുഷ്ഠാനങ്ങളിൽ നിന്നു വ്യതിചലിക്കുന്നില്ല. എപ്പോഴും സംതൃപ്തനാണുതാനും. ചാരുദത്തൻെറ സാധാരണസ്വഭാവഗുണങ്ങളെ താഴെ പറയും പ്രകാരം പരിഗണിക്കാം. (I) നിയന്ത്രണം. വസന്തസേനയിൽ തനിക്കു സുദൃഢപ്രേമം തോന്നുന്നുണ്ടെങ്കിലും തൻെറ മനസ്സിനെ ആദ്യം പ്രതിനിവൃത്തിപ്പിച്ചുകൊണ്ട് അദ്ദേഹം ഇങ്ങിനെയാണ് പറയുന്നത്

ധനം നമ്മെ വെടിഞ്ഞപ്പൊ-
ഴവളേയും വെടിഞ്ഞു നാം.

(II) അഭിമാനബുദ്ധി. ധൂതയോടുപോലും രത്നാവലിവാങ്ങുന്നതിലുള്ള വൈമനസ്യവും, കുഞ്ഞിനു പൊൻവണ്ടി ഉണ്ടാക്കിച്ചു കൊടുപ്പാൻ വസന്തസേന ഏല്പിച്ച ആഭരണം തിരിച്ചയക്കുന്നതിലുള്ള താല്പര്യവും, "അഭിമാനമായതു മെനിയ്ക്കു നാവിലം" എന്ന ചാരുദത്തോക്തിയെ സവിശേഷം സമർത്ഥിക്കുന്നുണ്ട്. (III) പരോപകാരതല്പരത- ആര്യ്യകനെ ശൃംഖലാബന്ധത്തിൽ നിന്നു വിമോചിപ്പിച്ചു സ്വന്തം വണ്ടിയിൽ അയയ്ക്കുന്നു. IV. അക്ഷോഭ്യത. കേസുവിസ്താരസമയത്തു മററുള്ളവരുടെ പ്രേരണകൾക്കു വശംവദനാകുകയൊ, ദോഷാരോപണങ്ങൾ കേട്ടു ക്ഷുബ്ധനായിത്തീരുകയൊ, ചെയ്യുന്നില്ല. V. സത്യനിഷ്ഠ. തന്നെ ഏല്പിച്ച ആഭരണങ്ങൾ കൈമോശംവന്നു പോയെങ്കിലും അതിനുപകരം രത്നാവലി കൊടുത്തയയ്ക്കുന്നു. കേസുവിസ്താരത്തിൽ താൻ അവ്യാജപ്രസ്താവങ്ങൾ ചെയ്തു സ്വരക്ഷ തേടണമെന്നു വിചാരിക്കുന്നില്ല.

VI. മഹാമനസ്കത. ശത്രുവും നിഷ്കണ്ടകനും ആയ സംസ്ഥാനകനിൽപോലും അദ്ദേഹത്തിനനുകമ്പയാണു തോന്നുന്നത്- VII. ഈശ്വരഭക്തി. തൻെറ മതവിശ്വാസമനുസരിച്ചുള്ള ബലിപൂജാദ്യനുഷ്ഠാനങ്ങളിൽ ചാരുദത്തൻ ദരിദ്രഘട്ടത്തിലും നിഷ്ഠയുള്ളവനെന്നു കാണുന്നു.

ചുരുക്കിപ്പറഞ്ഞാൽ ന്യായാധിപൻ തൊട്ടു ചണ്ഡാളർ വരെയുള്ള സകലമാനപൌരരുടേയും പ്രശംസയ്ക്കു പാത്രമായിത്തീരത്തക്ക പ്രകൃതിഗുണങ്ങൾക്കൊപ്പം അദ്ദേഹത്തിൻെറആകൃതിയും അത്യന്തംസുഭഗമായിരുന്നു.

പൊന്തിച്ചനാസിക; വിലോചനവുംവിശാലം
കാന്തം മുഖം കടുമകൾക്കിതു പാത്രമാകാ:
ദന്തീന്ദ്രഗോതുരഗപൂരുഷജാതികൾക്ക
ചിന്തിച്ചിടാം പ്രകൃതിയാകൃതിലക്ഷണത്താൽ.

സംസ്ഥാനകൻ. ഇതിലെ പ്രതിനായകനാണ്. രാജസ്യാലനാകയാൽ വദ്ധിച്ചിട്ടുള്ള സ്വാധീനശക്തി നിമിത്തം ഗർവിൻെറയും അജ്ഞാനത്താൽ ക്രൌയ്യത്തിൻെറയും, അന്തസ്സാരശൂന്യതയിൽ അസ്ഥിരപ്രകൃതിയുടേയും, സ്വതേയുള്ള വാസനാബലത്താൽ കൌടില്യത്തിൻെറയും, മൂത്തിത്വമാണ് നാം സംസ്ഥാനകനിൽ കാണുന്നതു്. സംസ്ഥാനകൻെറ പ്രാകൃതഭാഷണം ഹാസ്യരസോല്പാദകമാണ്. അഹംഭാവത്തേയും അജ്ഞതയേയും ഒരുപോലെ വെളിപ്പെടുത്തുന്നവയത്രേ തൻെറ വാക്കുകൾ. ഭീരുത്വവും മൂർഖതയും തൻെറ ദുർഗ്ഗുണങ്ങൾക്കുള്ള അനുസാരികളാണ്. ആരെ ദ്രോഹിക്കുവാൻ താൻമനപ്പൂർവം യത്നിച്ചുവൊ, അവരെ അഭയം പ്രാപിച്ചു ജീവിക്കത്തക്കവണ്ണം ഇയാൾ അഭിമാനശൂന്യനെന്നു കാണുന്നതിൽ അതിശയിക്കാനില്ല. ചിലപ്പോഴത്തേ കുടിലാശയത്വം വിചാരിച്ചാൽ, സ്വാൎത്ഥതയ്ക്കു വേണ്ടി ബുദ്ധിഹീനത്വം നടിക്കുന്ന ഒരു നീചനും ദ്രോഹിയും അല്ലയോസംസ്ഥാനകൻ എന്നുപോലും തോന്നിപ്പോകുന്നു. ഈയാളെപ്പററി,

വിപുലോപലോപമ കലൻ്റ കോലവും
വിപരീതബുദ്ധിയുമിയന്നിതേവിധം
അപദാൎത്ഥ മൂത്തികളുദിക്കയാൽ ധര-
യ്ക്കുപജാതമായ ഭരമേ മഹാ ഭരം!

എന്ന വിടൻെറ അഭിപ്രായം ഏറ്റവും യഥാൎത്ഥമെന്നു ഗണിക്കണം.

വസന്തസേന. ജനനാൽ വേശ്യാവൎഗ്ഗത്തിൽ പെട്ടവളെങ്കിലും, വസന്തസേനയെ സ്വഭാവഗുണത്താൽ ഉത്തമസ്ത്രീയായിട്ടാണ് പ്രസ്തുത നാടകത്തിൽ ചിത്രീകരിച്ചിരിക്കുന്നതു്. ചാരുദത്തൻെറ ഗുണങ്ങളെപ്പററി കേട്ടറിഞ്ഞിരിക്കുന്ന വസന്തസേനയ്ക്കു് ചാരുദത്തനേ പൂരപ്പുറപ്പാട്ടുസമയത്തു ആദ്യമായി കണ്ടപ്പോൾ അങ്കുരിച്ച അനുരാഗം, പിന്നെപ്പല പ്രണയപരീക്ഷാവസരങ്ങളിൽക്കൂടി ബലവത്താംവണ്ണം സ്ഥിരപ്രേമമായി തഴച്ചുവരികയാണു ചെയ്തിട്ടുള്ളതു്. തൻെറസ്ഥിരോത്സാഹവും ഗുണപൌഷ്കല്യവുമാണ് കഥയുടെ മംഗളപരിണാമത്തിനു സംഗതിയാക്കുന്നതു്. (സംസ്ഥാനകൻെറ പ്രലോഭനങ്ങളെ നിരസിക്കുന്നതും-സംവാഹകനും ശൎവിലകനും ഔദാൎയ്യം ചെയ്തുകൊടുക്കുന്നതും ഇതിനുള്ള മുഖ്യ ദൃഷ്ടാന്തങ്ങളാകുന്നു.)

വേശ്യാവൃത്തിയെപ്പററി അവഠം അത്യന്തം പഴിക്കുന്നു. തൻെറ ഈ ജാതിക്കുറവിനെക്കുറിച്ച് അവഠം പാശ്ചാത്താപിക്കയും പലരോടും ഏററുപറകയും ചെയ്യുന്നു. ഈ കുറവിനെ സംബന്ധിച്ച് അവഠംക്കുള്ള ഉഠംബോധം അവളെ വിനയവതിയാക്കുന്നുണ്ട്.

തൻെറ സ്ഥിരപ്രേമത്തിനു വേണ്ടി സകല സ്വത്തും സ്വജീവനും മാനവും ബലികഴിക്കാൻ വസന്തസേന, സദാ സന്നദ്ധയത്രെ. രാത്രിയിലെ അഭിസരണം മാനഭംഗംതന്നെയാണല്ലൊ. ഉദ്യാനത്തിൽവെച്ചു സംസ്ഥാനകാപേക്ഷകളെ നിരസിച്ച് തൽസന്നിധിയിൽ ചാരുദത്തനെ വാഴ്ത്തുന്നതു്, സ്വജീവനെ തൃണവൽഗണിച്ചുതന്നെയാകുന്നു. ഒരു നായികയ്ക്കു വേണ്ട ധൈര്യവും തൻേറടവും (പ്രൌഢത്വം) വസന്തസേനയിൽ തികച്ചും നാം ഇവിടെ കാണുന്നു.

ഹൃദയവിശാരദയായ വസന്തസേന, മററുള്ളവരുടെ പ്രേമസ്ഥിതിയേയും വഴിപോലെ അറിയുന്നു. മദനികയെ സ്വതന്ത്രയാക്കി ശർവ്വിലകനു വിവാഹംചെയ്തുകൊടുക്കുന്നതുതന്നെ ഇതിനു ലക്ഷ്യം. രോഹസേനനോടു തോന്നുന്ന അനുകമ്പയ്ക്കു് ചാരുദത്തനോടുള്ള തൻെറ പ്രേമാധിക്യത്തെപ്പോലെ തന്നെ തൻെറ സഹജമായ സൌഹാർദ്ദതയും നിദാനമായ് ഭവിക്കുന്നുണ്ട്. സപത്നിയായ ധൂമയെ വസന്തസേന ആദരിക്കുന്നു. എന്നുവേണ്ടാ, കലാവിജ്ഞാനം- ബുദ്ധിസാമർത്ഥ്യം- പ്രസരിപ്പ് -എന്നീ മററു സംസ്കാരഗുണങ്ങളോടു സമ്മിളിതമായ ആകൃതിസൌന്ദര്യംകൊണ്ട് വസന്തസേന വിടൻ പറയുന്നപ്രകാരം,

"സൌഭാഗ്യവതിയുജ്ജയിനീപുരിക്കു
സൽഭൂഷയായ്"

തന്നെ വിലസിച്ചിരുന്നു.

മൈത്രേയൻ. സംസ്കൃതനാടകങ്ങളിലെ സാധാരണ വിദൂഷകനെപ്പോലെ, മൈത്രേയൻ തീററിപ്പണ്ടമായ ഒരു വെറും നേരംപോക്കുകാരനല്ല. തീററിസ്സാമാനങ്ങളിൽ തനിക്കു കൊതിയുണ്ടെങ്കിലും, നേരംപോക്കുകഠം ഗൌരവതരങ്ങളാണ്. ലോകസ്വഭാവം അറിഞ്ഞാളെപ്പോലെയുള്ള ചമല്ക്കാരപ്രയോഗമാണ് മൈത്രേയൻെറ ഭാഷണങ്ങഠംക്കു ഫലിതരസം നഠംകുന്നതു്. സംസ്ഥാനകൻെറ നേരംപോക്കും മൈത്രേയൻെറ ഫലിതവും തമ്മിലുള്ള വ്യത്യാസവും ഇതുതന്നെ. മൈത്രേയൻെറ പ്രവൃത്തികഠം കഥാഗതിയുടെ വളർച്ചയ്ക്കു കാരണമാകുന്നു. നല്ല ഉദ്ദേശങ്ങളോടുകൂടിയ മൈത്രേയൻെറ പ്രവൃത്തികഠംക്കു തൻെറ നിഷ്കളങ്കതയുടെ കൂടുതൽകൊണ്ട്, അനിഷ്ടപരിണാമങ്ങഠം വന്നുചേരുന്നതു വിധിവൈപരീത്യമെന്നേ ഗണിക്കേണ്ടതുള്ളു. വസന്തസേനയുടെ ആഭരണങ്ങളെ തൻെറ കൈവശം വെച്ചുകൊണ്ടിരു

ന്നതു്, രണ്ടുതവണയും അപകടത്തിൽ കലാശിക്കാനാണല്ലൊ ഇടവന്നതു്. അതുകൊണ്ടു് കഥയ്ക്കു പുരോഗമനവും സിദ്ധിക്കുന്നുണ്ടു്.

ആത്മാൎത്ഥമായ സ്നേഹമാണു് മൈത്രേയനു ചാരുദത്തനോടുള്ളതു്. ഇനിയെങ്കിലും കണക്കററ ദാനസ്വഭാവത്തിൽ നിന്നും ചാരുദത്തനെ വിരമിപ്പിക്കുവാൻ ശ്രമിക്കുന്നു. വേശ്യാവൃത്തിയ്ക്കുള്ള പ്രകൃതിദോഷങ്ങളെപ്പററിപ്പറഞ്ഞു മൈത്രേയൻ ചാരുദത്തന്നു്, ഹിതോപദേശം ചെയ്തുകൊടുക്കുന്നുണ്ടെങ്കിലും ചാരുദത്തന്റെ ഹിതാനുവൎത്തനത്തിൽ അയാൾ കാൎയ്യവശാൽ എപ്പോഴും അത്യുത്സുകൻതന്നെ.

തന്റെ ബ്രാഹ്മണ്യോചിതമായ സാത്വികവൃത്തികൊണ്ടു മൈത്രേയൻ അന്തഃപ്പുരത്തിലും വളരെ വിശ്വസ്തനാണു്. ചില ബ്രാഹ്മണൎക്കു സഹജമായുള്ള മുൻകോപം മൈത്രേയനുമുള്ളതായി കോടതിയിൽവെച്ചു നാം കാണുന്നു. ഉത്തമബ്രാഹ്മണനെന്ന നിലയ്ക്കു മൈത്രേയന്റെ ദീൎഘദൎശനങ്ങൾ സാൎത്ഥീകരിക്കുന്നതായിട്ടും ഈ നാടകത്തിൽ വന്നുകൂടിയിട്ടുണ്ടു്.

ഈ കാരണങ്ങളാൽ, ഗോപനശീലത്തിനു തീരെ വശമില്ലാത്ത ഈ സാധുബ്രാഹ്മണന്റെ പ്രവൃത്തിവിഭ്രമങ്ങൾകൊണ്ടും, തുറന്ന സംഭാഷണസമ്പ്രദായംകൊണ്ടും, ചാരുദത്തന്റെ മാത്രമല്ല, എല്ലാവരുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രമായിട്ടാണു് മൈത്രേയന്റെ നില.

മററു കഥാപാത്രങ്ങൾക്കു് ഓരോന്നിനും ഓരോ തരത്തിലുള്ള പ്രത്യേകഗുണങ്ങളുണ്ടെന്നു കാണാം. ധൂതയുടെ പതിവ്രതോചിതമായ ഭൎത്തൃഹിതാനുവൎത്തിത്വവും, ത്യാഗബുദ്ധിയും, വിടന്റെ സരസോക്തിസാമൎത്ഥ്യവും നിൎമ്മലഹൃദയത്വവും; ന്യായാധിപന്റെ ന്യായശാസ്ത്രാഭിജ്ഞതയും കൃത്യതല്പരതയും, സ്ഥാവരകന്റെ പാരത്രികഭയവും പശ്ചാത്താപപ്രകൃതിയും, വൎദ്ധമാനകന്റെ സ്വാമിഭക്തിയും ദാക്ഷിണ്യവും, ശൎവ്വിലകന്റെ ചൌൎയ്യചാതുൎയ്യവും പ്രത്യുപകാരശ്രദ്ധയും, ആൎയ്യകന്റെ നിരപരാധിത്വവും സൌഭാഗ്യസിദ്ധിയും, സംവാഹകന്റെ സന്യാസസ്വീകാരവും പരോപകാരതല്പരതയും, ചണ്ഡാലന്മാരുടെ നീതിനിഷ്ഠയും സൌഹാൎദ്ദതയും, രദനികയുടെ യജമാനഭക്തിയും, വാഗ്വിലാസവും, മദനികയുടെ പ്രസരിപ്പും കൃതജ്ഞതയും, വൃദ്ധയുടെ മൎയ്യാദയും സത്യപ്രസക്തിയും എന്നപോലെതന്നെ ഇതിലും താഴ്ന്നതരത്തിലുള്ള കൎണ്ണപൂരകന്റെ നിൎദ്ദോഷകരമായ ആത്മപ്രശംസയും, കുംഭിലകന്റെ അവസരോചിതമായ നേരംപോക്കും, മാഥുരന്റെ സ്വാൎത്ഥപരമായ മാദ്ധ്യസ്ഥതയും, ദൎദ്ദുരകന്റെ സന്ദൎഭാനുകൂലമായ ആത്മത്രാണനസാമൎത്ഥ്യവും, വീരകന്റെ സേവാബലംകൊണ്ടുള്ള ഗൎവ്വും ചന്ദനകന്റെ അന്വൎത്ഥമായ സൌമ്യാനുകൂല്യവും, ചതുരികയുടെ സാൎവ്വത്രികമായ കൃത്യചാതുൎയ്യവും പ്രത്യേകംപ്രത്യേകം ശ്രദ്ധാൎഹങ്ങളായി കാണികൾക്കു തോന്നാതിരിക്കയില്ല.

വൈശിഷ്ട്യം. ഈ നാടകത്തിനുള്ള മഹിമയും വൈശിഷ്ട്യവും താഴെ പറയുന്ന സംഗതികളിലാകുന്നു. (I) ഇതിൽ കാണുന്ന സാമുദായികപ്രതിച്ഛായ, (II) നിരന്തരമായ രസനിഷ്പത്തി. (III) സംഭവബാഹുല്യം. (IV) ഫലിതരസം. (V) ലോകതത്വപ്രകാശനം. (VI) കഥാബന്ധചാതുര്യം. (VII) കഥാപാത്രങ്ങളുടെ ജീവൽപ്രകൃതി.

ക്രിസ്താബ്ദം തുടങ്ങുന്നതിന് ആറേഴു ശതാബ്ദങ്ങൾക്കു മുമ്പുള്ള ഇൻഡ്യയിലെ സ്ഥിതിയാണ് ഈ നാടകദ്വാരാ നമുക്കു കരതലാമലകപ്രായം സുഗ്രാഹ്യമായിത്തീരുന്നത്. രാജ്യഭരണകാര്യങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന ശക്തി ഇതിൽ സവ്വപ്രധാനമായ് തെളിഞ്ഞുകാണുന്നു. രാജാക്കന്മാരുടെ ഭരണദുന്നയംനിമിത്തം അന്നു പ്രജാവിപ്ലവങ്ങളും രാജാക്കന്മാൎക്കു സ്ഥാനഭ്രംശങ്ങളും പതിവായിരുന്നു. ചുങ്കംപിരിക്കുന്നതിനും, സമാധാനസംരക്ഷണത്തിനും നീതിന്യായങ്ങൾ കേൾക്കുന്നതിനും രാജാധികാരത്തിൽനിന്നും യോഗ്യതയുള്ളവരെ നിയമിച്ചിരുന്നു. ചൂതുകളിക്കുമ്പോഴും മാദ്ധ്യസ്ഥം വഹിക്കാൻ ചുമതലപ്പെട്ട സഭികന്മാരെ സക്കാരിൽനിന്നും ഏൎപ്പെടുത്തിയിരുന്നു. അതുപോലെ തന്നെ ഇന്നത്തെ ജൂറിസിസ്റ്റത്തിനു ഏറെക്കുറെ സമാനമായ മദ്ധ്യസ്ഥസാന്നിദ്ധ്യം അന്നത്തെ കോടതികളിൽ കാണ്മാനുണ്ട്. പക്ഷെ ഇന്നത്തെപ്പോലെയുള്ള മാലിന്യങ്ങൾ അന്നും ഈ വക ഭരണവ്യവസ്ഥകളെ ബാധിക്കാതിരുന്നിട്ടില്ല. ഗൌരവപ്പെട്ട കുററങ്ങളെസംബന്ധിച്ച ശിക്ഷയ്ക്കുള്ള പരമാധികാരം രാജാവിങ്കൽതന്നെയായിരുന്നു. കുററക്കാരൻ നിരപരാധിയെന്നു പരസ്യമായ് പരബോദ്ധ്യം വന്നാൽ, അയാളെ ഉടനടി വിട്ടയയ്ക്കുന്നതിനും വാസ്തവത്തിലുള്ള കുററക്കാരെ പകരം പിടിക്കുന്നതിനും താഴ്ന്നതരം ശിപായികൾക്കും അധികാരമുണ്ടായിരുന്നു.

ജാതിഭേദം, അടിമത്തം, ബ്രാഹ്മണപൂജ ഇവയെല്ലാം അന്നു പ്രചരിച്ചിരുന്നുവെങ്കിലും ബ്രാഹ്മണൎക്കു കച്ചവടം നിഷിദ്ധമായിരുന്നില്ല ജാതിയെക്കാൾ സ്വഭാവഗുണത്തിനു ചണ്ഡാലർപോലും വൈശിഷ്ട്യം കല്പിക്കുന്നു. ചിത്രമെഴുത്ത്, സംഗീതം, കച്ചവടം, കപ്പൽസഞ്ചാരം, സംവാഹകവൃത്തി, ചൂതാട്ടം, ചൌൎയ്യവൃത്തി, വേശ്യാവൃത്തി ഇവയെല്ലാം അന്നത്തെ ആദായകരമായ തൊഴിലുകളായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ബുദ്ധമതവിശ്വാസങ്ങൾക്ക് ഹിന്ദുമതത്തെപ്പോലെതന്നെ പ്രചാരം കിട്ടി കാണുന്നു

ഇപ്രകാരം ഇൻഡ്യയുടെ പ്രാചീനചരിത്രലക്ഷ്യങ്ങളെ വളരെ സരസമായ് പ്രതിബിംബിപ്പിച്ചിട്ടുള്ള പ്രസ്തുതനാടകം മലയാളികൾക്കു പ്രത്യക്ഷപ്പെടുത്തിത്തന്ന പ്രൊഫസർ രാജരാജവമ്മ തിരുമനസ്സിലെ ഭാഷാസാഹിത്യപരിശ്രമം കൈരളീദൃഷ്ടിയിൽ എന്നും സമാരാധിതമായ് ഭവിക്കതന്നെ ചെയ്യും.

# ഭൂപടങ്ങളുടെ ഉപയോഗക്രമം.

(ഡി. ഗോവിന്ദൻകത്താവ്)

ഭൂമിശാസ്ത്രപാഠങ്ങൾക്ക് ഭൂപടം ഒരു ഉപകരണമാണെന്ന് എല്ലാവരും ധരിച്ചിരിക്കാം. എന്നാൽ അത് ഏതേതു ഘട്ടത്തിൽ ഏതേതു പ്രകാരം ഉപയോഗിക്കണമെന്ന് ധരിച്ചിട്ടുള്ളവർ അധികമുണ്ടെന്ന് തോന്നുന്നില്ല. ആ ധാരണയെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നവർ അതിലും കുറവാണെന്നും പറയേണ്ടിയിരിക്കുന്നു. കാററുകളെപ്പററി പഠിപ്പിക്കുന്ന അദ്ധ്യാപകൻ ഏഷ്യാഭൂഖണ്ഡത്തിൻെറപടം ചുവരിൽ തൂക്കിയിട്ടതുകൊണ്ടോ, ഇൻഡ്യയുടെ ഭൂപ്രകൃതിയും കാലാവസ്ഥയും പഠിപ്പിക്കുമ്പോൾ ഭരണവിഭാഗം കാണിക്കുന്ന ഇൻഡ്യാപടം ഉപയോഗിക്കുന്നതുകൊണ്ടോ, ഭൂലോകത്തിലെ പ്രധാനവിളവുകൾ പഠിപ്പിക്കുന്ന അവസരത്തിൽ സഞ്ചാരമാർഗ്ഗങ്ങൾ കാണിക്കുന്ന ഭൂഗോളപടം ഉപയോഗിക്കുന്നതുകൊണ്ടോ എന്താണു പ്രയോജനം?. ഓരോ ഭൂമിശാസ്ത്രപാഠത്തിനും പററിയ അച്ചടിപ്പടങ്ങൾ സ്കൂളിൽ ഇല്ലാതെവരുന്നതും, അപൂർവ്വം ഉള്ളവയുടെ ഉപയോഗക്രമത്തെപ്പററി വേണ്ടതു മുൻകൂട്ടി ചിന്തിക്കാതെ പഠിപ്പിക്കാൻ ഉദ്യമിക്കുന്നതും ആണ് മുൻപറഞ്ഞവക്ക് ഹേതു. അദ്ധ്യാപകന്മാർ ഭൂമിശാസ്ത്രപാഠത്തിന് നോട്ടു തയാറാക്കുമ്പോൾ അതാതു പാഠത്തിനു പററിയ സ്കെച്ചുപടം കൂടി നിർമ്മിച്ച് ഒരുങ്ങിവന്നു ബോർഡിൽ വരച്ചു പഠിപ്പിക്കുന്നതുകൊണ്ടേ മേൽപറഞ്ഞ ന്യൂനത പരിഹരിക്കാവൂ.

പടങ്ങൾ ഉപയോഗിക്കുന്നതിൻെറ ഉദ്ദേശ്യം അവലോകനനദ്വാരാ സംഗതികളെ ഗ്രഹിപ്പിക്കുകയാകുന്നു. പഞ്ചേന്ദ്രിയങ്ങൾ വഴിയാണല്ലൊ ജ്ഞാനസമ്പാദനം ചെയ്യുന്നത്. ജ്ഞാനേന്ദ്രിയങ്ങളിൽ കണ്ണിനു ചെവിയേക്കാൾ ഗ്രഹണശക്തി കൂട്ടം.(?) കേട്ടുപഠിക്കുന്നതിനേക്കാൾ ശാശ്വതധാരണയിൽ നില്ക്കുന്നതു കണ്ടുപഠിക്കുന്നതാണ്. വിദ്യാർത്ഥികൾക്കു സ്വതവേ രസംകുറഞ്ഞ ഭൂമിശാസ്ത്രസംഗതികളെ അവലോകനമാർഗ്ഗേണ ഗ്രഹിപ്പിക്കുന്നതായാൽ അവർ സരസമായി ഗ്രഹിക്കയും മറക്കാതിരിക്കയും ചെയ്യും. ഈ ഉദ്ദേശസാദ്ധ്യത്തിനാണു പടങ്ങൾ ഉപയോഗിക്കുന്നത്. ഉപരിതലത്തിൻെറ പൊക്കത്താഴ്ച, ചരിവ്, വർഷപാതം, സസ്യസമൃദ്ധി, ജനാധിവാസം, നഗരങ്ങൾ മുതലായവയെ പടംനോക്കി പഠിപ്പിക്കാം. അതാതിനു പററിയ പടങ്ങൾ ഉണ്ടായിരിക്കണമെന്നേയുള്ളു. എന്നാൽ പാഠശാലകളിൽ അസുലഭമല്ലാത്ത ഭരണവിഭാഗപടത്തിൽ നിന്നുതന്നെയും നദികളുടെ ശക്തിയെ ആധാരമാക്കി ഭൂപൃഷ്ഠത്തിൻെറ ചരിവും നദികളു

ടെ ആധിക്യത്തെ മുൻനിറുത്തി വർഷപാതവും, പട്ടണങ്ങളുടെ സ്ഥാനങ്ങളെക്കൊണ്ടു ജനാധിവാസം കൂടുതലുള്ള ഭാഗങ്ങളും അനുമിപ്പിച്ചു പഠിപ്പിക്കാൻ കുശലിയായ അധ്യാപകനു സാധിക്കും.

ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതിന്റെ പ്രധാനോദ്ദേശ്യം ഭൂമി എങ്ങിനെ മനുഷ്യനു ഉപയോഗപ്പെടുന്നു അഥവാ ഭൂമി എങ്ങിനെ ഉപയോഗപ്പെടുത്താം എന്നു ഗ്രഹിപ്പിക്കുകയായിരിക്കണം. എന്തു? എവിടെ എന്നുള്ള ചോദ്യങ്ങൾ ഈ ഉദ്ദേശ്യനിർവഹണത്തിനു പര്യാപ്തമല്ല; എന്തു കാരണത്താൽ? എന്നുള്ളതാണ് പറ്റിയ ചോദ്യം. കൽക്കത്താപട്ടണം എവിടെ സ്ഥിതിചെയ്യുന്നു എന്ന് അറിയുന്നതിനേക്കാൾ കൽക്കത്താ അവിടെ ഉണ്ടാകാൻ കാരണമെന്തു?. എന്നു ഗ്രഹിപ്പിക്കുന്നതായിരിക്കണം ഭൂമിശാസ്ത്രാധ്യാപകന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിൽ ചെന്നെത്താൻ പുസ്തകങ്ങളെക്കാൾ പടങ്ങൾ കൂടുതൽ പര്യാപ്തമാകുന്നു. പടത്തിൽനിന്നു പുസ്തകങ്ങളിലേക്കാൾ കൂടുതൽസംഗതികളെ എളുപ്പം ഗ്രഹിപ്പിക്കാൻ കഴിയും. അവ മറക്കാതിരിക്കാനും എളുപ്പമുണ്ട്. ഭൂമിശാസ്ത്രപാഠങ്ങൾ പഠിക്കുമ്പോഴെല്ലാം വിദ്യാർത്ഥികൾക്കു അവലോകിച്ചറിയത്തക്ക നല്ല പടം അവരുടെ വായനമുറിയുടെ ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്നതു നന്നാണ്. പല നല്ല പടങ്ങളും അവർ സ്വന്തമായി വരച്ചുണ്ടാക്കിയിരിക്കയും വേണം.

ഭൂപടങ്ങൾ പലതരമുണ്ട്. ൧. നിമ്നോന്നതപടങ്ങൾ. ൨. നിറപ്പായ പടങ്ങൾ ഇവ രണ്ടാണ് പ്രധാനം. പൊക്കത്താഴ്ചയുടെ സാമാന്യസ്വഭാവം കാണിക്കുന്നവയാണ് നിമ്നോന്നതപടങ്ങൾ. ഒരു നോട്ടത്താൽ നിമ്നോന്നതിയുടെ സ്വഭാവം ആകമാനം അവലോകിച്ചു ധാരണയിൽ വരുത്തുന്നതിന് ഇവ പ്രയോജനപ്പെടും. എല്ലാ പാഠശാലകളിലും ഇവ കൂടിയേ തീരു എങ്കിലും ഇത്തരം പടങ്ങൾ ഇല്ലാത്ത നാട്ടുഭാഷാ പാഠശാലകളാണ് അധികവും. നിറപ്പായ പടങ്ങളാലും നിമ്നോന്നതപടങ്ങളുടെ ഉദ്ദേശ്യം നിർവഹിക്കാം. അതു വർണ്ണഭേദമുള്ള ചായങ്ങളുടെ പ്രയോഗംകൊണ്ടും പ്രാന്ത്യരേഖാപ്രയോഗത്താലുമാകുന്നു. കരയുടെ ഉയരവും സമുദ്രത്തിന്റെ ആഴവും നോക്കിഗ്രഹിക്കുന്നതിനുള്ള "ഒറോഗ്രാഫിക്കൽ മാപ്പ്" ഇത്തരത്തിൽപെട്ടവയാണ്. ചായപ്രയോഗം നോക്കി അനുമാനിച്ചു ഗ്രഹിക്കുന്നതിനേക്കാൾ നിമ്നോന്നതമാതൃക കണ്ടു പഠിക്കുന്നതായിരിക്കും ബാലപ്രകൃതിക്കു രുചികരമെന്ന് പ്രത്യേകം പറയേണ്ടല്ലൊ.

പൊക്കത്താഴ്ചയെ നോക്കി പഠിക്കുന്നതിനുള്ള ഈ രണ്ടുതരം പടങ്ങളെ കൂടാതെ വേറെയും പടങ്ങൾ ഉണ്ട്. മഴവീഴ്ചയുടെ കൂടുതൽ കുറവ്, ഉല്പന്നങ്ങൾ, കച്ചവടസ്ഥിതി, ജനാധിവാസത്തിന്റെ കൂടുതൽകുറവ്, സഞ്ചാരമാർഗ്ഗങ്ങൾ, ഭരണവിഭാഗങ്ങളും പട്ടണങ്ങളും ഇത്യാദികളെ കാണിക്കു

ന്ന പ്രത്യേകപടങ്ങളാണവ. നിമ്നോന്നതപടം ഉപയോഗിച്ച് ഭൂപൃഷ്ഠത്തിൻെറ സ്വരൂപഗ്രഹണം വരുത്തിയതിന ശേഷം ഈ ഓരോതരം പടങ്ങളേയും യഥാവസരം ഉപയോഗിക്കേണ്ടതാകുന്നു.

ദിക്കും ദൂരവുമാണ് ഭൂമിശാസ്ത്രത്തിൻെറ മൌലികതത്വങ്ങൾ. പടങ്ങൾ നോക്കുന്നതും, നിർമ്മിക്കുന്നതും ഈ തത്വങ്ങളിൽ കാലുറപ്പിച്ചു വേണ്ടതാകുന്നു. നാലുദിക്കുകളെ അറിയാൻ കഴിവുള്ളവരെ പടംനോക്കി ദിക്കുകൾ പറയാൻ പഠിപ്പിക്കാം. ക്ലാസിൻെറ കിടപ്പിനെ ആധാരമാക്കി ഓരോ ദിക്കുകളെ പറയിച്ചതിന ശേഷം ഉപയോഗിക്കുന്ന പടം അതേക്രമത്തിൽ തറയിൽ നിവർത്തിവച്ച് അതിൽ ദിക്കുകളെ ഉറപ്പിക്കണം. പിന്നീട് ഓരോ ദിക്കിനും പടത്തിൽ പ്രത്യേകസങ്കേതം കൊടുത്ത് ചുവരിൽ തൂക്കിയിട്ട് ദിക്കുകൾ കാണിക്കാൻ ആവശ്യപ്പെടണം. അതിനുശേഷമെ പടത്തിൻെറ മുകൾഭാഗം വടക്ക് കീഴ്ഭാഗം തെക്ക്, പടത്തിൽ നോക്കിനില്ക്കുന്നവൻെറ വലത്തുഭാഗം കിഴക്ക് ഇടത്തുഭാഗം പടിഞ്ഞാറ് എന്നുള്ളതു പറയാൻ ആവശ്യപ്പെടാവു. ഇവിടെ വിവരണത്തിന പ്രാധാന്യം കല്പിക്കരുത്. പടത്തിൽ നാലുദിക്കുകളും കുട്ടികൾ തൊട്ടുകാണിച്ചാൽ മതിയാകും.

ഇത്ര ഇഞ്ചിന ഇത്ര മൈൽ സ്കെയിൽ എന്നു പടങ്ങളിൽ കാണിച്ചിരിക്കും. അതിൽനിന്നാണ് പടംനോക്കി സ്ഥലങ്ങളുടെ ദൂരം നിർണ്ണയിക്കേണ്ടത്. ഈവിധാദ്ധ്യയനം മിക്കവാറും ശരിയായി നടത്തിപ്പോരുന്നില്ല. സ്കെയിൽ അനുസരിച്ച് പ്ലാൻ വരപ്പിക്കുക മൂന്നാംക്ലാസ്സിൽ പഠിപ്പിക്കുന്നുണ്ട്. എന്നാൽ അതിൻെറ പ്രയോജനം അതിനുമേലോട്ടുള്ള ക്ലാസ്സുകളിൽ സാമാന്യം വിസ്മരിച്ചുകളയുന്നുണ്ട്. "൨൪ ഇഞ്ചു ചുററളവുള്ള ഒരു ഭൂഗോളത്തിൽ ൩. ഇഞ്ചു അകലെ കാണുന്ന രണ്ടു പട്ടണങ്ങൾതമ്മിൽ യഥാർത്ഥദൂരമെന്ത്?" എന്നൊരു പ്രശ്നഭാഗം ഇയ്യാണ്ടത്തെ ൪: സ്കൂൾലീവിംഗ് പരീക്ഷാപ്രശ്നപത്രത്തിൽ ഉണ്ടായിരുന്നു. അതിൻെറ താല്പര്യം ധരിച്ചവരും ശരിയായ ഉത്തരം എഴുതിയവരും അധികമുണ്ടെന്നു തോന്നുന്നില്ല. പടം നോക്കി ദൂരം ഗണിപ്പിക്കുന്നതിൽ ഉള്ള അഗണ്യതയല്ലേ ഇതിന്റെ ഹേതുവെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. "സിംഗപ്പൂരുതുറമുഖത്തുനിന്ന് നേരെ തെക്കോട്ടു എത്ര മൈൽ പോയാൽ മദ്ധ്യരേഖയിൽ എത്തും?" എന്നുള്ള പ്രശ്നത്തിന ഉത്തരംപറയാൻ പ്രാപ്തിയുള്ള ൬-ംക്ലാസ്സ വിദ്യാർത്ഥികൾ എൻെറ അനുഭവത്തിൽ ശൂന്യമായിട്ടാണു കണ്ടതു്. രാജ്യങ്ങളുടെ നീളവും വീതിയും അദ്ധ്യാപകൻ പറഞ്ഞുകൊടുക്കാതെ അളപ്പിച്ചു സ്കെയിലിൽനിന്നു കണക്കാക്കിക്കും അല്ലെങ്കിൽ, ഇത്രാമത്തെ അക്ഷാംശങ്ങൾക്കും രേഖാംശങ്ങൾക്കും മദ്ധ്യേ എന്നുള്ളതിൽനിന്നു ഗണിപ്പിച്ചും പഠിപ്പിക്കേണ്ടതാകുന്നു. രണ്ടാമതു പറഞ്ഞ സമ്പ്രദായം മിഡിൽസ്കൂൾ ക്ലാസ്സു

കളിൽ തുടങ്ങാവുന്നതാണ്.

ദിക്കും ദൂരവും കഴിഞ്ഞാൽ ഭൂമിശാസ്ത്രത്തിൽ പ്രാധാന്യം ഭൂമിയുടെ നിമ്നോന്നതാവസ്ഥയ്ക്കാണ്. ഇതിലേക്ക നിമ്നോന്നതപടങ്ങൾ ഉചിതംപോലെ ഉപയോഗിക്കണം. ഒരു രാജ്യത്തിൻേറയൊ ഖണ്ഡത്തിൻേറയൊ പൊക്കത്താഴ്ച പഠിച്ചു എന്ന് പറയണമെങ്കിൽ വിദ്യാൎത്ഥികൾ അതാതിൻെറ റിലീഫ് നിൎമ്മിക്കാൻ കഴിവുള്ളവരാകണം. റിലീഫ്നിൎമ്മാണം അത്ര പ്രയാസമുള്ളതല്ല. നല്ലതായ ഒരു റിലീഫ് പടം ഉണ്ടെങ്കിൽ അതു തറയിൽവച്ച് അതിനസമീപത്തു ഒരു ബോർഡുവച്ച് അതിന്മേൽ അധ്യാപകൻ ഔട്ലൈൻ വരച്ചുകൊടുക്കുകയും വരച്ചുകാണിച്ച പുറവരിക്കകത്ത് കുട്ടികൾ കളിമണ്ണുകൊണ്ടൊ അഥവാ മണലുകൊണ്ടൊ റിലീഫ് നിൎമ്മിക്കുകയും ചെയ്യട്ടെ. അധ്യാപകൻെറ സഹായം ഇടക്കിടയ്ക്കുണ്ടാവുന്നതായാൽ സാമാന്യം ഉപയോഗപ്രദമായ റിലീഫ് പടം തയാറാക്കാം. അധ്യാപകൻ സ്വന്തമായുണ്ടാക്കുന്നതു് മാതൃകയായും ഉപയോഗിക്കാമല്ലൊ. ഭൂമിശാസ്ത്രസങ്കേതങ്ങളായ മല, കുന്ന്, സമതലം, തടാകം നദി, ത്രികോണസ്ഥലം, ഭൂമുഖം, മുനമ്പ്, ഉൾക്കടൽ മുതലായവയുടെ സ്വരൂപജ്ഞാനം മണ്ണുകൊണ്ടു മാതൃകനിൎമ്മിച്ചു പഠിപ്പിക്കുന്നതിനും റിലീഫ് പടങ്ങൾമൂലം എളുപ്പമുള്ളതാകുന്നു. റിലീഫ്നിൎമ്മാണം രണ്ടാംക്ലാസ്സു മുതൽ ആരംഭിക്കേണ്ടതാണ്. മാനുവൽട്രേയിനിംഗ് പരിശീലനം ഈ അഭ്യാസത്തിനു സാമാന്യം സഹായമായിത്തീരുമെന്നുള്ളതും ഇവിടെ വിസ്മരിക്കാൻ പാടില്ല.

റിലീഫ്നിൎമ്മാണം കഴിഞ്ഞാൽ പൊക്കത്താഴ്ചയുടേയും ചരിവിൻേറയും സാമാന്യസ്വഭാവം ഗ്രഹിച്ചതായി വിചാരിക്കാം. അടുത്ത പാഠം പൎവ്വതങ്ങൾ, നദികൾ, തടാകങ്ങൾ, പീഠഭൂമികൾ, താഴ്വരകൾ, മരുഭൂമികൾ, സമതലങ്ങൾ മുതലായവയുടെ സ്ഥാനങ്ങളെ ഗ്രഹിപ്പിക്കയാണല്ലൊ. ഇവ പഠിപ്പിക്കുന്നതിന് അച്ചിട്ട നല്ലപടം അധ്യാപകനു സഹായവും, പഠിക്കുന്നതിനു കുട്ടികൾക്കു കൌതുകപ്രദവും ആയിരിക്കുന്നതാണ്. ബോർഡിൽ പുറവരിയിട്ടു ഓരോന്നായി അധ്യാപകൻ അടയാളപ്പെടുത്തി കാണിക്കണം. അതുനോക്കി വിദ്യാൎത്ഥികൾ തങ്ങളുടെ കൈവശമുള്ള ഔട്ലൈൻമാപ്പുകളിൽ അടയാളപ്പെടുത്തട്ടെ. ഓരോ ദിവസത്തെ പാഠത്തിനും പ്രത്യേകം ഔട്ലൈൻപടങ്ങൾ വിദ്യാൎത്ഥികൾ ഉപയോഗിക്കയും ഒരു ഖണ്ഡത്തിൻേറയൊ രാജ്യത്തിൻേറയൊ ഭൂപ്രകൃതി മുഴുവൻ തീരുമ്പോൾ എല്ലാംകൂടി സംഗ്രഹിച്ചു ഒന്നിൽ അടയാളപ്പെടുത്തി സൂക്ഷിക്കയും ചെയ്യുന്നതു നന്നായിരിക്കും. അച്ചിട്ട പടത്തിൽനിന്നു ബോർഡിലെക്കും അതിൽനിന്നു ഔട്ലൈൻപടത്തിലേക്കും എന്നുള്ള മുറയിൽ അവലോകിപ്പിച്ചു പഠിപ്പിക്കുന്നതും പഠിക്കുന്നതും രസപ്രദവും അവലോകശ

ക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. ഇതിലേയ്ക്കുപയോഗിക്കുന്ന അച്ചിട്ട പടം ഫിസിക്കൽമാപ്പായിരിക്കണം.

ഇപ്രകാരംതന്നെ വർഷപാതം സസ്യസമൃദ്ധി ഇവയെ അതാതിന്നുപയുക്തമായ അച്ചടിപ്പടം ഉപയോഗിച്ചും ബോർഡിൽ വരച്ചു അടയാളപ്പെടുത്തിയും പുറവരിപ്പടങ്ങളിൽ രേഖപ്പെടുത്തിച്ചും പഠിപ്പിക്കാവുന്നതാണല്ലൊ, മഴയുടെ കൂടുതൽകുറവു ഛായങ്ങളുടെ പ്രയോഗത്താലും മററു സങ്കേതങ്ങൾ മൂലവും ഗ്രഹിപ്പിക്കാം. പ്രത്യേകതരം സസ്യങ്ങളുടെ ആകൃതി അതാതു സസ്യങ്ങൾ സമൃദ്ധിയായുണ്ടാകുന്ന സ്ഥാനത്തു വരച്ചിരിക്കയൊ അതിന്നു കഴിവില്ലെങ്കിൽ യഥാസ്ഥാനത്തു പേരുകുറിക്കയൊ ചെയ്താൽ മതിയാകും. ജനാധിവാസത്തിന്റെ കൂടുതൽകുറവും ഇപ്രകാരംതന്നെ പഠിപ്പിക്കാവുന്നതാണ്. നഗരങ്ങളുടെ സ്ഥാനവും വരച്ച പടത്തിൽ അടയാളപ്പെടുത്തി പഠിക്കണം. ഓരോന്നും തമ്മിലുള്ള സാമാന്യമായ ദൂരവും ഒന്നു മറെറാന്നിന്റെ ഏതുഭാഗത്തു് എന്നുള്ളതും, ഒരു പട്ടണം അവിടെ അഭിവൃദ്ധിയിൽ വരുവാൻ ഹേതുവെന്തെന്നും കൂടി വീക്ഷിക്കേണ്ടതാകുന്നു.

അവലോകിച്ചു പഠിക്കയാണല്ലൊ പടംകൊണ്ടു സാധിക്കുന്നതു്. അതിനാൽ ഉപയോഗിക്കുന്ന പടങ്ങൾ അതാതിന്നു പററിയതായിരിക്കണം.—എന്നുവച്ചാൽ ഓരോ പാഠത്തിനും ഉപയോഗിക്കുന്ന പടങ്ങൾ ഇതരസംഗതികളുടെ ബാഹുല്യംകൊണ്ടു് ശ്രദ്ധയെ നാനാമുഖമായി ആകർഷിക്കാത്തതായിരിക്കണം.—അതിന് അധ്യാപകൻ വരച്ചുണ്ടാക്കുന്ന പടങ്ങളോളം ഉപയുക്തമല്ല മറെറാന്നും. ഇപ്രകാരം പടം ഉപയോഗിച്ചും റിലിഫ് മാതൃക ഉണ്ടാക്കിച്ചും പടങ്ങൾ വരപ്പിച്ചും അവലോകനത്താൽ ഭൂമിശാസ്ത്രസംഗതികളുടെ സ്വരൂപത്തേയും സ്വഭാവത്തേയും കുറിച്ചുള്ള ധാരണ ശാശ്വതമാക്കിത്തീർത്തു് കാര്യകാരണസംബന്ധത്തോടെ പഠിപ്പിക്കുന്ന ഭൂമിശാസ്ത്രപാഠങ്ങളാൽ ദേശസഞ്ചാരം ചെയ്താലുള്ളപോലുള്ള ഗുണം വിദ്യാർത്ഥികൾക്കുണ്ടാവുന്നതാണ്.

"ഭൂമിശാസ്ത്രം പഠിച്ചവർക്ക് ദേശസഞ്ചാരം ചെയ്ത ഗുണമുണ്ട്,"

## സ്ക്കൂൾസമ്മേളനങ്ങൾ.

### അവയുടെ ഉപയോഗങ്ങൾ.

പൌരാണികകാലത്തേപ്പോലെ സുദൃഢമായ ഗുരുശിഷ്യബന്ധം ഇന്നു് ഭാരതത്തിൽ കാണുന്നില്ലെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു

കാര്യമാണല്ലൊ. അധ്യാപകന്മാൎക്ക് അദ്ധ്യേതാക്കളോടും അദ്ധ്യേതാക്കൾക്ക് അദ്ധ്യാപകന്മാരോടും നിഷ്കളങ്കവും യഥാൎത്ഥവുമായ ഒരു സ്നേഹം ഇന്നത്തെ വിദ്യാലയങ്ങളിൽ കാണുവാൻ വളരെ പ്രയാസമാകുന്നു. ഈ സ്നേഹരാഹിത്യം മൂലമാണ് കുട്ടികൾ അദ്ധ്യയനസമയത്തു ലഹളയുണ്ടാക്കി പഠിപ്പിക്കുവാനനുവദിക്കാത്തതും പ്രഥമാദ്ധ്യാപകന്മാരെ ദേഹോപദ്രവം ചെയ്യുന്നതും. ഇൻഡ്യയിലെ ഹൈസ്കൂളുകളിലും കലാശാലകളിലും കാണുന്ന അനാശാസ്യങ്ങളായ ന്യൂനതകളിൽ അതിപ്രധാനമായ ഒന്ന് അവയോടു പ്രദശിപ്പിക്കേണ്ട ഭക്തിയുടെ അഭാവമാണ്. ഈ ഭക്തിയുടെ അഭാവം ഇന്ന് ഇൻഡ്യയിൽ എത്ര പ്രധാനമായിരിക്കുന്നുവോ അത്രത്തോളം അതിന്റെ സാന്നിദ്ധ്യം പാശ്ചാത്യദേശങ്ങളിൽ പ്രധാനമായിരിക്കുന്നുണ്ടെന്നാണ് അനുഭവസ്ഥന്മാർ പറയുന്നത്. 'ഞങ്ങൾ' എന്നുള്ള ഒരു സഹകരണബോധം ഇവിടത്തെ വിദ്യാർത്ഥികളിൽ കാണുന്നില്ല. ഈ ഭക്തിക്കുറവു നിമിത്തം സ്കൂൾസംബന്ധമായ പല കാര്യങ്ങളും പ്രവൃത്തിരൂപത്തിൽ വരുത്തുവാൻ പ്രയാസം നേരിടുന്നുണ്ട്. സഹകരണബോധരാഹിത്യം മൂലം ആശാസ്യങ്ങളായ പല പ്രവൃത്തികളും പ്രയോഗപരിധിയിലുൾപ്പെടുത്താതെ കിടപ്പുണ്ട്. അതിനാൽ വിദ്യാലയത്തോട് ഭക്തിയുണ്ടാകേണ്ടതു് എത്രയും അത്യാവശ്യമാകുന്നു.

ഇതിനു പല മാൎഗ്ഗങ്ങളുമുണ്ട്. അവയിൽ ഒന്നു സ്കൂൾസമ്മേളനങ്ങൾ ഉത്തമമായ രീതിയിൽ നടത്തുകയാകുന്നു. അതിനെപ്പററിയാണ് ഇവിടെ അല്പം പ്രതിവാദിക്കുവാനുദ്ദേശിക്കുന്നതു്.

ഇൻഡ്യയിലെ മിക്ക വിദ്യാലയങ്ങളും അവിടത്തെ അദ്ധ്യാപകന്മാൎക്കും കുട്ടികൾക്കും സമ്മേളിക്കുന്നതിന് അവസരം നൽകുന്നില്ല. അതിനാൽ പള്ളിക്കൂടത്തിലുള്ളവൎക്ക് അനവധി വ്യക്തികളടങ്ങിയ ഒരു സമുദായമാണ് അവരെന്നുള്ള ബോധം ഉണ്ടാകുന്നതിന് സന്ദർഭവും ലഭിക്കുന്നില്ല. അവർ കൂടക്കൂടെ സമ്മേളിക്കുകയാണെങ്കിൽ മാനസികമായ പല ഗുണങ്ങളുമുണ്ടാകുവാനിടയുണ്ട്. "നമ്മുടെ പള്ളിക്കൂടം" എന്ന ബോധം ഉടനെയൊ അല്പകാലത്തിനുള്ളിലൊ ഉണ്ടാകാതെ തരമില്ല. വിദ്യാലയത്തിലെ വ്യക്തികൾ പ്രത്യേകംപ്രത്യേകം വേർപെട്ടിരിക്കയാണ്. ഇക്കാൎയ്യം ഇങ്ങിനെയുള്ള അവസരങ്ങളിൽ അവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നു.

ഇത്തരത്തിലുള്ള സമ്മേളനം സ്കൂൾസമയത്തു് ആഴ്ചയിലൊരിക്കൽ കൂടുന്നതിന് പ്രയാസമാണെങ്കിൽ സ്കൂൾവൎഷത്തിന്റെ ആരംഭത്തിലും അവസാനത്തിലും മാത്രമെങ്കിലും ഉണ്ടാകുന്നതു ആശാസ്യമാണ്. അതിനു മറെറാന്നും പ്രവൎത്തിക്കുവാൻ കഴിഞ്ഞില്ലെങ്കിലും ആദ്യത്തെ സമ്മേളനത്തിൽ വിദ്യാൎത്ഥികൾക്കു പരസ്പരം പരിചയമാകുന്നതിന് സൌകൎയ്യം നൽകുന്നുണ്ടല്ലൊ. അവൎക്ക് ഒരു വലിയ സമുദായത്തിലെ വ്യക്തികളാണെന്നുള്ള

ർബോധമുണ്ടാകും. കൂടാതെ ആ സ്കൂൾവർഷത്തിലെ ജോലിയുടെ സമ്പ്രദായത്തേയും കുട്ടികളെ മനസ്സിലാക്കാം. കുട്ടികളിൽനിന്നു സ്കൂൾകാര്യനിർവ്വഹണത്തിനു വേണ്ട ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കാം. അവരുടെ അവകാശങ്ങളേയും ഉത്തരവാദിത്വത്തേയും പററി പ്രഥമാദ്ധ്യാപകനു വിമർശിക്കാം. അവസാനസമ്മേളനത്തിൽ അക്കൊല്ലത്തെ പ്രവൃത്തികളേയും ഫലത്തേയും പററി പറയുന്നതുകൂടാതെ യാത്രാസന്ദേശവും നൾകാം. ഈ അവസരങ്ങൾ പ്രധാനങ്ങളും ആകർഷണീയങ്ങളും സ്മരണീയങ്ങളുമാക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ.

ഓരോ ആഴ്ചയിലും കൂടുന്ന സമ്മേളനത്തിന് സ്കൂൾഭരണത്തിന്റെ ഉപകരണം എന്ന നിലയിൽ പ്രാധാന്യമുണ്ട്. തൽസമയത്തു പള്ളിക്കൂടത്തിലെ നിയമങ്ങൾ, നടപടികൾ മുതലായവയെപ്പററി പറയാവുന്നതാണ്. വിദ്യാലയത്തിന്റെ ഐക്യതയ്ക്കും ഇതു ആവശ്യമാകുന്നു. പ്രഥമാദ്ധ്യാപകന് എല്ലാവരോടും ഒരേസമയത്തു സംസാരിക്കുവാനുള്ള സന്ദർഭം ലഭിക്കുന്നു. ഇവകൂടാതെ അടുത്ത ആഴ്ചയിൽ നടക്കേണ്ടുന്ന കാര്യങ്ങളെപ്പററിയും പ്രതിപാദിക്കാവുന്നതാണല്ലോ.

എന്നാൽ സമ്മേളനത്തിന്റെ പ്രധാനവില വിദ്യാഭ്യാസപരമായിട്ടുള്ളതാണ്. സമുദായബോധവും ജനാധിപത്യഭരണബോധവുമുള്ള ഒരു സമ്മേളനത്തെ നിയന്ത്രിക്കുവാൻ ഹെഡ്മാസ്റ്ററുടെ അധികാരവീക്ഷണം ആവശ്യമില്ല. അമേരിക്കയിലെ മിക്ക വിദ്യാലയങ്ങളും സ്കൂൾസമ്മേളനത്തിന്റെ വില മനസ്സിലാക്കി അതിനു സമയവിവരപ്പട്ടികയിൽ സ്ഥാനം നൾകിയിട്ടുണ്ട്. സദ്ബുദ്ധിയേയും ഉത്തരവാദിത്വത്തേയും ഉപയോഗിക്കുന്നതിനുള്ള സന്ദർഭവും കൂട്ടുപ്രവൃത്തിക്കുള്ള സൌകര്യവും സ്കൂൾസമ്മേളനം നൾകുന്നുണ്ട്. വിമർശനബുദ്ധിയുള്ള ഒരു യോഗത്തിൽ പൊതുവായി കൂടിയിരിക്കുമ്പോൾ വിദ്യാർത്ഥികൾക്കു ഒരു പരിശീലനം ലഭിക്കുന്നു. പ്രജാധിപത്യഭരണത്തിന് വിദ്യാർത്ഥികളെ സന്നദ്ധരാക്കേണ്ടതായ വിദ്യാലയത്തിന്റെ ചുമതല ഈ സമ്മേളനങ്ങൾ വഹിക്കുന്നതാണ്. സൽപ്രവൃത്തികൾകൊണ്ടു ഒഴിവുസമയം എങ്ങനെ ഉപയോഗിക്കണമെന്നു അതു ഉൽബോധിപ്പിക്കുന്നു. തത്വോപദേശം കൂടാതെ ഉൽകൃഷ്ടങ്ങളായ സാമാന്യാദർശങ്ങളേയും ഗുണങ്ങളേയും അതു പ്രേരിപ്പിക്കുന്നു. അതു് ക്ലാസ്സിലെ ജോലിയുടെ ഒരു അനുബന്ധമായിത്തീരുന്നു. സ്വയംപ്രകടനം പരിശീലിപ്പിക്കുകയും അദ്ധ്യാപകാദ്ധ്യേതാക്കളുടെ ആശയങ്ങൾ വിശാലമാക്കുകയും വിദ്യാലയത്തിലേയും സമുദായത്തിലേയും ആദർശങ്ങളെ പരസ്പരം യോജിപ്പിക്കുകയും ചെയ്യുന്നു.

പള്ളിക്കൂടത്തിലെ മററുപ്രവൃത്തികളെ രൂപീകരിക്കുന്നതുപോലെ സ്കൂൾസമ്മേളനത്തേയും രൂപീകരിക്കേണ്ടതു ആവശ്യമാണ്. സ്കൂൾസ

മ്മേളനം നിവ്വഹിക്കേണ്ട കാര്യപരിപാടി കാലേക്കൂട്ടിത്തന്നെ തയാറാക്കണം. ഈ ഉത്തരവാദിത്വം കുറെ വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും അടങ്ങിയ ഒരു സമിതിയെ ഏല്പിക്കണം. സ്കൂളിനു യോഗ്യമായിട്ടുള്ളതെല്ലാം കാര്യപരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഓരോ ക്ലാസ്സിനൊ ഓരോ സമാജത്തിനൊ ഓരോ ദിവസം ചെയ്യുവാനുള്ള കാര്യപരിപാടി അതിനു നിർദ്ദേശിക്കാം. അങ്ങനെ ഓരോ കൂട്ടരും തമ്മിൽ വാശി ഉണ്ടാക്കണം. ഒരു കൊല്ലത്തിൽ കാര്യപരിപാടിപ്രകാരം ചെയ്യുന്ന കൃത്യങ്ങളിൽ അത്യുത്തമമെന്നു തോന്നുന്നതിന് ഒരു സമ്മാനമൊ, അതിനെപ്പററിയുള്ള ബഹുമാനപൂർവ്വമായ പ്രസ്താവനയൊ നൾകാവുന്നതാണ്. കാര്യപരിപാടിപ്രകാരമുള്ള ജോലികൾ പ്രവൃത്തിരൂപത്തിൽ വരുന്നതിനുമുമ്പ് സമിതിയുടെ വിമർശനത്തിന് വിഷയീഭവിക്കേണ്ടതുമാണ്. ഒരാഴ്ചയിൽ കുട്ടികൾ കൂട്ടമായി നിവ്വഹിക്കുന്ന ഒരു കാര്യപരിപാടി, ദിവസേനയുള്ള സംഭാഷണം, പ്രസ്താവന മുതലായവയേക്കാൾ ഉത്തമമായിട്ടുള്ളതാണ്.

പ്രാസംഗികന്മാർ, സംഗീതവിദഗ്ദ്ധന്മാർ, നാടകകലാപടുക്കൾ മുതലായവരെ ചിലപ്പോഴെല്ലാം ക്ഷണിച്ചുവരുത്തണം. കല, സംഗീതം, വിദ്യാഭ്യാസം മുതലായവയിലുള്ള ഔൽകൃഷ്ട്യത്തെയാണ് അവർ പ്രതിനിധീകരിക്കുന്നത്. എന്നാൽ കാര്യപരിപാടികളിൽ വിദ്യാലയജീവിതത്തിലെ സംഭവങ്ങൾ ഉൾപ്പെടുത്തുന്നതാണ് ഉത്തമമെന്നു തോന്നുന്നു. പ്രസംഗമത്സരം, സംഗീതകലാപ്രദർശനം, നാടകാഭിനയം, ദേശീയദിനാഘോഷം, മഹാന്മാരുടെ ജന്മദിനാഘോഷം മുതലായവ എല്ലാ കുട്ടികൾക്കും അവയിൽ ഭാഗഭാക്കുകളാകുന്നതിനുള്ള സന്ദർഭം നൾകുന്നതാണല്ലൊ. അതാതു സമയങ്ങളിൽ നിർവ്വഹിക്കേണ്ട കാര്യപരിപാടിയെ മാററി വയ്ക്കാതിരിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ശുചീകരണം, ആരോഗ്യം, ഭക്ഷണം മുതലായവ കാര്യപരിപാടിയിൽ ഉൾപ്പെടുത്തേണ്ടവയാണ്. പോലിസ് ഭരണം, പോസ്റ്റാഫീസ്, നഗരഭരണം മുതലായ സാമുദായികകാര്യങ്ങളും കുട്ടികൾക്കു പററിയ വിഷയങ്ങളാണ്. സഞ്ചാരവിവരണം—ചിത്രങ്ങളോടു കൂടിയാവാം—കുട്ടിയുടെ അന്തരീക്ഷത്തെ വിശാലമാക്കുന്നതാണ്. വിദ്യാർത്ഥിസമാജം, വിനോദം, സമയനിഷ്ഠ, മിതവ്യയം മുതലായവയും, ചെടികൾ പാമ്പുകൾ, ചരിത്രത്തിൽനിന്നും സാഹിത്യത്തിൽ നിന്നുമുള്ള നാടകാഭിനയം, ചിത്രങ്ങളെപ്പററിയുള്ള സംഭാഷണം, ഗ്രന്ഥശാലയുടെ ഉപയോഗം, സംഗീതത്തിനുള്ള ചില ഉപകരണങ്ങളുടെ ചരിത്രം, പാട്ടുകളുടെ അർത്ഥം മുതലായവയും വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ട വിഷയങ്ങളാണ്. ഇവ മിക്കതും കുട്ടികളുടെ പ്രവൎത്തനപരിധിയിലുൾപ്പെടുന്നതും, അറിവിനേയും ഉൽകൃഷ്ടസ്വഭാവത്തേയും ഉണ്ടാക്കുന്നതുമാകുന്നു. ഇ

തെല്ലാം ഒരു വിദ്യാലയത്തിനു പ്രവൎത്തിക്കുവാൻ സാധിക്കയില്ലെങ്കിലും ചിലതെല്ലാം കഴിയുമല്ലൊ.

സ്കൂൾസമ്മേളനത്തിൽ ഹെഡ്മാസ്റ്ററുടെ ഭാഗം അത്ര പ്രധാനമായിട്ടുള്ളതല്ല. സ്കൂൾകാൎയ്യങ്ങളെപ്പററി ചിലപ്പോഴെല്ലാം ചില സംഗതികൾ സംസാരിക്കുന്നതല്ലാതെ എല്ലാപ്പോഴും അദ്ദേഹം ആ രംഗത്തിലെ പ്രധാനനടനാകരുതു്. എന്നാൽമാത്രമെ അദ്ദേഹത്തിൻെറ വാക്കുകൾ കൂടുതൽ ഫലപ്രദമാകയുള്ളു. കുട്ടികളുടെ പ്രവൃത്തികളെപ്പററിയുള്ള പ്രസംഗങ്ങൾ അവർതന്നെ ചെയ്യണം. ദസമ്മേളനസമയത്തു് ചില സമാജങ്ങളുടെ പ്രതിനിധികൾ അദ്ധ്യക്ഷം വഹിക്കുന്നതായാൽ ജനാധിപത്യഭരണഗുണത്തെ സംരക്ഷിക്കാവുന്നതാണു്. സമ്മേളനംകൊണ്ടു് സ്കൂൾജോലിയുടെ മാററു നിശ്ചയിക്കാം. അതു് വ്യക്തിപരവും സാമൂഹ്യപരവുമായ പ്രവൃത്തിസമ്പ്രദായങ്ങൾക്കു് ഉത്തമസന്ദൎഭം നൽകുന്നു. അതിനേയാണു് സ്കൂളിലെ സന്മാൎഗ്ഗം അവലംബിക്കുന്നതു്. അനുഭവങ്ങൾകൊണ്ടു് കാൎയ്യങ്ങൾ അറിയുന്നതിനും എളുപ്പവും സ്വാഭാവികവും ബുദ്ധിപൂൎവകവുമായ സ്വയംപ്രകടനശീലം സിദ്ധിക്കുന്നതിനും, സ്നേഹം, പൌരത്വം, പാണ്ഡിത്യം മുതലായവ വളൎത്തുന്നതിനും പൎയ്യാപ്തങ്ങളായ സ്കൂൾസമ്മേളനങ്ങൾ ഉണ്ടായിരിക്കുകയായിരിക്കണം ആദൎശം.

# പൌരസ്ത്യരും പാശ്ചാത്യരും.

[ആർ. ഈശ്വരപിള്ള ബി. എ ]

പൌരസ്ത്യന്മാരും പാശ്ചാത്യരുംതമ്മിൽ ഇന്നു പല വ്യത്യാസങ്ങളും ഉണ്ടു്. ഇതു സാധാരണ വരാവുന്ന ഒരു സംഗതിയാണു്. കിഴക്കും പടിഞ്ഞാറും എന്നുള്ള വ്യത്യാസം നമുക്കാൎക്കും മാററാവുന്നതല്ല. അതുകൊണ്ടു് ഒരുകൂട്ടരെ ദുഷിക്കയൊ മറുകൂട്ടരെ പ്രശംസിക്കയൊ ചെയ്യുന്നതു് അല്പം ആലോചിച്ചു വേണ്ടതാണു്. ഇന്നു പാശ്ചാത്യർ മിക്കവാറും ഒരു ഹാസ്യദൃഷ്ടിയോടുകൂടിയാണു് പൌരസ്ത്യരെ വീക്ഷിച്ചുവരുന്നതെന്നു വിചാരിപ്പാൻ വഴിയുണ്ടു്. പൌരസ്ത്യർ "കറുത്ത"നിറക്കാരാണെന്നാണു് ഒരു ആക്ഷേപം ഉള്ളതു്. ഇതൊരിക്കലും ഒരാക്ഷേപമായി വരുന്നതല്ലല്ലൊ. ഇതിനു ശീതോഷ്ണാവസ്ഥ തന്നെയാണു് ഉത്തരവാദിത്വം വഹിക്കുന്നതു്. അ

തുകൊണ്ടു് ഇതിനെപ്പററി ചിന്തിക്കേണ്ട ആവശ്യമില്ല. ഇനി ഒരാക്ഷേപം പറഞ്ഞു കേൾക്കാറുള്ളതു് പൌരസ്ത്യർ കേവലം ചിന്താശീലന്മാരു മാത്രമാണെന്നും പാശ്ചാത്യരെപ്പോലെ പ്രവൃത്തിതല്പരന്മാരല്ലെന്നുമുള്ളതാണ്. ഒന്നാമതായി നോക്കേണ്ടതു് ഇതിൽ വല്ല പരമാൎത്ഥവുമുണ്ടോ എന്നും ഉണ്ടെങ്കിൽതന്നെയും അതു് ഒരാക്ഷേപമാണൊ എന്നുമാണ്. പൌരസ്ത്യർ ചിന്താശീലന്മാരാണെന്നു സമ്മതിക്കാതെ കഴികയില്ല. എന്നാൽ അതുകൊണ്ടു് അവർ എല്ലാവരും പ്രവൃത്തിവിമുഖന്മാരാണെന്നു വിചാരിക്കുന്നതു് യുക്തികൊണ്ടു പ്രാപ്തമായ ഒരനുമാനമല്ല. ഒരു കവച്ചുചാട്ടം മാത്രമാണെന്നു തോന്നുന്നു. എന്നാൽ ഒന്നു് ആലോചിക്കേണ്ടതായിട്ടുണ്ടു്. ചിന്തയുടെ ഫലമല്ലാതെ പ്രവൃത്തികൊണ്ടു വല്ല ഫലവുമുണ്ടാകുമൊ?. ഇന്നു പ്രവൃത്തിശീലന്മാരെന്നു അഭിമാനിക്കുന്ന പാശ്ചാത്യർ എല്ലാവരും അവലംബിച്ചിരിക്കുന്ന മതം അല്ലെങ്കിൽ ഈശ്വരവിശ്വാസം ഒരു വിശിഷ്ടനായ പൌരസ്ത്യനാൽ സ്ഥാപിക്കപ്പെട്ടതല്ലയൊ?. ഈ മതത്തിന്റെ ഛായയിൻകീഴിലല്ലയൊ ഇന്നവർ സുരക്ഷിതരായിരിക്കുന്നതും പ്രവൃത്തിചെയ്യുന്നതും?. ക്രിസ്തുദേവൻ എവിടെയാണു ജനിച്ചതു്? അദ്ദേഹത്തിന്റെ വദനത്തിൽനിന്നും നിൎഗ്ഗമിച്ച തത്വങ്ങളല്ലയോ ഇന്നു പാശ്ചാത്യലോകത്തെ ആകമാനം ഭരിക്കുന്നതു്. പൌരസ്ത്യർ ചിന്താശീലന്മാരായിരുന്നതുകൊണ്ടല്ലയൊ പാശ്ചാത്യൎക്കു് ഇന്നു കാണുന്ന സകല ഉൽക്കൎഷങ്ങളും ലഭിച്ചതു്?. ഇതുപോലെതന്നെ മറെറല്ലാ മതസ്ഥാപകന്മാരും പൌരസ്ത്യന്മാരല്ലയൊ? ഇവർ ഇന്നു് എത്രയോ ലക്ഷം മനുഷ്യരെ ഭരിച്ചുവരുന്നു!. വാസ്തവത്തിൽ പൌരസ്ത്യദീപത്തിന്റെ സഹായംകൊണ്ടാണു് പാശ്ചാത്യർ ഇന്നു ലോകയാത്ര ചെയ്യുന്നതു്. ഏതു പ്രവൃത്തിയുടേയും ജനയിതാവു് ഒരു ചിന്തയാണെന്നു പറയപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ചിന്തയ്ക്കല്ലയോ പ്രാധാന്യം കല്പിക്കേണ്ടതു്. എന്നാൽ വാസ്തവത്തിൽ പൌരസ്ത്യർ പ്രവൃത്തിവിമുഖന്മാരല്ല. എന്നാൽ അവരുടെ ആദൎശം "അഹിംസാപരമോധൎമ്മ" എന്നായിരുന്നതിനാൽ അവർ നശീകരണോപകരണങ്ങളും മററു യുദ്ധസാമഗ്രികളും നിൎമ്മിക്കാൻ ശ്രമിച്ചിട്ടില്ല, എന്നുള്ളതു പരമാൎത്ഥം തന്നെയാണു്. എന്നാൽ ജനങ്ങൾക്കുപകാരപ്രദങ്ങളായ കൃഷിവ്യവസായാദികളിൽ അവർ ബുദ്ധിപൂൎവ്വം പ്രവൃത്തിച്ചുതന്നെ വന്നിരുന്നു. പാശ്ചാത്യപരിഷ്കാരം രൂപവൽക്കരിക്കപ്പെടാതെ മൂശയിൽ കിടന്നുരുകുന്നകാലത്തും പൌരസ്ത്യർ പ്രായോഗികവും പ്രാമാണികവുമായ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ എത്തിക്കഴിഞ്ഞിരുന്നു. എന്നാൽ തുടരെത്തുടരെയുള്ള വിദേശാക്രമണം നിമിത്തം ഇതിനൊക്കെയും അല്പം ഹാനി തട്ടീട്ടുണ്ടെന്നുള്ളതു് വിസ്മരിക്കാൻ പാടില്ല. രണ്ടു ഭിന്നപരിഷ്കാരങ്ങളെ പററി ഗുണദോഷവിവേചനം ചെയ്യണമെങ്കിൽ അവ രണ്ടും ഒരേ വ

ഴിക്കുതന്നെ ഗമിക്കുന്നവയായിരിക്കണം. എന്നാൽ ഇന്നു നാം പൗരസ്ത്യപരിഷ്കാരമെന്നും പാശ്ചാത്യപരിഷ്കാരമെന്നും പറഞ്ഞുവരുന്നവ രണ്ടും ഭിന്നസ്വഭാവമുള്ള രണ്ടുവഴിക്കു പോകുന്നവയാണ്. അതുകൊണ്ട് ഇവിടെ താരതമ്യവിവേചനത്തിനു ശക്യതയില്ല. എന്നുതന്നെയുമല്ല, ആദർശങ്ങളുടെ ഭിന്നത്വം നിമിത്തം പാശ്ചാത്യർ പരിഷ്കാരമെന്നു വിചാരിക്കുന്നതിനെ പൗരസ്ത്യർ അങ്ങിനെ വിചാരിക്കുന്നുമില്ല. കഴിയുന്നിടത്തോളം ധനം സമ്പാദിക്കണമെന്നോ, ഭൂമിയുടെ കഴിവുള്ളിടത്തോളം ഭാഗം കൈവശപ്പെടുത്തണമെന്നോ ഉള്ള ആഗ്രഹത്തെ അടിസ്ഥാനപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ—എത്രതന്നെ നിറംപിടിപ്പിച്ചാലും യഥാർത്ഥപരിഷ്കാരമാണെന്നു വല്ലവരും പറയുമോ എന്നു സംശയമാണ്. ഇതുകൊണ്ടാണ് പൗരസ്ത്യർ തങ്ങളെ ഗ്രസിക്കാൻ വരുന്ന ഈ പരിഷ്കാരത്തോടു പരാങ്മുഖന്മാരായി കാണപ്പെടുന്നത്. പാശ്ചാത്യരാജ്യങ്ങൾ അപഹരണാർത്ഥം കിഴക്കോട്ടു നീട്ടിത്തുടങ്ങിയിരിക്കുന്ന സുദീർഘങ്ങളായ ഹസ്തങ്ങളുടെ പരുഷസ്പർശം ഏല്ക്കാതെ ഇന്നു പൗരസ്ത്യരാജ്യം ഒന്നുംതന്നെ ഇല്ല. പൗരസ്ത്യരുടെ തലയിലേക്കു കയററാൻ ഭാവിക്കുന്ന ഇത്തരം പരിഷ്കാരം അവർ വഹിക്കാൻ സന്നദ്ധരാണെന്നു തോന്നുന്നില്ല.

പൗരസ്ത്യർക്കുള്ള മറെറാരു ആക്ഷേപം അവർ യാഥാസ്ഥിതികന്മാരാണെന്നാണ്. ഇതു പക്ഷെ ഒരുകാലത്തു വാസ്തവമായിരുന്നിരിക്കാം, എന്നാൽ ഇപ്പോഴത്തെ സ്ഥിതി ഇതൊന്നുമല്ല. പൗരസ്ത്യർ അർദ്ധസുഷുപ്ത്യവസ്ഥയിൽനിന്നും ഉണർന്നു സ്വാതന്ത്ര്യത്തിനും ഉല്കർഷത്തിനും വേണ്ടി തീക്ഷ്ണപരിശ്രമം തുടങ്ങീട്ടു കാലം കുറഞ്ഞോന്നായി. ഇൻഡ്യ, ചൈന, ജപ്പാൻ, അഫ്ഗാനിസ്ഥാൻ മുതലായ രാജ്യങ്ങളെ നോക്കുക. അതിനാൽ ഈ ആക്ഷേപം ഇന്നു നിലനില്ക്കത്തക്കതല്ല. സ്ഥിരത്വം ചിലപ്പോൾ പിന്നോക്കമുള്ള ഗതിയെ സൂചിപ്പിക്കുന്നതായിരിക്കാം. എന്നാൽ സ്ഥിരത്വമാണ് പൗരസ്ത്യപരിഷ്കാരത്തെ ഹിമവാൻെറ കൊടുമുടികൾപോലെ ഉറപ്പുള്ളതാക്കി സംരക്ഷിച്ചുവരുന്നത്. യൂറോപ്പിൽ എത്രയോ സാമ്രാജ്യങ്ങളും പരിഷ്കാരങ്ങളും ഉത്ഭവിക്കയും നശിക്കയും ക്ഷണമാത്രയിൽ ചെയ്തുകഴിഞ്ഞിരിക്കുന്നു. പൗരസ്ത്യപരിഷ്കാരം അല്പം കേടുതട്ടിയെങ്കിലും ഇന്നും നശിക്കാതെ നില്ക്കുന്നുണ്ട്.

പൗരസ്ത്യരെപ്പററിയുള്ള മറെറാരാക്ഷേപം അവർ ഘടസന്ദർഭങ്ങൾ നേരിടുമ്പോൾ അവയെ തരണംചെയ്യുന്നതിനു തീരെ അസമർത്ഥന്മാരാണെന്നാണ്. പ്രത്യേകിച്ചും മാനുഷികശത്രുക്കളോടു ഇടപെടുമ്പോൾ അവർ അവരുടെ പൂർണ്ണഅപ്രാപ്തിയെ പ്രദർശിപ്പിക്കുന്നു. ഇതുനിമിത്തമാണ് ചൈന രണ്ടുപ്രാവശ്യം അപരിഷ്കൃതന്മാരാൽ ജയിക്കപ്പെട്ടതും ഇൻഡ്യ ഒരു കച്ചവടസംഘത്തിനാൽ കീഴടക്കപ്പെട്ടതും. ഇതു ശരിതന്നെ.

പൗരസ്ത്യർക്ക് അന്യരാജ്യങ്ങളെ പിടിക്കണമെന്നൊ കീഴടക്കി ഭരിക്കണമെന്നൊ ഉള്ള ഉദ്ദേശം ഉണ്ടായിരുന്നില്ല. അവർ തങ്ങളുടെ രാജ്യങ്ങളെ പുഷ്ടിയാക്കി തൃപ്തിയോടുകൂടി വസിക്കണമെന്നു മാത്രമെ ഉദ്ദേശിച്ചിരുന്നുള്ളൂ. അതുകൊണ്ട് സൈന്യങ്ങളേയൊ യുദ്ധസാമഗ്രികളേയൊ നശീകരണോപകരണങ്ങളേയൊ സൃഷ്ടിച്ചു പരപീഡയ്ക്ക് ഒരുങ്ങിയിരുന്നില്ല എന്നുള്ളതു വാസ്തവംതന്നെയാണ്. ഇക്കാലത്തു പാശ്ചാത്യർ ഇതരരാജ്യങ്ങളെ ആക്രമിക്കുന്നതിനും കൈവശപ്പെടുത്തുന്നതിനും സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബലവത്തുകളായ ഉപകരണങ്ങൾ പൗരസ്ത്യർ സന്നദ്ധമാക്കീട്ടില്ല. ഇതു അവരുടെ അഹിംസാപരമായ സ്വഭാവമൊ ചിത്തവൃത്തിയൊ കൊണ്ടാണ്. ഇതു പാശ്ചാത്യദൃഷ്ടിയിൽ ചാപല്യത്തിൻെറ ഒരു വകഭേദമാണ്. ശക്തിതന്നെ യുക്തിയായിരിക്കുന്ന കാലത്ത് ഇതൊരാക്ഷേപംതന്നെ ആയിരിക്കാം.

പൗരസ്ത്യർ പാശ്ചാത്യരെപ്പോലെ സമുദ്രത്തെ പരിശോധിച്ചിട്ടില്ലെന്നും പുതിയ ലോകങ്ങൾ കണ്ടുപിടിച്ചിട്ടില്ലെന്നും മററുമാണ് വേറൊരു ആക്ഷേപം. ഇതും ശരിതന്നെ. എന്നാൽ പൗരസ്ത്യർ പരിശോധിച്ചിട്ടുള്ള അപാരവും അഗാധവുമായ വേദാന്തസമുദ്രത്തേയൊ, അവർ കണ്ടുപിടിച്ചിട്ടുള്ള ചിന്താലോകങ്ങളേയൊ പാശ്ചാത്യർ ആരെങ്കിലും ഇന്നു പരിശോധിക്കയൊ കണ്ടുപിടിക്കയൊ ചെയ്തിട്ടുണ്ടൊ?. പൗരസ്ത്യതത്വജ്ഞാനികളുടെ അഭിപ്രായപ്രകാരം മനുഷ്യവർഗ്ഗത്തിൻെറ പരമോദ്ദേശം രാജ്യം കൈവശപ്പെടുത്തുകയൊ, ധനം സഞ്ചയിക്കയൊ അല്ല, ആത്മജ്ഞാനസമ്പാദനവും ആത്മാവിൻെറ പരിപൂർണ്ണപ്രാപ്തിയുമാണെന്നാണ്. അതിനാൽ പൗരസ്ത്യരുടെ കണ്ടുപിടിത്തവും പരിശോധനയും ഒരു ഭിന്നമാർഗ്ഗത്തിൽക്കൂടിയായിരുന്നുവെന്നേയുള്ളൂ. പൗരസ്ത്യന്മാർ ഈ മാർഗ്ഗത്തെ വിട്ട് പാശ്ചാത്യരെപ്പോലെ ഭൂഭാഗങ്ങളെ കണ്ടുപിടിക്കുന്നതിനു മാത്രം ശ്രമിച്ചിരുന്നുവെങ്കിൽ ഇന്നു ലോകത്തിന് എന്തുമാത്രം ആത്മീയനഷ്ടം നേരിടുമായിരുന്നു?. മനുഷ്യവർഗ്ഗത്തിൻെറ ഒരു ഭാഗം ചിന്താനിരതന്മാരും മററൊരുഭാഗം പ്രവൃത്തിതല്പരന്മാരുമായിരുന്നാൽ മാത്രമെ ലോകത്തിനു സാർവത്രികമായ പുരോഗമനം സിദ്ധിക്കാൻ തരമുള്ളൂ. മനുഷ്യൻെറ ഒരുവശംമാത്രം വികസിപ്പിച്ചാൽ പൂർണ്ണത സിദ്ധിക്കയില്ല.

പ്രയത്നം മനുഷ്യനെ ഭൗതികസുഖത്തിലേക്ക് നയിക്കുന്നു. മതം മനുഷ്യനെ ആത്മീയനിർവൃതിയിലേക്ക് ക്ഷണിക്കുന്നു. തത്വജ്ഞാനം മനുഷ്യനെ തൻെറയാഥാർത്ഥ്യത്തെ ഗ്രഹിക്കുന്നതിനു സഹായിക്കുന്നു. വിദ്യാഭ്യാസം മനുഷ്യനെ തല്ക്കാലസ്ഥിതിയിൽ നിന്നും അധികം ഉത്കൃഷ്ടമായ സ്ഥിതിയിലേക്ക് ഉയർത്തുന്നു. മനുഷ്യവർഗ്ഗത്തിൻെറ പരിപൂർണ്ണതയ്ക്ക് ഇവയൊക്കെയും അത്യാവശ്യമാണ്. പൗരസ്ത്യരെ അവഗണിക്കുന്നത് മനുഷ്യവർഗ്ഗത്തിൻെറ ഒരു പ്രധാനമായ വശത്തെ വിസ്മരിക്കയാണ്. പ്രാചി

യില്ലെങ്കിൽ പ്രതീചിയില്ല. പ്രതീചിയില്ലെങ്കിൽ പ്രാചിയുമില്ല. ഒരു ആംഗ്ലേയകവി പറയുന്നതുപോലെ—

ഒരുസംഗതിസ്പഷ്ടമാണ് -ഈശ്വരസൃഷ്ടിയിലൊന്നുംതന്നെ
അസ്ഥാനത്തിലല്ല.

## ദുശ്ശീലങ്ങളുടെ ഹേതുവും പരിഹാരവും

### * തടയേണ്ട വിധവും.

അജീർണ്ണരോഗങ്ങളിൽ ഇരുപതു ശതമാനം മാത്രമെ ഉദരദോഷം നിമിത്തം ഉണ്ടാകുന്നുള്ളു എന്ന് ഒരു പ്രസിദ്ധഭിഷഗ്വരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അഞ്ചിൽ നാലും, നേത്രംകൊണ്ട് അധികമായി ജോലിചെയ്യുക, പെട്ടെന്നു ക്ഷോഭിക്കുക, വ്യായാമം ചെയ്യാതിരിക്കു, അത്യധ്വാനം ചെയ്ക മുതലായവയാൽ സംഭവിക്കുന്നതാണ്. അതിനാൽ അവ അനുകമ്പാർഹമാകുന്നു. അജീർണ്ണരോഗം ചികിത്സിച്ചു ഭേദമാക്കുന്നത്, അതിനുള്ള കാരണം കണ്ടുപിടിക്കുന്നതിലുള്ള ശ്രദ്ധയേയും സാമർത്ഥ്യത്തേയും ആണ് ആശ്രയിക്കുന്നത് എന്ന് അദ്ദേഹം പറയുന്നു. അല്ലെങ്കിൽ രോഗഹേതുവിനു വേണ്ട ചികിത്സ നൽകുന്നതിനു പകരം അതിൻെറ ചില ലക്ഷണങ്ങൾക്കു പരിഹാരം ഉണ്ടാക്കുവാനെ സാധിക്കയുള്ളു. അതുകൊണ്ട് ആ ഉപദ്രവത്തിൽനിന്നും ആശ്വാസം നേടാമെങ്കിലും സുസ്ഥിരമായ ഒരു പരിഹാരം ഉണ്ടാക്കി എന്നു വിചാരിച്ചുകൂട.

ദുശ്ശീലങ്ങളുമായി ഇടപെടുന്ന ഒരു അധ്യാപകൻെറ സ്ഥിതി, ഒരു രോഗത്തെ ചികിത്സിക്കുന്ന ഭിഷഗ്വരൻേറതുപോലെതന്നെയാണെന്ന് വ്യക്തമായല്ലൊ.

ഒരു അധ്യാപകൻെറ കീഴിൽ വിദ്യാലയജോലിയിൽ അശ്രദ്ധനായ ഒരു വിദ്യാർത്ഥിയുണ്ട്. പലപ്പോഴും അയാൾ അനുസരണമില്ലാത്തവനായി കാണപ്പെടുന്നു. അധ്യാപകൻ സാമർത്ഥ്യത്തോടുകൂടി പല മാർഗ്ഗങ്ങളും നോക്കിയെങ്കിലും ഫലമൊന്നുമുണ്ടാകുന്നില്ല. ശിക്ഷകൊണ്ട് അല്പകാലത്തേക്കു ഗുണമുണ്ടായെങ്കിലും കുട്ടി വീണ്ടും അയാളുടെ പഴയ നടപടിക

* മിസ്സ് കോറിഗോർഡൺ 'ദി ഇൻഡ്യൻ എഡ്യൂക്കേറ്റർ' എന്ന മാസികയിൽ എഴുതിയിട്ടുള്ള ഒരു ലേഖനം.

ളിലേപ്പെട്ടുന്നു. അയാഠം നല്ലവനാകുന്നതിനു പകരം കൂടുതൽ ചീത്തയാകുന്നതായി കാണപ്പെട്ടു. അധ്യാപകൻ രോഗലക്ഷണങ്ങളെ മാത്രമെ ചികിത്സിക്കുന്നുണ്ടായിരുന്നുള്ളു. എന്നാൽ കുറെക്കാലം കഴിഞ്ഞപ്പോഠം ആ കുട്ടി എട്ടു കുഞ്ഞുങ്ങളുള്ള ഒരു ഗൃഹത്തിൽനിന്നാണു് വന്നിരുന്നതെന്നു അധ്യാപകൻ മനസ്സിലാക്കി. ആ കുട്ടിയുടെ പിതാവു് മരിച്ചിരുന്നു. മാതാവു് ദിവസവും വേലയ്ക്കുപോകുക പതിവായിരുന്നു. കുട്ടികളുടെ കാൎയ്യം അവർതന്നെയാണു് നോക്കിയിരുന്നതു്. നമ്മുടെ വിദ്യാൎത്ഥി രാവിലെ അഞ്ചുമണിക്കു ഉറക്കമുണൎന്നു് തെരുവീഥിയിൽ പാൽക്കച്ചവടം ചെയ്തിരുന്ന ഒരു പാൽക്കാരനെ സഹായിക്കുകയും ശരിയായ ഭക്ഷണം കൂടാതെ–ചിലപ്പോഠം ഭക്ഷണംതന്നെയില്ല–പള്ളിക്കൂടത്തിൽ വരികയും ആയിരുന്നു പതിവു്. അധ്യാപകൻ ആ കുടുംബത്തിനു വേണ്ട സഹായംചെയ്യുവാൻ ശ്രമിച്ചു. അതുകൊണ്ടു് ആ കുട്ടിക്കു് വേണ്ട ഉറക്കവും ഭക്ഷണവും ലഭിച്ചു. അധ്യാപകന്റെ പ്രോത്സാഹനത്തോടുകൂടി ശരിയായി പാഠങ്ങഠം പഠിച്ചുതുടങ്ങുകയും, ശരിയായി പെരുമാറുകയും, ക്ലാസ്സിലെ സമൎത്ഥന്മാരായ അദ്ധ്യേതാക്കളിൽ ഒരുവനായത്തീരുകയും ചെയ്തു. അധ്യാപകന്റെ വിജയം, കുട്ടിയുടെ അശ്രദ്ധയ്ക്കുള്ള കാരണം കണ്ടുപിടിച്ചതുകൊണ്ടും അതിനെ പരിഹരിച്ചതുകൊണ്ടും ആയിരുന്നു. ഇങ്ങനെയുള്ള സ്ഥിതിഗതികളിൽ എല്ലാ അധ്യാപകന്മാൎക്കും, ഇപ്രകാരമുള്ള ഒരു കാൎയ്യം ഇത്രത്തോളം വിജയപ്രദമായി നിൎവ്വഹിക്കുവാൻ സാധിക്കുകയില്ലായിരിക്കാം. എന്നാൽ ശരിയായ ഒരു വിവേചനാശക്തി, അയാളെ ഇങ്ങനെയുള്ള കാൎയ്യങ്ങളിൽ കൂടുതൽ അനുഭാവത്തോടും വിജയത്തോടുംകൂടി പ്രവൎത്തിക്കുന്നതിനു സഹായിക്കുന്നതാണു്. ഭിഷഗ്വരൻ അജീൎണ്ണത്തിനു എല്ലായ്പോഴും ഒരു മരുന്നുതന്നെ കുറിക്കുന്നതുപോലെ, ഒരു പ്രത്യേകതരം ദുശ്ശീലത്തെ എല്ലായ്പോഴും ഒരേരീതിയിൽ ചികിത്സിക്കുന്നതും ബുദ്ധിശൂന്യമായ ഒരു പ്രവൃത്തിയാണു.

അദ്ധ്യാപകനു് ഭിഷഗ്വരനിൽനിന്നും വേറൊരു നിൎദ്ദേശംകൂടി സ്വീകരിക്കാം. ഭിഷഗ്വരന്മാർ രോഗം ചികിത്സിക്കുന്നതിലെന്നപോലെ തടയുന്നതിലും ശ്രദ്ധയുള്ളവരാണു്. അതുപോലെ അധ്യാപകൻ ആദ്യം ദുശ്ശീലങ്ങളെ തടയുന്നതിനു ശ്രമിക്കണം.

ഭിഷഗ്വരനു് മനുഷ്യശരീരത്തേയും, രോഗാണുക്കളേയും, രോഗോത്ഭവത്തേയും പററി ശരിയായ ജ്ഞാനമുള്ളതുകൊണ്ടാണു് രോഗത്തെ തടയുവാൻ സാധിക്കുന്നതു്. ഈ ജ്ഞാനം ശരിയായി ഉപയോഗിക്കുകയാണെങ്കിൽ ഏതു രോഗവും തടയാവുന്നതാണു്. അതുപോലെ അധ്യാപകനു് ബാല്യജീവിതത്തേയും സ്വഭാവരൂപീകരണനിയമങ്ങളേയും പററി ശരിയായ ഒരു ജ്ഞാനമുണ്ടായിരിക്കണം. ഈ ജ്ഞാനം പല ദുശ്ശീലങ്ങളേയും തടയുന്നതിനു അയാളെ സഹായിക്കണം. ദുശ്ശീലങ്ങളെ തടയുന്നതിൽ അ

ദ്ധ്യാപകനെ സഹായിക്കുന്ന ചില തത്വങ്ങളെപ്പററിയാണ് ഈ ലേഖനത്തിൽ ഞാൻ നിർദ്ദേശിക്കുവാൻ ഭാവിക്കുന്നത്.

കുട്ടികളിലുള്ള ഏറ്റവും പ്രധാനമായ ജന്മവാസന പ്രവൃത്തിതല്പരതയാണ്. അത് കായികവും മാനസികവുമായിട്ടുള്ളതുമാണ്. ഒരു കുട്ടിയുടെ വിദ്യാലയത്തിനു പുറമെയുള്ള ജീവിതം ഇതിനു ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്. ഉണന്നിരിക്കുന്ന സമയത്ത് അവൻെറ ശരീരവും മനസ്സും പ്രവൃത്തിക്കുന്നതിന് പ്രേരിതമാകുന്നു. കയ്യുംകെട്ടിയിരിക്കുന്നതിന് നിർബന്ധിതനാകുന്നിടത്തോളം കഠിനമായ ഒരു ശിക്ഷ ഒരു കുട്ടിക്കു വേറെ ഉണ്ടാകാനില്ല. പുരാതനകാലത്തെ വിദ്യാലയങ്ങൾ കായികമായ ആഗ്രഹങ്ങളെ മാനസികമായ ആഗ്രഹങ്ങൾക്ക് ബലികഴിച്ചുവന്നു. സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. കുട്ടിയുടെ വിദ്യാലയത്തിലെ ബുദ്ധിജന്യമായ ജീവിതം ബാല്യകാലത്തിലെ താല്പര്യങ്ങൾക്കനുകൂലമായിരുന്നില്ല. കുട്ടിയുടെ കായികമായ ജോലിക്കുള്ള അഭിലാഷത്തെ പൂൎണ്ണമായി ഉപേക്ഷിച്ചിരുന്നു. യഥാൎത്ഥത്തിൽ അടുത്ത കാലത്താണ് കായികവിനോദത്തിന് ഒരു സ്ഥാനം ലഭിച്ചിട്ടുള്ളത്. ചുരുക്കത്തിൽ വിദ്യാലയം കുട്ടിയുടെ സ്വഭാവത്തിന് പ്രതികൂലമായിരിക്കുന്നു. കുട്ടി പ്രവൃത്തിക്ക് എപ്പോഴും പ്രേരിതനാകുന്നു. കാൎയ്യങ്ങൾ കണ്ടാണ് അവൻ പഠിക്കുന്നത്. വാക്കുകൾ കൊണ്ടല്ല. കണ്ടതുപോലെ പ്രവൎത്തിക്കുവാൻ ആഗ്രഹിക്കയും ചെയ്യുന്നു. കുട്ടിയുടെ ചിന്ത സ്വാഭാവികമായി, ഏതെങ്കിലും ഒരു പ്രവൃത്തിരൂപത്തിലാണ് പ്രകടിതമാകുന്നത്. പ്രവൃത്തി അവൻെറ ചിന്തയെ പ്രേരിപ്പിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. പള്ളിക്കൂടത്തിൽ ഒരേ സ്ഥാനത്തുതന്നെ അധികസമയമിരുത്തി, താല്പൎയ്യമില്ലാത്ത വാക്കുകളെനോക്കി, പ്രകൃതിവിരുദ്ധമായ രീതിയിൽ പഠിക്കുന്നതിന് നിർബന്ധിതനാവുക; കായികമായ പ്രവൃത്തിചെയ്യുന്നതിന് അവസരം നൽകാതിരിക്ക; ഈവക വിഷമത്തിൽപെട്ട ഒരു കുട്ടി അവൻെറ ചിന്ത, നിയമവിരുദ്ധമായ മാൎഗ്ഗങ്ങളിൽക്കൂടി പ്രകടിപ്പിക്കുന്നതു് സാധാരണമാണ്. അതിനെയാണ് വിദ്യാലയം അനുസരണമില്ലായ്മ, സമാധാനമില്ലായ്മ, ശീഘ്രത്തരം, കാലുകൊണ്ട് ശബ്ദമുണ്ടാക്കുക എന്നൊക്കെ പറയുന്നത്.

പ്രവൃത്തിക്ക് അൎഹിക്കുന്ന വിധത്തിൽ ഒരു സ്ഥാനം കൊടുത്ത് നമ്മുടെ വിദ്യാലയങ്ങളെ പുനഃസംഘടിപ്പിക്കേണ്ട ആവശ്യം നേരിട്ടിരിക്കുന്നു. പ്രവൃത്തിപരമായ ഒരു ബോധനസമ്പ്രദായമാണ് നമുക്കാവശ്യമുള്ളത്. ബോധനത്തിൽ പ്രവൃത്തിയുടെ ആവശ്യകതയേയും ദുശ്ശീലങ്ങളെ തടയുന്നതിലുള്ള അതിൻെറ ഉപയോഗത്തേയും കാണിക്കുന്നതിന് ഇന്നു മനശ്ശാസ്ത്രസംബന്ധമായ അന്വേഷണങ്ങൾക്കും വിദ്യാലയത്തിലെ അനുഭവങ്ങൾക്കും സാധിക്കുന്നുണ്ട്.

പ്രകൃത്യാ ഒരു കുട്ടി മാനസികമായും സജീവമായിരിക്കും. പുതിയ പുതിയ അനുഭവമുണ്ടാകുന്നതിന് അവൻ ജിജ്ഞാസ കാണിക്കുകയും, അവൻ ജീവിക്കുന്ന വിശാലവും വിസ്മയനീയവുമായ ലോകത്തെപ്പററി കൂടുതൽ അറിയുന്നതിന് ആഗ്രഹിക്കുകയും ചെയ്യുന്നു. അവൻെറ പരിസരത്തിലുള്ള താല്പര്യം അതിശക്തിയുള്ളതാണ്. എന്തു്? എന്തിന്? എന്നുള്ള അവൻെറ ചോദ്യങ്ങൾ അതു സ്പഷ്ടമാക്കുന്നു. അദ്ധ്യാപകൻെറ പരാജയം പലപ്പോഴും, ബാല്യകാലത്തിലെ സ്വാഭാവികമായ താല്പര്യങ്ങളെ ആകർഷിക്കുന്നതിനുള്ള അയാളുടെ അസാദ്ധ്യതയെയാണ് അവലംബിച്ചിരിക്കുന്നതു്. പ്രായമായവക്ക് യോജിച്ച ഭക്ഷണമാണ് അയാൾ കുട്ടികൾക്കു നൾകുന്നതു്. അതു് കുട്ടികളെ ആകർഷിക്കുന്നില്ലെന്നു മാത്രമല്ല, ആകർഷിക്കുകയുമില്ല. ഫലം വിദ്യാലയത്തിലെ വിഷയങ്ങളോടുള്ള ഇഷ്ടമില്ലായ്മയാണ്. കുട്ടിയുടെ പ്രകൃത്യായുള്ള മാനസികവാസനകളെ സുശീലങ്ങളുടെ രൂപത്തിൽ വിദ്യാലയോദ്ദേശങ്ങളെ നിർവഹിക്കത്തക്കവണ്ണം നാം സജ്ജീകരിക്കണം.

കുട്ടികളുടെ പൂർണ്ണമായ വിദ്യാഭ്യാസത്തിന് പള്ളിക്കൂടം ഉത്തരവാദിയായിരിക്കുന്നതല്ല. എന്നാൽ അതു് അതിൻെറ ഭാഗമെങ്കിലും നിർവഹിക്കണം. ബാല്യകാലത്തിലെ പ്രധാനവികാരങ്ങളെ നിയന്ത്രിക്കുന്നതിൽ അദ്ധ്യാപകൻ, മനശ്ശാസ്ത്രം നിബന്ധിച്ചിട്ടുള്ള സ്വഭാവരൂപവല്ക്കരണനിയമങ്ങളെ അനുസരിക്കണം. ഈ വികാരങ്ങൾ എത്രയും ശക്തിമത്തായിരിക്കുമ്പോൾ അദ്ധ്യാപകൻ ശ്രദ്ധിക്കുകയും, അതു ശരിയായ മാർഗ്ഗത്തിലാണ് ആരംഭിച്ചിട്ടുള്ളതെന്നു കാണുകയും, പ്രകടിപ്പിക്കുന്നതിന് ധാരാളം സൌകര്യം നൾകുകയും, തെററുകൾ പററാതെ സൂക്ഷിക്കുകയും വേണം. പാണ്ഡിത്യവും സുശീലവും ഈ തത്വങ്ങളെ പ്രയോഗിക്കുന്നതിനെയാണ് അവലംബിക്കുന്നതു്.

ശരിയായ മാർഗ്ഗദർശിത്വം മർദ്ദനത്തേക്കാൾ ഉത്തമമായിട്ടുള്ളതാണ്. പ്രധാനവാസനകളെ മർദ്ദിച്ചാൽ വതരോഗം ഉണ്ടാകുന്നതാണെന്ന് മനശ്ശാസ്ത്രവിദഗ്ദ്ധനായ ഫ്റൂഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അപസ്മാരം മുതലായ പല രോഗങ്ങളും ബാല്യകാലത്തിലെ മർദ്ദനത്തിൻെറ ഫലമാണെന്ന് അദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ട്. ദുശ്ശീലങ്ങളെ തടയുന്നതിന് അദ്ധ്യാപകൻേറയും അദ്ധ്യേതാവിൻേറയും ശക്തിയെ ശരിയായി നിയന്ത്രിക്കുകയും വിദ്യാർത്ഥിയുടെ സ്വഭാവാംശങ്ങൾക്ക് ഉത്തമമായ രീതിയിൽ പോഷണം നൾകുകയും ആണു വേണ്ടതു്. ദുശ്ശീലങ്ങളെ തടയുന്നതിനു മാത്രമല്ല, സുശീലങ്ങളെ സുസ്ഥാപിതമാക്കുവാനും അദ്ധ്യാപകൻ ശ്രമിക്കണം. കുട്ടികളെ ആരോഗ്യത്തിലും ശുചിത്വമുള്ള പരിസരത്തിലും സൂക്ഷിക്കണമെന്നുള്ള തത്വത്തിൻെറ പ്രാധാന്യത്തെ പ്രബലപ്പെടുത്താത്ത ഒരു അദ്ധ്യാപനശാസ്ത്രവും പൂർണ്ണമാകുന്നതല്ല. നേത്രത്തിനു ക്ര

മമായ കാഴ്ച, കണ്ണത്തിന്ന ശരിയായ ശ്രവണശക്തി, ക്ലാസ്സുമുറിയിൽ ശരിയായ വായു പ്രവേശിക്കുവാനുള്ള സൌകര്യം മുതലായവ എപ്പോഴം സുശീലങ്ങളുടെ കൂട്ടുകാരായിരിക്കുന്നതാണ്.

## ഉദ്ധാരണങ്ങൾ.

### വായിക്കുന്ന സ്വഭാവങ്ങൾ

ഡാക്ടർ എൽ. പി. ലാഴ്സൻ എം. ഏ. ഡി. ഡി. പ്രസ്തുത വിഷയത്തെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"വായന അല്പം ചുരുക്കുകയും ചിന്ത കുറെ കൂട്ടുകയും ചെയ്യുന്നതു നല്ലതാണ് എന്ന ചിലർ പറയാറുണ്ട്. വളരെ കുറച്ചുപേർക്കുമാത്രം വായന അറിയാവുന്ന ഒരു രാജ്യത്തിൽ, വായിക്കുന്നതിനുള്ള ശക്തി മാത്രമല്ല—ആ ശക്തിയെ ഉപയോഗിക്കയും ജനങ്ങൾ യഥാർത്ഥമായി വായിക്കുകയും ചെയ്യുമ്പോഴും—വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം എന്ന പക്ഷെ നാം വിസ്മരിച്ചേക്കാം. എല്ലാവർക്കും വായിക്കുവാനറിയാവുന്ന രാജ്യങ്ങളിൽ വായിക്കുവാൻ സാധിക്കാത്തവർ അജ്ഞരായിരിക്കണമെന്നില്ലെന്നും, വായന അറിയാത്തവർ വിദ്യാഭ്യാസമില്ലാത്തവരായിരിക്കണമെന്നില്ലെന്നും നാം വിസ്മരിച്ചു എന്ന വരാം.

ഇവയൊന്നും നമുക്കു വിസ്മരിക്കാവുന്നവയല്ല. എന്നാൽ ഇവിടെ പ്രധാനമായി പറയേണ്ടതു വായന അറിയാവുന്നവരെ ആ ശക്തി ശരിയായി ഉപയോഗിക്കുന്നതിന്ന പ്രേരിപ്പിക്കണമെന്നുള്ളതാണ്. നമ്മുടെ വിദ്യാലയങ്ങളിൽ വായനയിൽ അഭിരുചിയുണ്ടാക്കുന്നതിനും വായനാശീലത്തെ പോഷിപ്പിക്കുന്നതിനും നാം വിദ്യാർത്ഥികളെ സഹായിക്കേണ്ടതാകുന്നു.

ഇന്നു നമ്മുടെ മുമ്പിൽ വായിക്കുവാനുള്ള പല വസ്തുക്കളും വന്നുചേരുമ്പോൾ വായനയെ കേവലം നാമമാത്രമാക്കുന്നതുകൊണ്ട് നമുക്കൊ മററുള്ളവർക്കൊ പ്രയോജനമില്ല. നമ്മുടെ പത്രങ്ങൾ നാം വേഗം വായിച്ചു തള്ളുന്നു. അവ ശരിയായി വായിക്കുന്നതിന്ന സമയമില്ല. പത്രത്തിൽ ഉള്ളതെല്ലാം ഒരു നോട്ടത്തിനെ വകയുള്ളു എന്ന നാം വിചാരിക്കാറുണ്ട്. വായന അല്പം കുറച്ചു ചിന്ത കുറെ കൂട്ടുന്നതു നല്ലതാണ് എന്നുള്ള തത്വ

ത്തെ പത്രവായനകൊണ്ടു അതിലംഘിക്കുന്നവർ നമ്മുടെ കൂട്ടത്തിൽ ചുരുക്കമല്ല. നാം വായിക്കുന്ന അനവധി ലഘുപുസ്തകങ്ങൾ നമ്മെ ഉത്തമരൊ ബുദ്ധിമാന്മാരോ ആക്കാത്ത നാമമാത്രമായ വായനാശീലത്തിൽ വിശ്വസിക്കുന്നതിനു പര്യാപ്തങ്ങളാകുന്നുണ്ട്. പത്രങ്ങളൊ നോവലുകളൊ വായിക്കുന്നതു തെററെന്നൊ അയോഗ്യമെന്നൊ അല്ല ഈ പറഞ്ഞതിൻെറ താല്പര്യം. നമുക്കു മററുള്ളവരിൽ താല്പര്യമുണ്ടെങ്കിൽ മനുഷ്യർ എന്തു ചെയ്യുന്നു എന്നും നമുക്കു ചുററും എന്തു സംഭവിക്കുന്നു എന്നും അറിയുന്നതിനു ആഗ്രഹിക്കുന്നതു് ശരിയും സ്വാഭാവികവുമാണ്. നമ്മുടെ മനസ്സിനും വിനോദം ആവശ്യമാണ്. നമ്മുടെ ശ്രദ്ധയെ അധികം ആവശ്യപ്പെടാത്തതും വലിയ ചിന്ത ആവശ്യമില്ലാത്തതുമായ ഒരു ഗ്രന്ഥത്തിൻെറ പാരായണത്തിന് മാനസികവിനോദമെന്ന നിലയിൽ വിലയുണ്ട്. എന്നാൽ പുതിയ വർത്തമാനങ്ങൾമാത്രം അറിയിക്കുന്നതൊ ഒരു മനഃക്ഷോഭത്തെ ഉണ്ടാക്കുന്നതൊ ആയ ഒരു വായനക്കു വിദ്യാഭ്യാസപരമായ വിലയില്ല. വായനയിലുള്ള നമ്മുടെ താല്പര്യം, ജനങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു പുസ്തകത്തെപ്പററി നമുക്കും അറിയാം എന്നുള്ള തൃപ്തിയാണെങ്കിൽ, നാം ശരിയായ വായനാശീലവുമായി അപരിചിതരാണെന്നു പറയേണ്ടിയിരിക്കുന്നു. വായനയുടെ ഉദ്ദേശം നാം അധിവസിക്കുന്ന ലോകവുമായി നമുക്കുള്ള ബന്ധത്തെ വിസ്തൃതമാക്കുകയാകുന്നു. അതു ജീവിതത്തിലും മനുഷ്യരെപ്പററി മനസ്സിലാക്കുന്നതിലും ഉള്ള നമ്മുടെ താല്പര്യത്തെ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നാകുന്നു. ഇത്തരത്തിലുള്ള വായനയെ സഹായിക്കുന്ന ശീലങ്ങളാണ് നാമിടപെടുന്ന കുട്ടികളിലും യുവജനങ്ങളിലും വളർത്തേണ്ടതു്.

നമ്മുടെ വിദ്യാർത്ഥികൾക്കു പരിചയമുള്ള വായന രസശൂന്യമാണെങ്കിൽ, അവർ പഠിക്കുന്ന പാഠങ്ങളിലെ വിലയും രസവും അറിയുന്നതിന് അവരെ സഹായിച്ചില്ലെങ്കിൽ, അവരെ പഠിക്കുന്നതിനു നിർബന്ധിക്കാത്ത ഏതെങ്കിലും ഒരു പുസ്തകം അവർ വായിക്കുന്നതിനാഗ്രഹിക്കുമെന്നു പ്രതീക്ഷിച്ചുകൂടാ. വായനയെ താല്പര്യവും ചിന്തയുമായി ഘടിപ്പിച്ചെങ്കിൽ മാത്രമെ അതിനു വിലയുണ്ടാകയുള്ളു. നാം വായിച്ചതു ഓർമ്മിച്ചാൽ മാത്രം പോരാ; നമ്മുടെ മനസ്സിൽ ചോദ്യങ്ങൾ ഉദിക്കുകയും മുമ്പെയുള്ള ചോദ്യങ്ങൾക്കു് ഉത്തരം ലഭിക്കുകയും ചെയ്താൽ മാത്രമെ നമ്മുടെ വായനകൊണ്ടു മനസ്സു വിശാലമാകുകയും ജീവിതം വിലയേറിയതായിത്തീരുകയും ചെയ്യുകയുള്ളു. അപ്പോൾ മനുഷ്യരെ—നമ്മെയും, മററുള്ളവരേയും—നല്ലപോലെ മനസ്സിലാക്കുന്നതിന് അതു നമ്മെ സഹായിക്കുന്നു. നമുക്കു ചുററും സംഭവിക്കുന്ന കാര്യങ്ങളിൽ നമുക്കു് കൂടുതൽ താല്പര്യവും ജനിക്കുന്നു.

പാഠപുസ്തകങ്ങളെപ്പററിയല്ല നാം പറയുന്നതു്. വായിക്കുവാന

ഘ്തയുള്ള എല്ലാ പുസ്തകങ്ങളും, ഇത്തരത്തിലുള്ള ലാഭത്തോടുകൂടി, ഈ രീതിയിൽ വായിക്കുന്നതിനു നാം ആഗ്രഹിക്കുന്നു.

ഇത്തരത്തിലുള്ള വായനയെ പ്രത്യേകം പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയങ്ങളുണ്ട്. പതിന്നാലുവയസ്സുമുതൽ ഓരോ ആൺകുട്ടിക്കും പെൺകുട്ടിക്കും ഒരു പുസ്തകം കൊടുക്കുകയൊ, അവരെ ഒരു പുസ്തകം തിരഞ്ഞെടുക്കുന്നതിനു സഹായിക്കുകയൊ ചെയ്യുന്നു. പുസ്തകത്തിൻെറ സംഗ്രഹവും വിമശിക്കേണമെന്നു അവക്കു തോന്നുന്ന ആ കഥയിലുള്ള ഏതു സംഭവത്തേയും ഏതു കഥാപാത്രത്തേയും പററിയുള്ള നിരൂപണവും അടങ്ങിയ ഒരു ഗ്രന്ഥപരിശോധന അവർ നടത്തണം. ക്ലാസ്സിലെയും വിദ്യാത്ഥികളുടേയും സ്ഥിതിഗതികളെ നോക്കിയാണ് ഇപ്രകാരം ഒരു കുട്ടി ഒരു കൊല്ലത്തിൽ എത്രതവണ പ്രവത്തിക്കണമെന്നു നിശ്ചയിക്കുന്നത്. അത് ഉപദ്രവകരമായ ഒരു ഭാരമാകുകയില്ല. എന്നാൽ ഉദ്ദിഷ്ടഫലം സിദ്ധിക്കയില്ലല്ലൊ. അതുകൊണ്ട് അദ്ധ്യാപകന് ധാരാളം ജോലിയുണ്ടാകും എന്നുള്ളതു് പരമാർത്ഥമാണ്. യോജിച്ച ഒരു പുസ്തകം തിരഞ്ഞെടുക്കുന്നതിന് കുട്ടിയെ അയാം സഹായിക്കണം. കുട്ടിയൊന്നിച്ച് ഉപന്യാസം വായിച്ചു പ്രോത്സാഹനവും ഉപദേശവും നാംകണം. എന്നാൽ വായനയുടെ വില അറിയുന്നതിനും, വായന ചിന്തയോടുകൂടി ഘടിപ്പിച്ചാൽ മാത്രമെ അതിന് വിലയുള്ളു എന്ന് മനസ്സിലാക്കുന്നതിനും ഈ രീതിയിലൊ മററു തരത്തിലൊ കുട്ടികളെ സഹായിക്കുവാൻ നമുക്കു കഴിയുമെങ്കിൽ അതു് യോഗ്യമായ ഒരു പ്രവൃത്തിയാണെന്നുള്ളതിനു സംശയമില്ല.

## ചരിത്രപഠനത്തിൽ പയ്യവേക്ഷണരീതികാംക്കുള്ള സ്ഥാനം.

പ്രൊഫസർ എസ്സ്. ഹനുമന്തറാവു എം. ഏ. എൽ. ടി. യുടെ അഭിപ്രായമാണ് താഴെ ഉദ്ധരിക്കുന്നതു്:—

"ഇരുപത്തിഅഞ്ചു സംവത്സരംമുമ്പ് നമ്മുടെ വിദ്യാലയങ്ങളിൽ ശാസ്ത്രം പഠിപ്പിച്ചിരുന്നതു് പയ്യവേക്ഷണശാലയുടെ സഹായം കൂടാതെയാണ്. ഓരോ ക്ലാസ്സിനും ഓരോ മുറിയുണ്ടായിരുന്നു. കരിമ്പലക മാത്രമായിരുന്നു അതിൻെറ ഏക ഉപകരണം. കുപ്പി, കുഴൽ, വായു മുതലായവ കരിമ്പലകയിൽ ചിത്രം വരച്ചാണ് കാണിച്ചിരുന്നതു്. എന്നാൽ ഇന്നു സ്ഥിതികാം ആകപ്പാടെ മാറിയിരിക്കുന്നു. ശാസ്ത്രം പഠിപ്പിക്കേണ്ടതു് തദ്വിഷയത്തിൽ ബിരുദ നേടിയ ഒരാളാണെന്ന് എല്ലാവരും നിർബന്ധിക്കുന്നു. മിക്ക വിദ്യാലയങ്ങളിലും ശാസ്ത്രസംബന്ധമായ ഉപകരണങ്ങാം സൂക്ഷിക്കുന്നതിന് ഒരു പയ്യാവേക്ഷണശാലയുണ്ട്. വേണ്ടഉപകരണങ്ങാം

ഇല്ലാത്ത പാഠശാലകൾക്ക് അംഗീകരണം നൽകുന്നില്ല.

എന്നാൽ ചരിത്രപഠനത്തെപ്പററി എന്താണ് പറയേണ്ടത്? കാൽശതാബ്ദംമുമ്പ് എല്ലാവരും ധരിച്ചിരുന്നത് പാഠപുസ്തകം വായിക്കു വാനറിയാവുന്നവരും ക്ലാസ്സിലുള്ള വരേക്കാൾ അല്പം കൂടുതൽ അറിയാവുന്ന വരും ആയ എല്ലാവക്കും ചരിത്രം പഠിപ്പിക്കാമെന്നായിരുന്നു. എന്നാൽ ഇന്ന് ഒരു പരിവത്തനം കണ്ടുതുടങ്ങിയിരിക്കുന്നു. ചരിത്രം പഠിപ്പിക്കുന്നതിന് ആ വിഷയത്തിൽ ബിരുദനേടിയിട്ടുള്ള വരെ തിരഞ്ഞെടുക്കുന്നു. പരിശീലനം ആവശ്യമാണെന്നു മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ പഠന രീതികളിൽ വലിയമാററമൊന്നും സംഭവിച്ചിട്ടില്ല.

കാണാപ്പാഠംപഠിക്കുന്ന ശീലത്തെ ഇല്ലാതാക്കണമെന്നും, പ്രായോഗികശീലം ഉണ്ടാക്കണമെന്നും കൂടക്കൂടെ പറയാറുണ്ട്. എന്നാൽ ഭരണാധികാരികൾ പ്രവൃത്തിപഥത്തിൽ ഏപ്പെടുന്നതുവരെ ഇവ ഇഷ്ടമുള്ള ശൈലികളായി നിലനില്ക്കയെ ഉള്ളൂ.

ശാസ്ത്രം അതിൻെറ ശാലയ്ക്കായി തുടരത്തുടരെ വിജയകരമായിപ്പോരാടിയതുപോലെ ചരിത്രപാഠാധ്യാപകനും അദ്ദേഹത്തിൻെറ അധ്യയനത്തിന് മാത്രമായി ഒരു പ്രത്യേക മുറിയുണ്ടായിരിക്കണം. ആ മുറിയിൽ താഴെ പറയുന്ന ഉപകരണങ്ങളും ഉണ്ടായിരിക്കണം.

൧. ഭിത്തികൾ ഇൻഡ്യയെപ്പററിയുള്ള താല്പര്യം ജനിപ്പിക്കുന്ന ചിത്രങ്ങളാൽ അലംകൃതമായിരിക്കണം. ഭാരതീയകലയേയും തച്ചുശാസ്ത്രത്തേയുംപററി കാണിക്കുന്ന പടങ്ങൾ ഇതിനു യോജിച്ചതാണ്.

൨. പടങ്ങൾ അത്യാവശ്യമാണ്. ഇംഗ്ലീഷുചരിത്രം യൂറോപ്പുചരിത്രം മുതലായവയെപ്പററിയുള്ള പടങ്ങൾ ശേഖരിക്കണം. അവകൊണ്ട് അധ്യാപകന് കുട്ടികളിൽ അവർ ജീവിക്കുന്ന വിസ്തൃതലോകത്തെപ്പററി ബോധം ജനിപ്പിക്കുന്നതിനും വിശാലമായ മനസ്ഥിതി ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണ്.

൩. ചരിത്രഗ്രന്ഥശാല. ഗ്രന്ഥശാലയിൽ പുസ്തകങ്ങൾ ശേഖരിക്കുന്നതിനായി ചരിത്രാധ്യാപകനെ കൊല്ലത്തിൽ കുറഞ്ഞതു അൻപതു രൂപയെങ്കിലും ഏല്പിക്കണം. അവിടെ പാഠപുസ്തകങ്ങൾ മാത്രം സംഭരിച്ചാൽ പോരാ. ചരിത്രസംബന്ധമായ പുതിയ പുസ്തകങ്ങൾ ശേഖരിക്കണം. ഒന്നോരണ്ടോ ചരിത്രമാസികകളും വരുത്തിയാൽ പുതിയ ലേഖനങ്ങൾ അദ്ദേഹത്തിനു വായിക്കാവുന്നതാണ്.

൪. കാഴ്ചബംഗ്ലാവുകൾ. തുച്ഛമായ ഒരു ചിലവിൽ ചരിത്രാധ്യാപകനു വിദ്യാലയത്തിലേക്ക് ഒരു കാഴ്ചബംഗ്ലാവുണ്ടാക്കാം. അയൽവക്കത്തുനിന്നും പുരാതന ചരിത്രരേഖകളുടെ പകർപ്പുകൾ ശേഖരിക്കാം. അടുത്തുള്ള കച്ചവടക്കാരിൽനിന്നും പഴയ നാണയങ്ങൾ സംഭരിക്കാം. പഴയതി

ളിയോലഗ്രന്ഥങ്ങൾ സമ്മാനങ്ങളായി സ്വീകരിക്കാം. കുട്ടികൾ ഇക്കാൎയ്യത്തിൽ സഹായം ചെയ്യുന്നതു് അഭിമാനമായി കരുതാറുണ്ടു്.

൫. ചരിത്രസംബന്ധമായ സന്ദൎശനങ്ങൾ:— ഇന്നു് സന്ദൎശനങ്ങൾ സാധാരണമായിത്തീൎന്നിട്ടുണ്ടു്. എന്നാൽ അവയെല്ലാം ചെപ്പിടിവിദ്യകൾ പോലെയാണു്. ചരിത്രപ്രാധാന്യം അവയ്ക്കില്ല. അദ്ധ്യാപകൻ കുട്ടികളെ ഒരു സ്ഥലത്തു കൊണ്ടുപോകുന്നതിനു മുമ്പെ ആ സ്ഥലത്തെപ്പററി എല്ലാക്കാൎയ്യവും അദ്ദേഹം അറിഞ്ഞിരിക്കണം. അദ്ദേഹം കാണിക്കുവാൻ പോകുന്നതിൻെറ ഒരു രൂപം തയാറാക്കുകയും, സന്ദൎശനംകൊണ്ടു് ഉദ്ദിഷ്ടഫലം സിദ്ധിച്ചോ എന്നു കണ്ടുപിടിക്കുകയും വേണം. നമ്മുടെ വിദ്യാലയങ്ങളിൽ സ്ഥലസംബന്ധമായ ചരിത്രം തീരെ ഉപേക്ഷിക്കപ്പെട്ടിരിക്കയാണു്. പാഠപുസ്തകവും പരീക്ഷക്കു വരാവുന്ന ചോദ്യങ്ങളും നമ്മെ ആക്രമിച്ചിരിക്കുന്നതുകൊണ്ടു് നമ്മുടെ അയൽവക്കത്തുള്ള പല രമണീയവസ്തുക്കളും നമ്മുടെ ശ്രദ്ധക്കു വിഷയീഭവിക്കുന്നില്ല.

മായാദീപപ്രദൎശനം; ചരിത്രമുറിക്കു് അതിൻെറ ചിത്രങ്ങൾ ഉണ്ടായിരിക്കണം. അദ്ധ്യാപകൻ ഛായ എടുക്കാൻ പഠിക്കണം. സ്വന്തമായി ചിത്രങ്ങൾ ഉണ്ടാക്കണം. അല്പം സങ്കല്പശക്തിയുള്ള ഒരു അദ്ധ്യാപകനു് നമ്മുടെ എത്രയൊ ശീലങ്ങളും സാമുദായികവും മതപരവുമായ എത്രയൊ ആചാരങ്ങളും ക്ലാസ്സുമുറിയിലുള്ള വിവിധതരക്കാരായ കുട്ടികൾക്കു അറിഞ്ഞുകൂടാ എന്നു് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. പരസ്പരവിശ്വാസത്തിൻെറ ഫലമായ സമഭാവന വളൎത്തുന്നതിനു്, ഒരു മനുഷ്യൻെറ ജീവിതത്തിലെ ഏററവും പ്രധാനമായ വിദ്യാൎത്ഥിജീവിതഘട്ടത്തിൽ പരസ്പരവിശ്വാസത്തിനുള്ള സന്ദൎഭങ്ങൾ സൃഷ്ടിച്ചാൽ മാത്രമെ സാധിക്കയുള്ളു. അങ്ങനെയുള്ള സന്ദൎഭങ്ങൾ ചരിത്രാദ്ധ്യാപകനു് സൃഷ്ടിക്കുവാൻ കഴിയുന്നതാണു്.

ഇവയാണു് ചരിത്രാദ്ധ്യയനത്തിൽ ഉടനടി വരുത്തേണ്ടതായ ചില പൎയ്യവേക്ഷണരീതികൾ. ഈ രീതികൾ സ്വീകരിക്കുന്നതായാൽ അദ്ധ്യാപകൻെറ സമയം കൂടുതൽ ആവശ്യമായിരിക്കും. ശാസ്ത്രാദ്ധ്യാപകനെപ്പോലെ ചരിത്രാദ്ധ്യാപകനും പാഠസജ്ജീകരണവും മററും ആവശ്യമാണെന്നു് പ്രഥമാദ്ധ്യാപകന്മാർ ധരിക്കണം. അദ്ധ്യയനരീതികൾ മാററാതിരിക്കുന്നിടത്തോളംകാലം ചരിത്രാഭ്യസനത്തെ പാഠപുസ്തകവും പരീക്ഷയും ആക്രമിച്ചു് ഭൂതബാധപോലെ വച്ചുകൊണ്ടിരിക്കുവാനിടയുണ്ടു്.

## വിദ്യാൎത്ഥികളുടെ ആരോഗ്യം.

പഞ്ചാബ് നിയമനിൎമ്മാണസഭാദ്ധ്യക്ഷനായ സർ സഹാബുദിൻ ഇങ്ങനെ പറയുന്നു.

"ഞങ്ങൾ പഠിച്ചിരുന്ന കാലത്തു് ഇന്നത്തേപ്പോലെ ഇത്രവളരെ

കായികവിനോദങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ഞങ്ങളുടെ ആരോഗ്യം ഇന്നത്തെ ജനപരമ്പരയുടേതിനേക്കാൾ വളരെ നന്നായിരുന്നു."

### ആധുനികവിദ്യാഭ്യാസത്തിൻെറ പരാജയം.

ബങ്കാളത്തിലെ അദ്ധ്യാപകമഹായോഗത്തിൽ അദ്ധ്യക്ഷം വഹിച്ച ഡാക്ടർ മഹമ്മദ് ഷാഹിദുള്ളയുടെ പ്രസംഗത്തിലെ ഒരു ഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്.

"ആധുനിക വിദ്യാഭ്യാസസമ്പ്രദായം ഒരു വലിയ പരാജയമാകുന്നു. അത് "മനുഷ്യരെ" സൃഷ്ടിക്കുന്നില്ല. പണം സമ്പാദിക്കുവാനുള്ള യന്ത്രങ്ങളെയാണ് ഉല്പാദിപ്പിക്കുന്നത്. ഇൻഡ്യഒഴിച്ച് മററു രാജ്യക്കാർക്കെല്ലാം അവിടത്തെ ജനങ്ങൾക്കു യോജിച്ച വിദ്യാഭ്യാസസമ്പ്രദായമുണ്ട്. ഇൻഡ്യയിലെ വിദ്യാഭ്യാസാധികൃതന്മാർക്ക് ഇവിടത്തെ വിദ്യാഭ്യാസകാര്യങ്ങളെപ്പററി വ്യക്തമായ അറിവുണ്ടായിരുന്നില്ല. ഒരു വിദേശഭാഷയിൽക്കൂടി വിദ്യാഭ്യാസം നൾകുന്ന ലോകത്തിലെ ഏകരാജ്യം ഇൻഡ്യ മാത്രമാകുന്നു."

### ഗ്രാമീണവിദ്യാലയങ്ങൾ എന്തു പഠിപ്പിക്കണം.?

പ്രൊഫസർ വി. ജി. രാമകൃഷ്ണയ്യർ എം. എ., എൽ. ടി. എം. ആർ. ഇ. എസ്സ്. ദി ഇൻഡ്യൻ എഡ്യൂക്കേററർ എന്ന മാസികയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

ഈ രാജ്യത്തിലെ വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളുടെ എല്ലാം അടിസ്ഥാനം ഗ്രാമീണവിദ്യാലയങ്ങളാണ്. ഗ്രാമീണജീവിതത്തിലെ പല വിഭാഗങ്ങളിലും വിദ്യാലയം പ്രാധാന്യം വഹിക്കുന്നുണ്ട്. ഒരു മനുഷ്യൻ അറിയേണ്ടതെല്ലാം ഒരു വിദ്യാലയം പഠിപ്പിക്കണമെന്നില്ല. പള്ളിക്കൂടത്തിൽനിന്നും പഠിക്കുന്നതുപോലെ പുറത്തുനിന്നും പല കാര്യങ്ങളും മനസ്സിലാക്കുവാനുണ്ട്. പുറത്തുനിന്നും ഉത്തമരീതിയിൽ പഠിക്കാവുന്നതെല്ലാം പാഠപദ്ധതിയിലുൾപ്പെടുത്തുന്നത് ജീവശക്തിയെ നശിപ്പിക്കുകയാകുന്നു. ഒരു കാഷികനാവ്കലാശാല പശുവിനെ കറക്കേണ്ടതെങ്ങിനെയാണെന്നുകൂടി പഠിപ്പിക്കുമെന്നു നാം വിചാരിക്കാറില്ല. ഒരു കുട്ടിക്ക് പള്ളിക്കൂടത്തിൽനിന്നും പഠിക്കുന്നതുപോലെതന്നെ പുറത്തുനിന്നും പഠിക്കാം. ഒരു നിയമവിദ്യാൎത്ഥി, ഒരു വക്കീലറിയേണ്ട എല്ലാ കാര്യങ്ങളും നിയമകലാശാലയിൽനിന്നും പഠിക്കുവാൻ ശ്രമിക്കയില്ല. തൽസംബന്ധമായ അറിവ് നിയമ

കലാശാലയിൽനിന്നും, നിയമനിർമ്മാണതുറയിൽനിന്നും, കോടതികളിൽ നിന്നും, മററും നേടാവുന്നതാണ്. ഭിഷഗ്വരൻെറ കഥയും ഇതുതന്നെ. അതുപോലെ ഒരു ഗ്രാമവിദ്യാലയം ഗ്രാമീണർ അറിയേണ്ട എല്ലാ കാൎയ്യങ്ങളും പഠിപ്പിക്കണമെന്നില്ല. ഒരു ഗൃഹത്തിൽനിന്നൊ, കൃഷിസ്ഥലത്തുനിന്നൊ പഠിക്കുവാൻ സാധിക്കാത്ത കാൎയ്യങ്ങൾ അതു പഠിപ്പിച്ചാൽ മതി. ഗ്രാമവിദ്യാലയത്തിലെ പാഠപദ്ധതി, നല്ല മാനസികവാസനകളും സൃഷ്ടിപരമായ ആഗ്രഹങ്ങളും ഉണ്ടാക്കുന്ന ഉദ്ദേശത്തോടു കൂടിയതായിരുന്നാൽ മാത്രമെ അതിന് ആ പേരിനു അൎഹതയുള്ളു. ആദ്യമായി അത് സമീപദേശത്തോട് ഭക്തിയുണ്ടാക്കുവാൻ ശ്രമിക്കണം. ഉത്തമമായ ഒരു പരിസരം സൃഷ്ടിക്കുവാനുള്ള ആഗ്രഹം ഉണ്ടാക്കണം. താല്ക്കാലികങ്ങളായ ആശയങ്ങളെ ത്യജിച്ച് സാമുദായികാഭിവൃദ്ധിയെ ലാക്കാക്കി പ്രവൎത്തിക്കുവാൻ പരിശീലിപ്പിക്കണം. ഇതിന് ഡൻമാൎക്കിലെ ഗ്രാമീണവിദ്യാലയങ്ങൾ ഉത്തമോദാഹരണങ്ങളാണ്. അവിടെ സാങ്കേതികമായ കാൎഷികവൃത്തി പഠിപ്പിക്കുന്നു എന്നുള്ളതല്ല പ്രധാനമായിട്ടുള്ളത്. അതു കുറച്ചുമാത്രമെ പഠിപ്പിക്കുന്നുള്ളു. ഗ്രാമീണപുനസ്സംഘടനയെപ്പററിയൊ സഹകരണത്തെപ്പററിയൊ പഠിപ്പിക്കുന്നത് അവർ പ്രധാനമായി കരുതുന്നില്ല. അതും കുറച്ചുമാത്രമെ പഠിപ്പിക്കുന്നുള്ളു. എന്നാൽ അവിടത്തെ കൎഷകന്മാർ മററുരാജ്യങ്ങളിലുള്ളവരേക്കാൾ ഉത്തമമായി സംഘടിച്ചിട്ടുള്ളവരാണ്. ഏറ്റവും പ്രധാനമായ സംഗതി ഗ്രാമീണവിദ്യാലയങ്ങൾ ദേശീയഭക്തിയെ മാത്രമല്ല-വിദ്യാൎത്ഥികൾ അധിവസിക്കുന്ന ദേശത്തോടുള്ള ഭക്തിയേയും-പോഷിപ്പിക്കുന്നു എന്നുള്ളതാണ്. ഉത്തമരായ ഗ്രാമീണരെ സൃഷ്ടിക്കുന്നതുപോലെ ഉത്തമമായ ഒരു ഡൻമാൎക്കിനേയും സൃഷ്ടിക്കുവാനുള്ള ആഗ്രഹം വിദ്യാൎത്ഥികളിൽ ജനിപ്പിക്കുന്നു. അങ്ങനെയുള്ള ഒരു ആഗ്രഹം ഉണ്ടാക്കിയാൽ ഉത്തമമായ സമുദായസംഘടന തന്നെ ഉണ്ടാകുന്നതാണ്.

കാൎഷികമായ സാങ്കേതികവിഷയങ്ങളിൽ വളരെ ശ്രദ്ധിക്കേണ്ടതാണെങ്കിലും, ഗ്രാമീണരുടെ സാമുദായികരൂപീകരണത്തിലും ശ്രമിക്കേണ്ടതു തുല്യപ്രാധാന്യമുള്ളതൊ കൂടുതൽ പ്രാധാന്യമുള്ളതൊ ആണ്. ഏതാണ് ഉത്തമരീതിയിലുള്ള രൂപീകരണം എന്നു മനസ്സിലാക്കുന്നതുകൊണ്ടു മാത്രം അത് സാധിക്കുന്നതല്ല. "ഭൂമിയിലേക്കു തിരിച്ചുപോകുക" എന്നു പറഞ്ഞതുകൊണ്ടു മാത്രം ശരിയായ ഒരു ഗ്രാമീണസമുദായരൂപീകരണവും ഉണ്ടായിട്ടില്ല. അങ്ങനെ രൂപീകരിക്കാവുന്ന മനസ്സുള്ളവർ കൂടി ഉണ്ടായിരിക്കണം. സാങ്കേതികമായ കാർഷികവൃത്തിയെപ്പററിയുള്ള അഭിവൃദ്ധി മുഴുവനും ഒരുക്കൂട്ടം ആളുകൾക്ക് അല്പസമയംകൊണ്ടു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ഒരു ഗ്രാമീണമനസ്ഥിതിയും കൃഷിചെയ്യുന്ന

തിലുള്ള ആഗ്രഹവും ഗ്രാമീണജീവിതത്തിന്റെ വിജയവും അന്തസ്സും ഉണ്ടാക്കുവാൻ വളരെ പ്രയാസമാണ്. പട്ടണത്തിൽ സ്ഥിരമായി താമസിക്കുവാനാഗ്രഹിക്കുന്ന ഒരാൾ, ഗ്രാമങ്ങളിൽമാത്രം ഉണ്ടാകുന്ന സാധനങ്ങൾ കൂടാതെ കഴിയുവാൻ നിശ്ചയിക്കുന്നു. പട്ടണങ്ങളിലെ സാധനങ്ങൾ വിലയേറിയതെന്നൊ അല്ലെന്നൊ, ഗ്രാമങ്ങളിലെ സാധനങ്ങൾ വിലയേറിയതെന്നൊ അല്ലെന്നൊ ചിന്തിക്കേണ്ട ആവശ്യമില്ല. പട്ടണങ്ങൾ ഗ്രാമങ്ങളെ ചവിട്ടിത്താഴ്ത്തുന്നു. പലരും നഗരത്തിന്റെ ഗുണങ്ങളെപ്പററി പ്രസംഗിക്കാറുണ്ട്. അതുകൊണ്ട് ഗ്രാമീണമനസ്ഥിതിയുള്ള അധ്യാപകന്മാരെ പരിശീലിപ്പിക്കുവാൻ ഒരു ശ്രമംചെയ്യേണ്ടതു് ആവശ്യമാണ്. ഈ വിഷയത്തിൽ പഞ്ചാബ് അല്പം ശ്രമിച്ചിട്ടുണ്ട്.

നാട്ടിൻപുറങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസത്തേക്കാൾ പ്രായമായവരുടെ വിദ്യാഭ്യാസമാണ് ഒരുതരത്തിൽ പ്രധാനമായിട്ടുള്ളതു്. ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതും വീക്ഷണഗതിയെ വിശാലമാക്കുന്നതുമായ സാമാന്യവിദ്യാഭ്യാസം ഗ്രാമീണകുട്ടികൾക്ക് ആവശ്യമാണെന്നുള്ളതിനു സംശയമില്ല. വയലിലെ താല്ക്കാലികജോലി പരിശീലിപ്പിക്കുന്ന പ്രായോഗികവിദ്യാഭ്യാസം പ്രധാനമായി പ്രായമായവരുടെ വിദ്യാഭ്യാസത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതു്. അതു് പ്രധാനമായി വിദ്യാലയത്തിനു പുറത്താണ് നിർവ്വഹിക്കേണ്ടതു്. പ്രായമായവരെപ്പോലെ ചെറുപ്പക്കാർ കൃഷി എങ്ങനെ പരിഷ്കരിക്കണമെന്നു അറിയുന്നതിൽ ശ്രദ്ധിക്കാറില്ല. തന്റെ കൃഷിയെ പ്രാണികൾ ഉപദ്രവിക്കുന്നതു കാണുമ്പോൾ കൃഷിക്കാരനു് അതു തടയുന്നതെങ്ങിനെയെന്നറിവാൻ കുട്ടിയേക്കാൾ കൂടുതൽ ഉൽക്കണ്ഠയുണ്ടായിരിക്കും. അതുകൊണ്ട് അങ്ങനെയുള്ള പ്രായോഗികവിദ്യാഭ്യാസത്തിൽ കുട്ടികളേക്കാൾ പ്രായമായവരിൽനിന്നാണ് നമുക്കു നല്ല ഫലങ്ങൾ ലഭിക്കാവുന്നതു്. കാർഷികവിദ്യാലയങ്ങളേയും കാർഷികവിദ്യാഭ്യാസത്തേയും പററി നാം ധാരാളം സംസാരിക്കാറുണ്ട്. എന്നാൽ ഗ്രാമീണവിദ്യാലയങ്ങളിൽ കുട്ടികൾക്കു പ്രത്യേകാഭ്യസനവും, പ്രായമായ കർഷകന്മാർക്ക് പുറത്തുവച്ചു പ്രത്യേകവിദ്യാഭ്യാസവും വേണമെന്നുള്ളതു് അധികംപേരും മനസ്സിലാക്കിയിട്ടില്ല. പ്രായമായ കർഷകന്മാരെ അവരുടെ താല്ക്കാലികവിഷയത്തെപ്പററി പഠിപ്പിക്കുന്നതു് എളുപ്പമൊ പണച്ചിലവില്ലാത്തതൊ അല്ല. അടുത്തടുത്തുള്ള ഗ്രാമങ്ങളെ ഒന്നിച്ചുചേർത്തു്, അവിടത്തെ കർഷകന്മാരെ സംഘടിപ്പിച്ച് ഒരു പ്രവർത്തനപദ്ധതി ഏർപ്പെടുത്തുന്നതു് പ്രായമായ ഗ്രാമീണരുടെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമായിരിക്കേണ്ടതാണ്.

കുട്ടിയെ അപഗ്രഥനം ചെയ്തിരിക്കുന്നു.

സർ. ആർതർ. കെ. യാപ്പ് എന്ന ആൾ ഒരു സാധാരണവിദ്യാർത്ഥിയെ ഇങ്ങനെ അപഗ്രഥിച്ചിരിക്കുന്നു.

അഞ്ചുശതമാനം ശീമത്തരം.
അഞ്ചുശതമാനം അഹങ്കാരം.
അഞ്ചുശതമാനം ധീരത.
പത്തുശതമാനം നിശ്ചലത്വം.
പത്തുശതമാനം സത്യം.
പത്തുശതമാനം ഭീരുത്വം. (കായികമായ ഭയത്തേക്കാൾ അയാളെപ്പററി കൂട്ടുകാർ എന്തുവിചാരിക്കുമെന്നുള്ള ഭയമാണ്.)
ഇരുപതുശതമാനം സ്വാർത്ഥതയും, വാശിയും, ആഗ്രഹവും.
ഇരുപതുശതമാനം പ്രവൃത്തിതല്പരതയും തള്ളിച്ചയും.

## പുസ്തകാഭിപ്രായം.

### ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും.

ഗ്രന്ഥകർത്താ:— രാമവർമ്മ അപ്പൻതമ്പുരാൻ.
കേരളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.
വില 12 അണ.

സംഗീതവും സാഹിത്യവും ഒരാളിൽ തികഞ്ഞുകാണുവാൻ പ്രയാസമാണ്. അതുകൊണ്ടാണ് സംഗീതഗുണമില്ലാത്തവർ വൃത്തമൊപ്പിച്ചു അക്ഷരം ശരിപ്പെടുത്തി രചിക്കുന്ന കവിതകൾ ശ്രവണസുഖത്തെ നൾകാത്തത്. കവിതാവാസനയുള്ള ഒരാളിൽ സംഗീതരസികത്വവും കൂടി ഉണ്ടായിരുന്നാൽ അയാൾ രചിക്കുന്ന കവിതകൾ ആസ്വാദ്യങ്ങളായിരിക്കും. ഇതെല്ലാം ഇന്നു മലയാളസാഹിത്യലോകത്തിൽ മലവെള്ളംപോലെ പെരുകിവരുന്ന കവിതകൾ വ്യക്തമായി തെളിയിക്കുന്നുണ്ട്. എന്നാൽ ഭാഷാസാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠിതനും കേരളീയരുടെ നിഷ്കളങ്കമായ സ്നേഹത്തിനു പാത്രീഭൂതനും ആയ അപ്പൻതമ്പുരാൻ തിരുമനസ്സിൽ ഈ രണ്ടു വിശിഷ്ടഗുണങ്ങളും തെളിഞ്ഞുകാണുന്നുണ്ട്. തന്നിമിത്തം അദ്ദേഹ

ത്തിന്റെ ഗദ്യപദ്യങ്ങൾക്കുള്ള ആസ്വാദ്യത ഒന്നു പ്രത്യേകംതന്നെയാണ്.

ഞങ്ങളുടെ അഭിപ്രായത്തിനു വിഷയീഭവിച്ചിട്ടുള്ള "ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും" എന്ന അപ്പൻതമ്പുരാൻ തിരുമനസ്സിലെ നൂതനഗ്രന്ഥം, ദ്രാവിഡവൃത്തങ്ങളുടെ ശരിയായ ജ്ഞാനംകൂടാതെ ആ വൃത്തങ്ങളിൽ ഗാനങ്ങൾ നിർമ്മിക്കുന്ന ഇക്കാലത്ത്, സന്ദർഭാനുസൃതമായിത്തന്നെയാണ് ആവിർഭവിച്ചിരിക്കുന്നതെന്നു പറയുവാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. മദിരാശി സർവ്വകലാശാലയിൽ ചെയ്ത ഒരു പ്രസംഗപരമ്പരയാണ് ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു ഗ്രന്ഥം ഇതിനുമുമ്പ് ആരും നിർമ്മിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. മലയാളം, തമിഴ്, തെലുങ്ക്, കന്നടകം മുതലായ ഭാഷകളിലുള്ള പാട്ടുകളെപ്പററി ഗ്രന്ഥകർത്താവ് കൂലങ്കഷമായ അറിവു സമ്പാദിച്ചതിനുശേഷമാണ് ഈ ഗ്രന്ഥം നിർമ്മിച്ചതെന്ന് അതു സ്പഷ്ടമാക്കുന്നുണ്ട്. "എല്ലാ ഭാഷകളിലുമുള്ള സാഹിത്യസന്തതി ആദിയിൽ ഗാനരൂപത്തിലാണ് അവതരിച്ചിട്ടുള്ള"തെന്നും, "നാദാത്മകമായ പ്രണവമാകുന്ന ശബ്ദപ്രപഞ്ചത്തിന്റെ മൂലം" എന്നും, "സാമമാണ് ആദിവേദമെന്നും" ഗ്രന്ഥകർത്താവ് ഉപന്യസിച്ചിരിക്കുന്നു. സംഗീതവും സാഹിത്യവും തമ്മിലുള്ള സുദൃഢബന്ധത്തെ സ്പഷ്ടമാക്കിയതിനുശേഷം ദ്രാവിഡഭാഷാസാഹിത്യങ്ങളിലുള്ള പാട്ടുകളുടെ സമ്പ്രദായത്തേയും അവയിൽ ഉണ്ടായിട്ടുള്ള ദശാപരിണാമങ്ങളേയും ചൂണ്ടിക്കാണിക്കുന്നുണ്ട്. അവിടവിടെയായി ഉദ്ധരിച്ചിട്ടുള്ള മലയാളത്തിലെ പലതരത്തിലുള്ള പാട്ടുകൾ ഹൃദ്യങ്ങളായിരിക്കുന്നു. ഗ്രന്ഥത്തിലെ എല്ലാ ഭാഗങ്ങളും ഒരുപോലെ പ്രാധാന്യമർഹിക്കുന്നവയായതുകൊണ്ട് ഗ്രന്ഥത്തെപ്പററി കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. വിശേഷിച്ച് എം. രാജരാജവർമ്മതമ്പുരാൻ എം. എ, ബി. എൽ. ഈ ഗ്രന്ഥത്തെപ്പററി പണ്ഡിതോചിതമായ രീതിയിൽ ഒരു വിമർശനം എഴുതി 'ഗുരുനാഥ'നിൽ പ്രസിദ്ധീകരിച്ചിരുന്നത് വായനക്കാരുടെ ദൃഷ്ടിക്കു വിഷയീഭവിച്ചിരിക്കുമല്ലൊ. കേരളീയരെല്ലാം—പ്രത്യേകിച്ച് ഇന്നത്തെ കവികൾ-ഈ ഗ്രന്ഥം മനസ്സിരുത്തി വായിച്ചുനോക്കണമെന്ന് അഭിപ്രായപ്പെടുവാൻ ഞങ്ങൾക്കു സന്തോഷം തോന്നുന്നുണ്ട്. പ്രസ്തുതഗ്രന്ഥം ഭാഷാസാഹിത്യത്തിനു വിലയേറിയ ഒരു സമ്പാദ്യമാണെന്നുള്ളതിനു സംശയമില്ല.

## നോവൽസാഹിത്യം

ഗ്രന്ഥകർത്താ:— എം. പി. പോൾ എം. എ.
സെൻറ്. തോമസ്സ് കാളേജ് —തൃശ്ശിവപേരൂർ.

വില 1 ക.

മലയാളഭാഷാസാഹിത്യത്തിൽ നോവലുകൾ ധാരാളമായി വർദ്ധിച്ചുവരുന്ന ഒരു കാലമാണല്ലൊ ഇത്. നോവൽകർത്താക്കന്മാരെല്ലാം ഈ സാ

ഹിത്യവിഭാഗത്തെപ്പററി വേണ്ട അറിവു സമ്പാദിച്ചിട്ടാണോ നോവൽനിൎമ്മാണത്തിന് ഒരുങ്ങുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. "കഥ, നോവൽ മുതലായ ആഖ്യാനവിധാനങ്ങളുടെ സമഗ്രമായ നിരൂപണ"മായി സങ്കല്പിച്ചിട്ടുള്ള ഈ "നോവൽസാഹിത്യം" നാനാതരത്തിലും കേരളീയൎക്കു ഉപയോഗപ്രദമായിത്തീരുവാനിടയുണ്ട്. പ്രസ്തുതഗ്രന്ഥത്തിൽ വസ്തുനിൎണ്ണയം, കഥ ഇതിവൃത്തം, ഇതിവൃത്താഘടനം, പരിണാമഗുപ്തി, വസ്തുവിഭാഗം, പാത്രവിവരണം, ആദൎശം, അന്യാപദേശം, ഭാഷാനോവൽ എന്നിത്രയും വിഭാഗങ്ങൾ അടങ്ങിയിട്ടുണ്ട്. ഗ്രന്ഥത്തിൽ അഭിപ്രായവ്യത്യാസത്തിനിടയാക്കുന്ന പല കാൎയ്യങ്ങളുമുണ്ടെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. ഉദ്ധരിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളിൽ ഭൂരിപക്ഷവും ഇംഗ്ലീഷുസാഹിത്യത്തിൽ നിന്നാകയാൽ അതു മലയാളികളെ എപ്രകാരമാണ് സഹായിക്കുന്നതെന്ന് ഞങ്ങൾക്കറിഞ്ഞുകൂട. ആ ഭാഷാസാഹിത്യത്തിൽ ഗ്രന്ഥകൎത്താവിന് നല്ല പരിചയമുണ്ടെന്ന് അതു തെളിയിക്കുന്നുണ്ട്. മലയാളനോവലുകൾ ഇംഗ്ലീഷുനോവലുകളെ പൂൎണ്ണമായി അനുകരിക്കണമെന്നാണോ ഗ്രന്ഥകൎത്താവിൻെറ ഉദ്ദേശം എന്നുകൂടി ചിലപ്പോൾ തോന്നിപ്പോകും. ദൃഷ്ടാന്തങ്ങൾ മിക്കതും മലയാളനോവലുകളിൽനിന്നു തന്നെ ഉദ്ധരിച്ച് ഇതു ഒരു പൂൎണ്ണമലയാളഗ്രന്ഥമാക്കാൻ ഗ്രന്ഥകൎത്താവു് കുറേക്കൂടി ശ്രമിക്കേണ്ടതായിരുന്നു.

ഭാഷാനോവലുകളെപ്പററിയുള്ള മി: പാളിൻെറ അഭിപ്രായങ്ങൾ സ്വതന്ത്രങ്ങളാണെങ്കിലും എല്ലാം ശരിയാണെന്നു നിൎമ്മത്സരന്മാരായ ഭാഷാഭിമാനികൾ സമ്മതിക്കുമെന്നു തോന്നുന്നില്ല. മലയാളത്തിലുള്ള മിക്ക നോവലുകളും ഇംഗ്ലീഷിൻെറ അനുകരണം അല്ലെങ്കിൽ തൎജ്ജിമ എന്നാണ് അദ്ദേഹം മനസ്സിലാക്കിക്കാണുന്നത്. മാൎത്താണ്ഡവൎമ്മ സ്കാട്ടിൻെറ ഐവൻഹൊ, ഗൈമാനറിങ്ങ് ഷെക്സ്പിയരുടെ കിങ്ങ്ലിയർ മുതലായ ഒട്ടേറെകം കൃതികളുടെ അനുകരണമാണെന്നാണ് ഗ്രന്ഥകൎത്താവിൻെറ അഭിപ്രായം. ഓരോ പാത്രവും ഓരോ സംഭവവും ഓരോരൊ ഇംഗ്ലീഷുനോവലുകളിൽ ഉണ്ടെന്നു പറയുന്നു. മാൎത്താണ്ഡവൎമ്മയിലെ ഓരോ വാക്യവും വാക്കും ഓരോ ഇംഗ്ലീഷുപുസ്തകത്തിലും ഉണ്ടെന്ന് പറയാതിരുന്നതു ഭാഗ്യമായി. ഡെമ്മി മൂന്നും ഭാഗങ്ങളുള്ള ഒരു പുസ്തകത്തിൻെറ പരിധികളിൽ സംഗ്രഹിക്കത്തക്ക ഒരു കഥാവസ്തുവല്ല മാൎത്താണ്ഡവൎമ്മയിൽ ഉള്ളതു് എന്നു ഗ്രന്ഥകൎത്താവു പറയുന്നു. അതുകൊണ്ടെന്താണ് ദോഷം? രാമരാജബഹദൂർ, ധൎമ്മരാജ, പ്രേമാമൃതം എന്നീ നോവലുകളെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളോടെല്ലാം ഞങ്ങൾ യോജിക്കുന്നില്ല. "ധൎമ്മരാജ, രാമരാജബഹദൂർ എന്നീ ആഖ്യായികകളിൽ നിന്ന് അക്കാലത്തുണ്ടായിരു

ന്ന ജനസാമാന്യത്തിൻെറ ജീവിതരീതിയെപ്പററിയൊ ആചാരാനുഷ്ഠാനങ്ങളെപ്പററിയൊ നമുക്ക യാതൊന്നും ഗ്രഹിക്കുവാൻ നിവ്വാഹമില്ല" എന്നു പറയുന്നു. മനസ്സിരുത്തിയാൽ കുറെയെല്ലാം ഗ്രഹിക്കുവാൻ കഴിയുമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

അപ്പൻതമ്പുരാൻതിരുമനസ്സിലെ ഭാസ്കരമേനോൻ, ഭൂതരായർ എന്നീ ആഖ്യായികകളെപ്പററിയുള്ള മി: പാളിൻെറ അഭിപ്രായത്തേയും പരിശോധിക്കേണ്ടിയിരിക്കുന്നു. അപ്പൻതമ്പുരാൻെറ ഗദ്യരചനാചാതുരിയെ സമ്മതിക്കുന്നുണ്ടെങ്കിലും ആഖ്യാനപാടവത്തെ വകവച്ചുകൊടുക്കുവാൻ ഗ്രന്ഥകത്താവു തയാറില്ല. "വൈരസ്യവും ആലസതയും കൂടാതെ 'ഭൂതരായരൊ ഭാസ്കരമേനവനൊ വായിച്ചിട്ടുള്ളവർ ഇല്ലെന്നു പറയുവാൻ ധൈയ്യംതോന്നുന്നുണ്ട്" ഈ അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല

"കഥാപാത്രങ്ങൾ കേവലം യന്ത്രപ്പാവകളാണ്. മനുഷ്യഹൃദയത്തിൻെറ വ്യാപാരങ്ങൾ സ്പഷ്ടമാക്കി, സജീവപാത്രസൃഷ്ടി ചെയ്യുന്നതിനുള്ള പാടവം ഗ്രന്ഥകാരന് ഒട്ടുംതന്നെയില്ലെന്നു പറയേണ്ടിയിരിക്കുന്നു" എന്നാൽ കേരളത്തിലെ ഒരു പ്രസിദ്ധനിരൂപകനും സാഹിത്യരസികനും ഇംഗ്ലീഷ് സംസ്കൃതം മുതലായ ഭാഷകളിൽ നല്ല പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ആളും ആയ ഒരു മാന്യൻെറ ഈ സംഗതിയെ സംബന്ധിച്ചുള്ള അഭിപ്രായംകൂടി നോക്കുക:— "കഥാഗതി പാത്രരചന, ഗദ്യരീതി, ആദശ്ശുദ്ധി മുതലായവയെ അടിസ്ഥാനപ്പെടുത്തിയാണ് വിമശ്കന്മാർ ഒരു ആഖ്യായികയെ നിരൂപണംചെയ്യുന്നത്. ഇവയെല്ലാം ഈ ചെറിയ ഗ്രന്ഥത്തിൽ (ഭാസ്കരമേനോനിൽ) അത്ഭുതകരമായ പരിപൂണ്ണതയോടുകൂടി കാണപ്പെടുന്നുണ്ട്................അപ്പുനെടങ്ങാടിയുടെ കഥാവൈചിത്ര്യം, ചന്തുമേനവൻെറ സാരസ്യം, സി. വി. യുടെ ഗാംഭീയ്യം, കുരുക്കളുടെ ആദശ്ശുദ്ധി എന്നി നാലു ഗുണങ്ങളും അപ്പൻതമ്പുരാൻ തിരുമനസ്സിലെ ആഖ്യായികകളിൽ കാണാവുന്നതാകുന്നു." വായനക്കാർ രണ്ടും ഒന്നു താരതമ്യം ചെയ്തു നോക്കുക! "എല്ലാവിധത്തിലും ഭാഷാഗദ്യത്തിൽ അഭൂതപൂവ്വവും, അത്ഭുതകരവും, അനഘവുമായ ഒരാഖ്യായികയാണ് ഭൂതരായർ" എന്നാണ് ഈ നിരൂപകൻെറ അഭിപ്രായം. അതുകൊണ്ട് പ്രസ്തുതനോവലുകളെക്കുറിച്ച് കേട്ടിട്ടുള്ള "മണ്ഡനം"ങ്ങളിലല്ല 'ഭീമമായഅബദ്ധം' അന്തർലീനമായിരിക്കുന്നതെന്നും, മി: പാൾ ആണ് വഴിപിഴച്ചു കാട്ടുകയറിപ്പോയതെന്നും ഞങ്ങൾ പറഞ്ഞുകൊള്ളുന്നു. ഇങ്ങനെ പല ഭാഗങ്ങളെപ്പററിയും ഞങ്ങൾക്കുള്ള അഭിപ്രായവ്യത്യാസങ്ങൾ വിസ്തരിച്ചു പ്രതിപാദിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും അതെല്ലാം രേഖപ്പെടുത്തുവാൻ പത്രപരിധി അനുവദിക്കുന്നില്ല. സൗകര്യം ലഭിക്കുന്നപക്ഷം, ഈ ഗ്രന്ഥത്തെപ്പററി സുദീർഘമാ

യ ഒരു നിരൂപണം പ്രസിദ്ധപ്പെടുത്തണമെന്ന് ഞങ്ങൾക്കു മോഹമുണ്ട്.

എന്നാൽ ഇങ്ങനെ അഭിപ്രായവ്യത്യാസം വളരെയുണ്ടെങ്കിലും, ഇത് വായിച്ചുനോക്കേണ്ട ഒരു പുസ്തകമാണെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

---

## Life work of Sree Aurobindo.

—:oOo:—

By Jotish Chandra Ghose. Atmashakti Library; 15 College Square; Calcutta.

We have great pleasure in reviewing this book which contains the life history of Sree Aurobindo Ghose, the philosophic exile at Pondichery. There are very few men who have made so deep and abiding an impression on the history of Modern India as this Bengali sage. As a patriot, politician, literator, educationist and philosopher Sree Aurobindo has achieved undying fame. It is no easy task to write the life history of such a many sided genius and magnetic personality as our hero. Aurobindo will ever be remembered in the famous words of C. R. Das "As the Poet of Patriotism, as the Prophet of Nationalism and as the Lover of Humanity." The book gives an account of the stirring days of the Swadeshi movement and a brief exposition of Aurobindo's synthetic philosophy and Sadhana, We should all be indebted to Jotish Chandra Ghose for bringing out such an excellent biography as this. The style is lucid. It is both well written and well got up. We strongly recommend this book to the youth of India who stand in need of inspiration at this critical juncture.